സദ്ഭാവന
ഓൺലൈനിൽ വായിക്കുവാൻ
ക്യു.ആർ കോഡ് സ്കാൻ ചെയ്യുക

സദ്ഭാവന

YouTube
ശ്രീ. ബി.എസ്. ബാലചന്ദ്രൻ രചിച്ച
ശ്രീമഹാരാമായണം
കേൾക്കുവാനും വായിക്കുവാനും
സന്ദർശിക്കുക
യൂട്യൂബ് ചാനൽ
Jaihind Bharat Voice

പ്രതിമാസ മലയാള വാർത്താപത്രം | SATHBHAVANA | The Monthly Malayalam Newspaper

പുസ്തകം 25 ലക്കം 10 തിരുവനന്തപുരം 2026 ഒക്ടോബർ 10 പേജ് 8 വില 20 രൂപ RNI Reg. No. KERMAL /2002/7358

വേഗത്തിലറിയാൻ



ആൽബം -08

വിശ്വാസ ശബ്ദമായി ഒരു ലോകഭാഷ അറബി ഭാഷ ചരിത്രവും സംസ്കാരവും- 01

ബി.എസ്. ബാലചന്ദ്രൻ

അർഹതക്ക് അംഗീകാരം 'ഭാരത് സേവക്' ബഹുമതി നൽകി ആദരിച്ചു -03, 04, 05, 06

എഴുത്തിന്റെ ആദരങ്ങൾ മൂർത്തിദേവി പുരസ്കാരം: സാഹിത്യത്തിന്റെ അന്തസ്സ് ഉയർത്തിപ്പിടിക്കുന്ന പുരസ്കാരം - 06

നവരാത്രി പൂജകൾക്ക് തലസ്ഥാനം ഒരുങ്ങി - 07

ഗാന്ധിജിയും യുവതലമുറയും- 07

വിശ്വാസ ശബ്ദമായി ഒരു ലോകഭാഷ

അറബി ഭാഷ ചരിത്രവും സംസ്കാരവും

ബി.എസ്. ബാലചന്ദ്രൻ

മലയാളിക്ക് അറബി ഭാഷ അന്യമല്ല. കേരളത്തിലെ ജനങ്ങളിൽ ഗണ്യമായ ഭാഗം അറബി നാടുകളിൽ പണിയെടുക്കുന്നവരാണ്. അവരെല്ലാം മലയാള ഭാഷപോലെ അറബി ഭാഷയും കൈകാര്യം ചെയ്യുന്നു.

പള്ളികളിൽ നിന്നുയർന്നുകേൾക്കുന്ന അറബി ഭാഷയിലുള്ള 'ബാങ്കുവിളി' കേട്ടാണ് മലയാളികളിൽ നല്ലൊരു ശതമാനം പേരും രാവിലെ ഉറക്കമുണരുന്നത്.

വിശ്വാസികളെ അഞ്ചു നേരത്തെ നിർബന്ധ നമസ്കാരത്തിനായുള്ള ക്ഷണമാണ് 'ബാങ്കുവിളി'. (അറബി ഭാഷയിൽ 'അദാൻ') അറബി ഭാഷയിൽ പരിജ്ഞാനമില്ലാത്തവർക്കും ബാങ്കുവിളിയിലെ മിക്കവാറും വാക്കുകൾ ഹൃദിസ്ഥമാണ്. 'അല്ലാഹു ഏറ്റവും വലിയവനും മഹാനുമാകുന്നു' എന്നർത്ഥം വരുന്ന 'അല്ലാഹു അക്ബർ; അല്ലാഹു അക്ബർ' എന്ന ആദ്യവരിയും, 'അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ലെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു- സാക്ഷ്യം വഹിക്കുന്നു' എന്നർത്ഥം



വരുന്ന 'അശ്ഹദു അൻലാ ഇലാഹ ഇല്ലല്ലാഹ്' എന്ന ബാങ്കുവിളിയിലെ രണ്ടാമത്തെ വരിയും നിത്യേന കേൾക്കുന്നു എന്നതുകൊണ്ടുതന്നെ മിക്കവാറും എല്ലാവർക്കും അതറിയാം. അതായത് മലയാളികളിൽ നല്ലൊരു പങ്കിനും അറബി ഭാഷയുമായി നിത്യബന്ധമാണുള്ളതെന്ന് സാരം.

ലോകത്തെ 26 രാജ്യങ്ങളിലെ ഔദ്യോഗിക ഭാഷയാണ് അറബി ഭാഷ. ഐക്യരാഷ്ട്രസഭയിലെ 6- ഔദ്യോഗിക ഭാഷകളിൽ ഒന്നും. അറബ് ലോകത്തിലെ പ്രധാന ഭാഷയാണിത്. അറബ് ലോകത്ത് ഏതാണ്ട് 380- ദശലക്ഷത്തിലധികംപേർ അറബി ഭാഷ സംസാരിക്കുന്നതായാണ് കണക്ക്. ഇംഗ്ലീഷിനും ഫ്രഞ്ചിനും ശേഷം ഏറ്റവും പ്രചാരമുള്ള ഭാഷയും അറബിയാണ്. ആരാധനാ ഭാഷയായ ഇത് ലോകമെമ്പാടുമുള്ള സ്കൂളുകളിലും സർവ്വകലാശാലകളിലും പഠിപ്പിക്കപ്പെടുന്നു. ലോകത്തിലെ ഏറ്റവും കൂടുതൽ പേർ സംസാരിക്കുന്ന 5-ാമത്തെ ഭാഷയും അറബിയാണ്. ഇന്റർനെറ്റിലാവട്ടെ ഏറ്റവുംകൂടുതൽ ഉപയോഗിക്കപ്പെടുന്ന നാലാമത്തെ ഭാഷ അറബിയാണെന്നും കണക്കുകൾ സൂചിപ്പിക്കുന്നു. ഏതാണ്ട് 2 ബില്യൺ ജനങ്ങളുടെ ആരാധനാ ക്രമ ഭാഷയാണെന്നതാണ് ഇതിന്റെ പ്രധാന പ്രത്യേകത. വിശുദ്ധ ഖുറാൻ എഴുതിയിട്ടുള്ളത് അറബിയിലാണ്.

അറബി ഒരു 'സെമിറ്റിക് ഭാഷ'യാണ്. പശ്ചിമേഷ്യയിലും വടക്കേ ആഫ്രിക്കയിലും പ്രചാരത്തിലുള്ള ഒരു പ്രധാന ഭാഷാ കുടുംബമാണ് സെമിറ്റിക് ഭാഷകൾ. ബൈബിളിലെ നോഹയുടെ പുത്രനായ ഷേമിൽ നിന്നാണ് സെമിറ്റിക് എന്ന പേരുണ്ടായതെന്നാണ് കരുതപ്പെടുന്നത്. സെമിറ്റിക് ഭാഷകളിൽ ഏറ്റവും പ്രധാനപ്പെട്ടത് അറബിയാണ്. ഹീബ്രു, അരാമിയ, അംഹാരിക്, മാൾട്ടീസ്, അക്കാദിയൻ എന്നിവയാണ് മറ്റ് സെമിറ്റിക് ഭാഷകൾ.

ഇരുപത്തിയെട്ട് അടിസ്ഥാന അക്ഷരങ്ങളുള്ള അറബിക് ലിപി വലത്തുനിന്ന് ഇടത്തോട്ടാണ് എഴുതുന്നത്. അറബിക്കിൽ പ്രധാനമായും ക്ലാസിക്കൽ അറബിക് എന്നും

(ശേഷം 8 – ാം പേജിൽ)

ബി.എസ്. ബാലചന്ദ്രൻ രചിച്ച മൂന്ന് കൃതികളുടെ പ്രകാശനകർമ്മം നടന്നു

കൃതികൾ മന്ത്രി കെ. മുരളീധരൻ, എം.എ. വാഹിദ്, പാലോട് രവി എന്നിവർ പ്രകാശനം ചെയ്തു







1. സദ്ഭാവനാ ട്രസ്റ്റിന്റെ നേതൃത്വത്തിൽ ബി.എസ്. ബാലചന്ദ്രൻ രചിച്ച 'ആചാര്യവിനോബാഭാവെ' എന്ന പുസ്തകം മന്ത്രി കെ. മുരളീധരൻ ഡോ. ആന്റണി പാലയ്ക്കലിന് നൽകി പ്രകാശനം ചെയ്യുന്നു 2. ബി.എസ് ബാലചന്ദ്രൻ രചിച്ച 'ഡബ്ല്യു സി ബാനർജി' എന്ന പുസ്തകത്തിന്റെ പ്രകാശനം മുൻ എം.എൽ.എ എം.എ. വാഹിദ് നിർവ്വഹിക്കുന്നു. പുരാവസ്തു വകുപ്പ് മുൻ ഡയറക്ടർ ഡോ. ജി. പ്രേംകുമാർ പുസ്തകം ഏറ്റുവാങ്ങി. 3. ബി.എസ്. ബാലചന്ദ്രൻ രചിച്ച 'എ.ഒ. ഹ്യൂം' എന്ന പുസ്തകം പാലോട് രവി, ഡി. സുദർശനന് നൽകി പ്രകാശനം ചെയ്യുന്നു. കൗൺസിലർ മായാ അജികുമാർ സമീപം

തിരുവനന്തപുരം: ബി.എസ്.എസ് ചെയർമാനും എഴുത്തുകാരനുമായ ബി.എസ്. ബാലചന്ദ്രൻ രചിച്ച മൂന്ന് പുസ്തകങ്ങൾക്കൂടി പ്രകാശനം ചെയ്തു.

"ആചാര്യ വിനോബാഭാവെ-ഭൂദാനം മഹാദാനം"; "ഡബ്ല്യു സി. ബാനർജി"; "എ.ഒ. ഹ്യൂം" എന്നീ പുസ്തകങ്ങളാണ് പ്രകാശിതമായത്. പുസ്തകങ്ങൾ പ്രസിദ്ധീകരിച്ച സദ്ഭാവനാ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ യഥാക്രമം സംസ്ഥാന ആരോഗ്യ-ദേവസ്വം വകുപ്പ് മന്ത്രി കെ. മുരളീധരൻ, എം.എ. വാഹിദ്, പാലോട് രവി എന്നിവർ കൃതികളുടെ പ്രകാശന കർമ്മം നിർവ്വഹിച്ചു.

കേരള സർവ്വകലാശാല സോഷ്യോളജി വിഭാഗം മുൻ മേധാവി ഡോ. ആന്റണി പാലയ്ക്കൽ, പുരാവസ്തു വകുപ്പ് മുൻ ഡയറക്ടർ ഡോ. ജി. പ്രേംകുമാർ, ഡി. സുദർശനൻ എന്നിവർ കൃതികൾ ഏറ്റുവാങ്ങി.

പുസ്തകങ്ങൾ പ്രസിദ്ധീകരിച്ച സദ്ഭാവനാ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ വെവ്വേറെ സംഘടിപ്പിക്കപ്പെട്ട ചടങ്ങുകളിൽ സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറ്കടറും എഴുത്തുകാരനുമായ ഡോ. എം.ആർ. തമ്പാൻ അധ്യക്ഷനായിരുന്നു. സദ്ഭാവനാ ട്രസ്റ്റ് സെക്രട്ടറി ജയ ശ്രീകുമാർ മൂന്ന് ചടങ്ങുകളിലും സ്വാഗതമാശംസിച്ച് സംസാരിച്ചു.

മൂന്ന് ചടങ്ങുകളിലുമായി ഡോ.എം. ആർ. തമ്പാൻ, കൃഷ്ണകുമാർ, ഡി. സുദർശനൻ, കെ.ജി. ബാബുരാജ്, സി. അശോകൻ, വിതുര ശശി, മായ അജികുമാർ തുടങ്ങിയവർ ആംശംസാ പ്രസംഗം നടത്തി.

ശാസ്ത്രലോകം



ജയ ശ്രീകുമാർ

അന്ന് പറ്റിയ ആ തെറ്റ്; ഇന്ന് നമ്മുടെ തെറ്റുകൾ മായ്ക്കുന്നു

എഡ്വേർഡ് നെയ്ര് (Edward Nairne)

നമ്മൾ ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന വസ്തുക്കൾ കണ്ടെത്തിയവരെ പരിചയപ്പെടുത്തുന്ന ഒരു പംക്തിയാണ് ഇത്

നാം നിത്യജീവിതത്തിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ഒന്നാണ് പെൻസിൽ റബർ അഥവാ ഇറേസർ. എഴുതുമ്പോൾ പറ്റുന്ന തെറ്റുകൾ തിരുത്താൻ സഹായിക്കുന്ന ഈ കൊച്ചു വസ്തുവിന്റെ കണ്ടുപിടിത്തത്തിന് പിന്നിൽ നൂറ്റാണ്ടുകളുടെ പഴക്കമുള്ള രസകരമായ ഒരു ചരിത്രമുണ്ട്.

റബർ കണ്ടുപിടിക്കുന്നതിന് മുൻപ് ആളുകൾ സാധാരണയായി നനഞ്ഞ ബ്രെഡ് കഷണ



ങ്ങൾ ഉപയോഗിച്ചാണ് പെൻസിൽ അടയാളങ്ങൾ മായ്ച്ചിരുന്നത്. ചിലയിടങ്ങളിൽ മെഴുക് പലകകളും പ്യൂമിസ് കല്ലുകളും ഇതിനായി ഉപയോഗിച്ചിരുന്നു. 1770-ൽ ബ്രിട്ടീഷ് എഞ്ചിനീയറായ എഡ്വേർഡ് നെയ്ര് (Edward Nairne) ഒരു ദിവസം തന്റെ ജോലിയിൽ വ്യാപൃതനായിരുന്ന സമയത്ത് വരക്കുന്നതിൽ ചില തെറ്റുകൾ സംഭവിച്ചു. താൻ വരയ്ക്കുന്ന ചിത്രത്തിൽ നിന്ന് കണ്ണ് മാറ്റാതെ,

(ശേഷം 7 – ാം പേജിൽ)

മറുകും മലയും



ഡോ. രമേശ് ഇളമൺ നമ്പൂതിരി

സാക്ഷാത്കാരം

തണുത്തുറഞ്ഞൊരീ പ്രഭാതവേളയിൽ
പടം പൊഴിയ്ക്കുന്നൊരു നീണ്ട സർപ്പം
വെറും പടമാണു നീയെന്നാരോ പുലമ്പുന്നു
പൊഴിയ്ക്കുവതെങ്ങിനെ എൻ പടത്തെ
എനിയ്ക്കൊന്നു ഞാനായി മാറുവാൻ .

ലക്ഷ്മണരേഖ

പഞ്ചസാരയും ഉപ്പും പോലെയാണ്
സജ്ജനങ്ങളും ദുർജനങ്ങളും
തിരിച്ചറിയുക പ്രയാസം
രുചിച്ചു നോക്കുക
പീന്നീട് ഭുജിക്കുക

ലളിതം

സത്യമേവ ജയതേ എന്ന് ഗുരു പറഞ്ഞു.
കേട്ടു. പഠിച്ചു.
ധർമ്മത്തെ മുറുകെ പിടിയ്ക്കു.
ധർമ്മം നിങ്ങളെ രക്ഷിയ്ക്കും
ഗുരു പറഞ്ഞു.
കേട്ടു. പഠിച്ചു.
കേൾക്കുവാനും പഠിയ്ക്കുവാനും
ബുദ്ധിമുട്ടില്ലല്ലൊ

ഹേതു

ആരൊക്കെയോ തോറ്റതു കൊണ്ടാണ്
ഞാൻ ജയിച്ചത്.

രചന

മരിച്ചു കഴിഞ്ഞിട്ടും പഠിപ്പിയ്ക്കണമെന്നുണ്ട്.
അതു കൊണ്ടാണ് ചിലർ
പുസ്തകങ്ങളെഴുതുന്നത്.

കാര്യവിചാരം

മരണത്തിന്റെ മണി എപ്പോൾ വേണമെങ്കിലും മുഴങ്ങാം



പ്രൊഫ. ജി. ബാലചന്ദ്രൻ

മിത്തും ശാസ്ത്രവും വിശ്വാസവും തമ്മിലുള്ള വാദകോലാ ഹലങ്ങൾ. ആ വിവാദങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. മരണമാണു സത്യം. മരണത്തിന്റെ നടുവിലും ജീവിക്കാൻ കൊതിക്കുന്ന ചില ചിത്രങ്ങൾ എഴുത്തച്ഛനും ടോൾസ്റ്റോയിയും അവതരിപ്പിച്ചിട്ടുണ്ട്. പാമ്പിന്റെ വായിൽപ്പെട്ട തവള ഇരയെ പിടിക്കാൻ കാത്തിരിക്കുന്ന തിനെ എഴുത്തച്ഛൻ ചിത്രീകരിച്ചിട്ടുണ്ട്. കരടിയെപ്പേടിച്ച് കിണറ്റിലേക്കു ചാടിയ യാത്രക്കാരൻ താഴെ ചീങ്കണ്ണിയെയാണ് കണ്ടത്. ഭയന്ന് വിറച്ച അയാൾ താഴേയ്ക്കു വീഴാതിരിക്കാൻ ശ്രമിക്കുമ്പോൾ ചാഞ്ഞുനിന്ന ഒരു വൃക്ഷക്കൊമ്പിൽപ്പിടിച്ച് ഞാന്നു കിടന്നു.

അപ്പോൾ മുകളിൽ വിരിഞ്ഞുനിന്ന ഒരു പൂവിൽ നിന്നടർന്നു വീണ് തേൻ തുള്ളിനാവുകൊണ്ടു നുണഞ്ഞിറക്കുന്ന ദൃശ്യവും അതിന്റെ കടയ്ക്കലിരുന്ന് ഒരു കറുത്ത എലിയും ഒരു വെളുത്ത എലിയും കരണ്ട് തിന്നുന്നതും ടോൾസ്റ്റോയി ആവിഷ്കരിച്ചിട്ടുണ്ട്. മരണം മുൻകൂട്ടി പ്രവചിക്കുന്ന ജീവൻ മശായി എന്ന കഥാ പാത്രത്തെ താരാ ശങ്കർ ബാനർജി തന്മയത്വമായി ആരോഗ്യ നികേതനത്തിൽ വരച്ചിട്ടിട്ടുണ്ട്. ലോകത്തെ വെട്ടിപ്പിടിക്കാൻ ഇറങ്ങിപ്പുറപ്പെട്ട അലക്സാണ്ടർ ചക്രവർത്തിയും ഹിറ്റ്ലറും മുസ്സോളിനിയും സ്റ്റാലിനുമൊക്കെ ഒടുവിൽ ആറടി മണ്ണിൽ അഭയം തേടി ക്രൈസ്തവ ശവമഞ്ച വാഹനത്തിൽ ഇന്നു ഞാൻ നാളെ നീ എന്ന് വലിയ അക്ഷരത്തിൽ എഴുതി വച്ചിട്ടുണ്ട്. ജനിച്ചു ജീവിച്ചു മരിച്ചു പോകുന്ന കോടാനുകോടി ജനങ്ങൾക്കു നടുവിൽ യേശുക്രിസ്തുവിനെയും മഹാത്മാഗാന്ധിയെയും പോലെയുള്ളവർ ഇന്നും മനുഷ്യഹൃദയങ്ങളിൽ ജീവിക്കുന്നു.

മരണത്തിനപ്പുറം ഒരു ജീവിതമുണ്ടെന്നും പുനർജന്മമുണ്ടെന്നും ആത്മാവുണ്ടെന്നും വിശ്വസിക്കുന്നവരാണ് ബഹുഭൂരി പക്ഷം ജനങ്ങളും. പ്രതാപൈശ്വര്യങ്ങളോടെ സിംഹാസനാരൂഢരായിരുന്ന ചക്രവർത്തിമാരുടെ കുലം ഇന്ന് അന്യം നിന്നുപോയി. കരഞ്ഞുകൊണ്ടു ജനിക്കുന്ന ശിശു ഒടുവിൽ ബന്ധു

(ശേഷം 2 – ാം പേജിൽ)



സെപ്റ്റംബർ ഡയറി

ആശ അരവിന്ദ്

സെപ്റ്റംബർ 1

- ഇന്ത്യൻ വ്യോമസേനയിലെ എയർ വൈസ് മാർഷൽ ശക്തി ശർമ്മ പ്രതിരോധ സേവനങ്ങളിൽ മെഡിക്കൽ ഇതര (NonMedical) വിഭാഗത്തിൽ നിന്നും ടു-സ്റ്റാർപദവിയിലെത്തുന്ന ആദ്യ വനിതാ ഓഫീസറായി ചരിത്രം കുറിച്ചു. 1994-ൽ വ്യോമസേനയുടെ എഡ്യൂക്കേഷൻ ബ്രാഞ്ചിൽ കമ്മീഷൻ ചെയ്യപ്പെട്ട അവർ, 2026 സെപ്റ്റംബർ 1-നാണ് എയർ ഹെഡ്കാർട്ടേഴ്സിൽ അസിസ്റ്റന്റ് ചീഫ് ഓഫ് എയർ സ്റ്റാഫ് (എഡ്യൂക്കേഷൻ) ആയി ചുമതലയേറ്റത്.

സെപ്റ്റംബർ 2

- തിരുവനന്തപുരം ടെക്നോസിറ്റിയിൽ 100 കോടി രൂപ മുതൽമുടക്കിൽ അത്യാധുനിക സെമികണ്ടക്ടർ കപ്പാസിറ്റി ബിൽഡിങ് പാർക്കും സയൻസ്-ടെക്നോളജി എക്സ്പീരിയൻസ് പാർക്കും വരുന്നു. എക്സ്ട്രാ ജി ക്ലബ്ബ് പ്രൈവേറ്റ് ലിമിറ്റഡും ഐഐഐടിഎംകെയും (IIITMK) സംയുക്തമായി നടപ്പിലാക്കുന്ന ഈ പദ്ധതി 10 ഏക്കർ സ്ഥലത്താണ് യാഥാർത്ഥ്യമാകുന്നത്.

സെപ്റ്റംബർ 3

- 2024-ലെ ടെൻസിംഗ് നോർഗെ ദേശീയ സാഹസിക പുരസ്കാരങ്ങൾ കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയം പ്രഖ്യാപിച്ചു. വിവിധ വിഭാഗങ്ങളിലായി നാല് പ്രമുഖ വ്യക്തികളാണ് ഈ വർഷത്തെ പുരസ്കാരത്തിന് അർഹരായത്. കര സാഹസികതയ്ക്കുള്ള (ലാൻഡ് അഡ്വഞ്ചർ) പുരസ്കാരം പ്രശസ്ത പർവതാരോഹകരായ ബൽജീത് കൗറും സ്കാൽസങ് റിഗ്സിനും പങ്കിട്ടപ്പോൾ, ജല സാഹസികതയ്ക്കുള്ള (വാട്ടർ അഡ്വഞ്ചർ) പുരസ്കാരത്തിന് റിമോ സാഹ അർഹനായി. സാഹസിക മേഖലയിലെ ആജീവനാന്ത സംഭാവനയ്ക്കുള്ള (ലൈഫ് ടൈം അച്ചീവ്മെന്റ്) പുരസ്കാരം ശിവ് പ്രസാദ് ചമോലിക്കാണ്. 15 ലക്ഷം രൂപയും വെങ്കല ശിൽപവും സർട്ടിഫിക്കറ്റും അടങ്ങുന്നതാണ് പുരസ്കാരം.

സെപ്റ്റംബർ 4

- ഇന്ത്യയുടെ ഭൗമനിരീക്ഷണ ഉപഗ്രഹമായ EOS05 (GISAT1A), ഐ.എസ്.ആർ.ഒ 2026 സെപ്റ്റംബർ 4-ന് പുലർച്ചെ 2:55-ന് ഏറ്റവും ഭാരം കുറഞ്ഞ പിഎസ്എൽവി-എക്സ്എൽ17 റോക്കറ്റ് ഉപയോഗിച്ച് ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ നിലയത്തിൽ നിന്ന് വിജയകരമായി വിക്ഷേപിച്ചു. ജിയോസിൻക്രണസ് ഭ്രമണപഥത്തിൽ നിന്ന് പ്രവർത്തിക്കുന്ന ഇന്ത്യയുടെ ആദ്യത്തെ ഇമേജിംഗ് ഉപഗ്രഹമാണിത്. 2,367 കിലോഗ്രാം ഭാരമുള്ള ഈ ഉപഗ്രഹം കൃഷി, കാലാവസ്ഥാ നിരീക്ഷണം, ദുരന്തനിവാരണം തുടങ്ങിയ മേഖലകളിൽ അതിശക്തമായ വിവരങ്ങളും തത്സമയ ചിത്രങ്ങളും നൽകാൻ സഹായിക്കും.

സെപ്റ്റംബർ 5

- 'ഏഷ്യയിലെ നോബൽ സമ്മാനം' എന്നറിയപ്പെടുന്ന 2026-ലെ റാമോൺ മഗ്സെസെ പുരസ്കാരങ്ങൾ ഔദ്യോഗികമായി പ്രഖ്യാപിച്ചു. രാജ്യാന്തര സമുദ്ര നിയമങ്ങളുടെ (UNCLOS) രൂപീകരണത്തിൽ നിർണായക പങ്കു വഹിച്ച സിംഗപ്പൂരിലെ മുതിർന്ന നയതന്ത്രജ്ഞൻ ടോമി കോഹ്, ബംഗ്ലാദേശിലെ ഉൾനാടൻ നദീതീര പ്രദേശങ്ങളിൽ 'ഫ്ലോട്ടിങ് ഹോസ്പിറ്റലുകൾ' വഴി അത്യാധുനിക ആരോഗ്യ-വിദ്യാഭ്യാസ സേവനങ്ങൾ എത്തിച്ച 'ഫ്രണ്ട്ഷിപ്പ്' എൻ.ജി.ഒയുടെ സ്ഥാപക റുണ ഖാൻ, മ്യാൻമറിലെ രാഷ്ട്രീയ തടവുകാരുടെ അവകാശങ്ങൾക്കും ജനാധിപത്യത്തിനും വേണ്ടി പോരാടുന്ന മനുഷ്യാവകാശ പ്രവർത്തകൻ ബോ കഡി എന്നിവരാണ് ഈ വർഷത്തെ പുരസ്കാര ജേതാക്കൾ.

സെപ്റ്റംബർ 6

- ദേശീയ പാത അതോറിറ്റി ഓഫ് ഇന്ത്യ (NHAI) 'ഗ്രീൻ ഹൈവേസ് എക്സലൻസ് അവാർഡ്സ് 2026'-ലെ വിജയികളെ പ്രഖ്യാപിച്ചു. ദേശീയപാതകളിൽ പരിസ്ഥിതി സൗഹൃദപരമായ പ്ലാന്റേഷൻ, ലാൻഡ്സ്കേപ്പിംഗ് രീതികൾ മികച്ച രീതിയിൽ നടപ്പിലാക്കിയ പ്രോജക്റ്റുകൾക്കാണ് ഈ പുരസ്കാരങ്ങൾ നൽകിയത്.

സെപ്റ്റംബർ 7

- 2026 സെപ്റ്റംബർ 7-ന് അന്താരാഷ്ട്ര നീലാകാശ ദിനത്തോടനുബന്ധിച്ച് (സ്വച്ഛ് വായു ദിനം) കേന്ദ്ര പരിസ്ഥിതി-വന-കാലാവസ്ഥാ വ്യതിയാന മന്ത്രാലയം 5-ാമത് സ്വച്ഛ് വായു സർവേക്ഷൺ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. 10 ലക്ഷത്തിലധികം ജനസംഖ്യയുള്ള വലിയ നഗരങ്ങളുടെ വിഭാഗത്തിൽ ലഖ്നൗ ഒന്നാം സ്ഥാനവും ഇൻഡോർ, ജബൽപൂർ എന്നിവ രണ്ടും മൂന്നും സ്ഥാനങ്ങളും സ്വന്തമാക്കി.

സെപ്റ്റംബർ 8

- ചൈന മാസ്റ്റേഴ്സ് പുരുഷ ഡബിൾസ് കിരീടം സ്വന്തമാക്കുന്ന ആദ്യ ഇന്ത്യൻ സഖ്യമായി സാത്വിക് സായ്രാജ് രെങ്കിറെഡ്ഡി – ചിരാഗ് ഷെട്ടി ജോടി ചരിത്രം കുറിച്ചു. ചൈനയിലെ ഷെൻസെനിൽ നടന്ന പോരാട്ടത്തിൽ, ആതിഥേയരായ ചൈനയുടെ ഹി ജി ടിങ് – റെൻ സിയാങ്യു സഖ്യത്തെ പരാജയപ്പെടുത്തിയാണ് ഇന്ത്യൻ സഖ്യം കന്നിക്കിരീടത്തിൽ മുത്തമിട്ടത്.

സെപ്റ്റംബർ 9

- 73-ാമത് ലോകസുന്ദരിയായി ഡൊമിനിക്കൻ റിപ്പബ്ലിക്കിന്റെ ജോഹെറി മോള ഡൊമിംഗസ് തിരഞ്ഞെടുക്കപ്പെട്ടു. വിയറ്റ്നാമിലെ ന്ഹാ ട്രാങ്ങിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിലാണ് 24 വയസ്സുകാരിയായ ജോഹെറി മോള ഈ ചരിത്ര നേട്ടം കൈവരിച്ചത്. 1982-ൽ മരിയസെല അൽവാരസ് കിരീടം ചൂടിയതിന് ശേഷം, നീണ്ട 44 വർഷങ്ങൾക്ക് ശേഷമാണ് ഡൊമിനിക്കൻ റിപ്പബ്ലിക്കിലേക്ക് വീണ്ടുമൊരു ലോകസുന്ദരി പട്ടം എത്തുന്നത്. ബിസിനസ് മാനേജ്മെന്റ് ബിരുദധാരിയും അധ്യാപികയും ജേണലിസ്റ്റുമായ ജോഹെറി, കുട്ടികളുടെ വിദ്യാഭ്യാസ ശാക്തീകരണത്തിനായി പ്രവർത്തിക്കുന്ന സാമൂഹിക പ്രവർത്തക കൂടിയാണ്. മത്സരത്തിൽ സ്പെയിനിന്റെ എലിസബത്ത് റെയ്നെസ് ഒന്നാം റണ്ണറപ്പായും, മലേഷ്യയുടെ തനൂസിയ ചെട്ടി രണ്ടാം റണ്ണറപ്പായും തിരഞ്ഞെടുക്കപ്പെട്ടു

സെപ്റ്റംബർ 10

- സെന്ററിൽ നടന്ന ചടങ്ങിൽ ദേശീയ പട്ടികജാതി കമ്മീഷൻ (NCSC) ചെയർമാൻ കിഷോർ മകവാന 'ഡോ. എപിജെ അബ്ദുൾ കലാം ജൻ സേവാ പുരസ്കാർ 2026' സ്വീകരിച്ചു. 16-ാമത് സംസാദ് രത്ന അവാർഡ് വേദിയിൽ വെച്ച് സാമൂഹിക നീതിക്കും പൊതുസേവനത്തിനുമുള്ള കമ്മീഷന്റെ മികച്ച ഇടപെടലുകൾ മുൻനിർത്തിയാണ് അദ്ദേഹത്തിന് ഈ പുരസ്കാരം സമ്മാനിച്ചത്. പട്ടികജാതി വിഭാഗങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും സമത്വവും സാമൂഹിക ശാക്തീകരണവും ഉറപ്പാക്കുന്നതിനും അദ്ദേഹം നൽകിയ നേതൃത്വത്തിനുള്ള വലിയൊരു അംഗീകാരമാണ് ഈ അവാർഡ്.

സെപ്റ്റംബർ 11

- പ്രമുഖ ഇന്ത്യൻ-അമേരിക്കൻ കാർഷിക ശാസ്ത്രജ്ഞനായ ഡോ. കരീം മരേദിയ 2026-ലെ ബോർലോഗ് കാസ്റ്റ് കമ്മ്യൂണിക്കേഷൻ അവാർഡിന് അർഹനായി. ശാസ്ത്രീയമായ കാർഷിക ഗവേഷണങ്ങളെയും നൂതന സാങ്കേതിക വിദ്യകളെയും ലളിതമായ ഭാഷയിൽ ലോകമെമ്പാടുമുള്ള കർഷകരിലേക്കും നയരൂപകർത്താക്കളിലേക്കും എത്തിച്ചതിനാണ് കൗൺസിൽ ഫോർ അഗ്രികൾച്ചറൽ സയൻസ് ആൻഡ് ടെക്നോളജി അദ്ദേഹത്തെ ഈ പുരസ്കാരത്തിനായി തിരഞ്ഞെടുത്തത്.

സെപ്റ്റംബർ 12

- ചതുപ്പുനിലങ്ങളിൽ ആവാസവ്യവസ്ഥയ്ക്ക് വൻ ഭീഷണിയുയർത്തുന്ന ഭീമാകാരൻ ബർമീസ് പൈത്തൺ പാമ്പുകളെ പിടികൂടാൻ ഫ്ലോറിഡയിൽ സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന എഐ റോബോട്ട് മുയലുകളെ രംഗത്തിറക്കി. സൗത്ത് ഫ്ലോറിഡ വാട്ടർ മാനേജ്മെന്റ് ഡിസ്ട്രിക്റ്റും ഫ്ലോറിഡ സർവകലാശാലയും സംയുക്തമായാണ് ഈ കൃത്രിമബുദ്ധി പരീക്ഷണം നടത്തുന്നത്. യഥാർത്ഥ മുയലുകളുടെ ശരീരചൂടും, ചലനങ്ങളും, മണവും കൃത്രിമമായി പുറപ്പെടുവിക്കാൻ ശേഷിയുള്ള ഈ റോബോട്ടുകൾ പാമ്പുകളെ ആകർഷിച്ച് ഒളിത്താവളങ്ങളിൽ നിന്ന് പുറത്തെത്തിക്കും.

സെപ്റ്റംബർ 13

- ഡീപ് ഓഷ്യൻ മിഷന് കീഴിൽ തദ്ദേശീയമായി വികസിപ്പിച്ച അത്യാധുനിക സമുദ്ര ഗവേഷണ കപ്പലായ 'ഒആർവി സാഗർ മഥനൻ' കേന്ദ്ര ഭൗമശാസ്ത്ര സഹമന്ത്രി ഡോ. ജിതേന്ദ്ര സിംഗ് ഉദ്ഘാടനം ചെയ്തു കൊൽക്കത്തയിലെ ഋഷി ബങ്കിം ഷിപ്പ്യാർഡിൽ വെച്ചാണ് കപ്പൽ പുറത്തിറക്കിയത്. ഗാർഡൻ റീച്ച് ഷിപ്പ് ബിൽഡേഴ്സ് ആൻഡ് എഞ്ചിനീയേഴ്സ് (GRSE) രൂപകൽപ്പന ചെയ്ത് നിർമ്മിച്ച ഈ കപ്പൽ, നാഷണൽ സെന്റർ ഫോർ പോളാർ ആൻഡ് ഓഷ്യൻ റിസർച്ചിന് (NCPOR) വേണ്ടിയാണ് സമർപ്പിച്ചിരിക്കുന്നത്. ഏകദേശം 840 കോടി രൂപ ചിലവിൽ നിർമ്മിച്ച സാഗർ മനഥൻ, ദക്ഷിണ സമുദ്രം ഉൾപ്പെടെയുള്ള പ്രതികൂല സാഹചര്യങ്ങളിൽ 30 വർഷത്തോളം തടസ്സമില്ലാതെ ഗവേഷണം നടത്താൻ ശേഷിയുള്ളതാണ്

സെപ്റ്റംബർ 14

- ഇന്ത്യയുടെ അധ്യക്ഷതയിൽ നടന്ന 18-ാമത് ബ്രിക്സ് (BRICS) ഉച്ചകോടി ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ വെച്ച് വിജയകരമായി സമാപിച്ചു. 2026 സെപ്റ്റംബർ 12, 13 തീയതികളിൽ നടന്ന ഈ ചരിത്രപരമായ ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി, ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ്, റഷ്യൻ പ്രസിഡന്റ് വ്ളാദിമിർ പുടിൻ ഉൾപ്പെടെയുള്ള പ്രമുഖ ലോകനേതാക്കൾ പങ്കെടുത്തു.

സെപ്റ്റംബർ 15

- ജപ്പാനിലെ ഐച്ചി-നാഗോയയിൽ നടക്കുന്ന 20-ാമത് ഏഷ്യൻ ഗെയിംസ് വേദികളിൽ പ്രകാശമേകാൻ ഇന്ത്യയിൽ നിർമിച്ച പവർ ട്രാൻസ്ഫോമറുകൾ തിരഞ്ഞെടുക്കപ്പെട്ടു. കേരളത്തിലെ ഇരിങ്ങാലക്കുട കേന്ദ്രമായി പ്രവർത്തിക്കുന്ന ട്രോജൻ ട്രാൻസ്ഫോമേഴ്സ് എന്ന കമ്പനിയാണ് ജപ്പാനിലേക്ക് ഇവ കയറ്റി അയക്കുന്നത്. ലോകത്തെ ഏറ്റവും വലിയ സാങ്കേതിക ശക്തികളിലൊന്നായ ജപ്പാൻ തങ്ങളുടെ വൻകിട കായിക മാമാങ്കത്തിനായി ഇന്ത്യൻ ഉത്പന്നങ്ങൾ തിരഞ്ഞെടുത്തത് രാജ്യത്തിന്റെ നിർമാണ മേഖലയ്ക്കും 'മെയ്ഡ് ഇൻ ഇന്ത്യ' പദ്ധതിക്കും വലിയൊരു അഭിമാന നേട്ടമായി മാറി.

സെപ്റ്റംബർ 16

- ലോകത്തിലെ ഏറ്റവും പ്രശസ്തവും കഠിനവുമായ അൾട്രാ ട്രെയിൽ റണ്ണിങ് മത്സരമായ അൾട്രാ ട്രെയിൻ ഡു മോണ്ട് ബ്ലാങ്ക് വിജയകരമായി പൂർത്തിയാക്കി . കൊച്ചി മരട് സ്വദേശിയായ വിജയൻ പിള്ള കായിക കേരളത്തിന് അഭിമാനമായി. ഫ്രാൻസ്, ഇറ്റലി, സ്വിറ്റ്സർലൻഡ് എന്നീ രാജ്യങ്ങളിലായി വ്യാപിച്ചുകിടക്കുന്ന മോണ്ട് ബ്ലാങ്ക് മലനിരകളിൽ നടന്ന കഠിനമായ ഈ അൾട്രാമാരത്തൺ നിശ്ചിത സമയത്തിനുള്ളിൽ ഓടിത്തീർക്കുന്ന രണ്ടാമത്തെ മലയാളിയാണ് ഇദ്ദേഹം.

സെപ്റ്റംബർ 17

- ചൈനയിലെ ഏഷ്യൻ ഗെയിംസ് വേദിയിലെ അന്താരാഷ്ട്ര ചിത്രപ്രദർശനത്തിൽ, കേരളത്തിന്റെ കായിക പാരമ്പര്യം വിളിച്ചോതുന്ന പെയിന്റിങ് ശ്രദ്ധേയമായി. തിരുവനന്തപുരം മണക്കാട് കാർത്തിക തിരുനാൾ ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലെ പത്താം ക്ലാസ് വിദ്യാർഥിനി എസ്. ജ്യോതിക വരച്ച ചിത്രമാണ് ഏഷ്യൻ ഗെയിംസിന്റെ പ്രധാന മീഡിയ സെന്ററിൽ പ്രദർശിപ്പിച്ചത്. കേരള ഒളിംപിക് അസോസിയേഷൻ സംഘടിപ്പിച്ച ഫൺ റണ്ണിന്റെ ഭാഗമായി 'കായികം, ഐക്യം, സമാധാനം' എന്ന പ്രമേയത്തിൽ നടത്തിയ സംസ്ഥാനതല മത്സരത്തിൽ ജ്യോതിക ഒന്നാം സ്ഥാനം നേടിയിരുന്നു.

സെപ്റ്റംബർ 18

- ഏഷ്യൻ ഗെയിംസിനുള്ള ഇന്ത്യൻ വോളിബോൾ ടീമിൽ അഞ്ച് മലയാളി താരങ്ങളും രണ്ട് മലയാളികളായ പരിശീലകരും ഇടംപിടിച്ച് കേരളത്തിന്റെ കായിക പെരുമ വീണ്ടുമുയർത്തി. ഐച്ചി-നഗോയ ഏഷ്യൻ ഗെയിംസിൽ ലിബറോ കെ. ആനന്ദിനൊപ്പം പ്രമുഖ മലയാളി താരങ്ങൾ കോർട്ടിലിറങ്ങുമ്പോൾ, മുൻനിര താരം ജെറോം വിനീത് ഉൾപ്പെടെയുള്ളവരുടെ കരുത്തിലാണ് ഇന്ത്യൻ പ്രതീക്ഷകൾ. ടൂർണമെന്റിന്റെ ഗ്രൂപ്പ് ഘട്ടത്തിൽ വിയറ്റ്നാം, ഹോങ്കോങ് ചൈന എന്നിവരെ നേരിടുള്ള സെറ്റുകൾക്ക് പരാജയപ്പെടുത്തിയ ഇന്ത്യ, മൂന്നാം മത്സരത്തിൽ കരുത്തരായ ഖത്തറിനെ 3-2 ന് തകർത്ത് ഇതിനകം തന്നെ ക്വാർട്ടർ ഫൈനലിലേക്ക് യോഗ്യത നേടിയിട്ടുണ്ട്.

സെപ്റ്റംബർ 19

- ഭൂമിയിലെ ഏറ്റവും വലിയ വൻകരയുടെ കായിക മാമാങ്കമായ ഏഷ്യൻ ഗെയിംസിന്റെ 20-ാം പതിപ്പിന് ജപ്പാനിലെ ഐച്ചി-നാഗോയയിൽ പ്രൗഢഗംഭീരമായ തുടക്കം. പ്രധാന വേദിയായ പലോമ മിസുഹോ പാർക്ക് അത്‌ലറ്റിക് സ്റ്റേഡിയത്തിൽ നടന്ന അത്യാധുനിക സാങ്കേതികവിദ്യകളും ജാപ്പനീസ് പാരമ്പര്യവും സമന്വയിപ്പിച്ച വിസ്മയകരമായ ചടങ്ങിൽ ജപ്പാൻ ചക്രവർത്തി നരുഹിതോ ഗെയിംസ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തതായി പ്രഖ്യാപിച്ചു.

സെപ്റ്റംബർ 20

- ഐച്ചി-നഗോയ ഏഷ്യൻ ഗെയിംസിലെ ടേബിൾ ടെന്നിസ് മത്സരങ്ങളുടെ മുഖ്യ സംഘാടകരിൽ ഒരാളായി മലയാളി സാന്നിധ്യം ശ്രദ്ധേയമാകുന്നു. കൊല്ലം സ്വദേശിയും 35 വർഷമായി ജപ്പാനിൽ സ്ഥിരതാമസക്കാരനുമായ സാജു ജെയിംസ് ആണ് ഏഷ്യൻ ഗെയിംസ് ടേബിൾ ടെന്നിസ് മത്സരങ്ങളുടെ സ്പോർട്സ് മാനേജരായി (Sports Manager) സേവനമനുഷ്ഠിക്കുന്നത്.

സെപ്റ്റംബർ 21

- ജപ്പാനിൽ നടക്കുന്ന 2026 ഏഷ്യൻ ഗെയിംസ് വനിതാ ക്രിക്കറ്റിൽ ശ്രീലങ്കയെ 147 റൺസിന് തകർത്ത് ഇന്ത്യൻ ടീം സ്വർണം നേടി. ഫൈനലിൽ ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ സ്മൃതി മനഥന (79), റിച്ചാ ഘോഷ് (49) എന്നിവരുടെ മികവിൽ 20 ഓവറിൽ 3 വിക്കറ്റിന് 216 റൺസെടുത്തു. മറുപടി ബാറ്റിംഗിനിറങ്ങിയ ശ്രീലങ്കയെ ഇന്ത്യൻ ബൗളർമാർ 15.4 ഓവറിൽ വെറും 69 റൺസിന് പുറത്താക്കി. ഈ മിന്നും വിജയത്തോടെ ഈ വർഷത്തെ ഏഷ്യൻ ഗെയിംസിൽ ഇന്ത്യ തങ്ങളുടെ ആദ്യ സ്വർണമെഡൽ സ്വന്തമാക്കി.

സെപ്റ്റംബർ 22.

- സാഹിത്യ ലോകം ഏറെ ആകാംക്ഷയോടെ കാത്തിരുന്ന 2026-ലെ ബുക്കർ പ്രൈസ് പുരസ്കാരത്തിനായുള്ള അന്തിമപട്ടിക 2026 സെപ്റ്റംബർ 22-ന് ലൻഡനിലെ സൗത്ത് ബാങ്ക് സെന്ററിൽ വെച്ച് പ്രഖ്യാപിച്ചു. മേരി ബേർഡ് അധ്യക്ഷയായ അഞ്ചംഗ ജൂറി 163 സമർപ്പണങ്ങളിൽ നിന്ന് തിരഞ്ഞെടുത്ത ആറ് മികച്ച നോവലുകളാണ് ഇത്തവണ അന്തിമ റൗണ്ടിൽ ഇടംപിടിച്ചിരിക്കുന്നത്. മുൻപ് ബുക്കർ പുരസ്കാരം നേടിയിട്ടുള്ള മർലോൺ ജെയിംസ് (ദ്രി ഡിസപ്പിയറേഴ്സ്), ഡഗ്ലസ് സ്റ്റുവർട്ട് (ജോൺ ഓഫ് ജോൺ) എന്നിവർക്കൊപ്പം പ്രശസ്ത എഴുത്തുകാരായ എലിസബത്ത് സ്ട്രൗട്ട്, എം. ജോൺ ഹാരിസൺ, ലൂക്ക് കെന്നാർഡ്, റെബേക്ക പെറി എന്നിവരുടെ കൃതികളും പട്ടികയിലുണ്ട്.

സെപ്റ്റംബർ 23

- 2024-ലെ 72-ാമത് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ ഗുജറാത്തിലെ ഏകതാ നഗറിൽ (കെവാഡിയ) നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു വിതരണം ചെയ്തു. ഇന്ത്യൻ ചലച്ചിത്ര രംഗത്തെ പരമോന്നത ബഹുമതിയായ ദാദാസാഹിബ് ഫാൽക്കെ പുരസ്കാരം മുതിർന്ന കന്നഡ നടൻ അനന്ത് നാഗ് രാഷ്ട്രപതിയിൽ നിന്ന് ഏറ്റുവാങ്ങി. ചരിത്രത്തിലാദ്യമായി ന്യൂഡൽഹിക്ക് പുറത്ത് വെച്ച് നടന്ന ചടങ്ങിൽ ആർട്ടിക്കിൾ 370 മികച്ച ഫീച്ചർ ചിത്രമായി തിരഞ്ഞെടുക്കപ്പെട്ടു. ഭ്രമയുഗം എന്ന ചിത്രത്തിലെ മികച്ച പ്രകടനത്തിലൂടെ മലയാളത്തിന്റെ പ്രിയനടൻ മമ്മൂട്ടിയും, ചന്തു ചാമ്പ്യൻ എന്ന ചിത്രത്തിലൂടെ കാർത്തിക് ആര്യനും മികച്ച നടന്മാർക്കുള്ള പുരസ്കാരം പങ്കിട്ടപ്പോൾ, യാമി ഗൗതം (ചിത്രം: ആർട്ടിക്കിൾ 370) മികച്ച നടിയായി. 'എ.ആർ.എം' എന്ന ചിത്രത്തിലെ ഗാനത്തിലൂടെ വൈക്കം വിജയലക്ഷ്മി മികച്ച ഗായികയ്ക്കുള്ള അവാർഡ് നേടിയതുൾപ്പെടെ നിരവധി പുരസ്കാരങ്ങളോടെ മലയാള സിനിമയും ചടങ്ങിൽ മികച്ച നേട്ടം കൊയ്തു.

സെപ്റ്റംബർ 24

- ശീതയുദ്ധകാലത്ത് സോവിയറ്റ് യൂണിയനെ നിരീക്ഷിക്കാൻ 1988-ൽ വിക്ഷേപിച്ച അമേരിക്കയുടെ 'യുഎസ്എ 32' (USA 32) എന്ന ചാര ഉപഗ്രഹം 2026 സെപ്റ്റംബർ 13-ന് ഭൂമിയിൽ നിന്ന് 775 കിലോമീറ്റർ ഉയരത്തിലുള്ള ഭ്രമണപഥത്തിൽ വച്ച് പൊട്ടിത്തെറിച്ചതായി യു.എസ് സ്പേസ് ഫോഴ്സ് സ്ഥിരീകരിച്ചു. ഈ സ്ഫോടനത്തിലൂടെ രൂപപ്പെട്ട നൂറുകണക്കിന് ബഹിരാകാശ അവശിഷ്ടങ്ങൾ മറ്റ് സജീവ ഉപഗ്രഹങ്ങൾക്കും ഭാവി ബഹിരാകാശ ദൗത്യങ്ങൾക്കും കടുത്ത ഭീഷണിയാകുമെന്നതിനാൽ യു.എസ് സ്പേസ് ഫോഴ്സ് ഇവയുടെ സഞ്ചാരപഥം സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണ്.

സെപ്റ്റംബർ 25

- ഏഷ്യൻ ഗെയിംസിൽ വനിതകളുടെ ട്രാപ്പ് ഷൂട്ടിങ് വ്യക്തിഗത ഇനത്തിൽ (Trap Individual) ഇന്ത്യൻ താരം നീരു ധണ്ഡ സ്വർണമെഡൽ സ്വന്തമാക്കി. ഏഷ്യൻ ഗെയിംസ് ചരിത്രത്തിൽ വനിതകളുടെ ട്രാപ്പ് ഷൂട്ടിംഗിൽ വ്യക്തിഗത സ്വർണം നേടുന്ന ആദ്യ ഇന്ത്യൻ താരം കൂടിയാണ് നീരു ധണ്ഡ.

സെപ്റ്റംബർ 26

- 2026 ഏഷ്യൻ ഗെയിംസ് കബഡിയിൽ ശക്തരായ ഇറാന്റെ വെല്ലുവിളിയെ അതിജീവിച്ച് ഇന്ത്യൻ പുരുഷ, വനിതാ ടീമുകൾ സ്വർണ്ണ മെഡലുകൾ സ്വന്തമാക്കി. ഒരേ ദിവസം നടന്ന രണ്ട് ആവേശകരമായ ഫൈനൽ പോരാട്ടങ്ങളിലും ഇറാനെ പരാജയപ്പെടുത്തിയാണ് ഇന്ത്യ കബഡിയിലെ തങ്ങളുടെ പരമ്പരാഗത ആധിപത്യം നിലനിർത്തിയത്. പുഷ്പ റാണ നയിച്ച ഇന്ത്യൻ വനിതാ ടീം ഒന്നിനെതിരെ മൂന്ന് പോയിന്റുകൾക്ക് (37–34) ഇറാനെ മലർത്തിയടിച്ചപ്പോൾ, സുനിൽ കുമാറിന്റെ നേതൃത്വത്തിലിറങ്ങിയ പുരുഷ ടീം 40–34 എന്ന സ്കോറിനാണ് ഇറാൻ പ്രതിരോധം തകർത്തത്. വനിതാ ടീമിന്റെ നാലാമത്തെയും പുരുഷ ടീമിന്റെ ഒമ്പതാമത്തെയും ഏഷ്യൻ ഗെയിംസ് സ്വർണ്ണനേട്ടമാണിത്.

സെപ്റ്റംബർ 27

- ഫിഡെയുടെ ആദ്യ എക്സലൻസ് അവാർഡിൽ മികച്ച വനിതാ ചെസ്സ് താരമായി ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർ ദിവ്യ ദേശ്മുഖ് തിരഞ്ഞെടുക്കപ്പെട്ടു. 46-ാമത് ഫിഡെ ചെസ്സ് ഒളിമ്പ്യാഡിനോടനുബന്ധിച്ച് നടന്ന ചടങ്ങിലാണ് 19-കാരിയായ ദിവ്യ ഈ ചരിത്ര നേട്ടം സ്വന്തമാക്കിയത്. കഴിഞ്ഞ രണ്ട് ഒളിമ്പ്യാഡുകളിലും (2022 ചെന്നൈ, 2024 ബുഡാപെസ്റ്റ്) ഇന്ത്യക്ക് തന്നെയായിരുന്നു ഈ ട്രോഫി. അന്താരാഷ്ട്ര ചെസ്സ് വേദിയിൽ ഇന്ത്യയുടെ കായികമേധാവിത്വം ഒരിക്കൽ കൂടി തെളിയിക്കുന്നതാണ് ഈ ഇരട്ട നേട്ടങ്ങൾ.

സെപ്റ്റംബർ 28

- പ്രശസ്ത സംഗീത സംവിധായകൻ ശാന്തനു മൊയ്ത്രയ്ക്ക് മധ്യപ്രദേശ് സർക്കാരിന്റെ 2026-ലെ ദേശീയ ലതാ മങ്കേഷ്കർ പുരസ്കാരം സമ്മാനിച്ചു. ലതയുടെ ജന്മസ്ഥലമായ ഇൻഡോറിൽ വെച്ച് നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ മധ്യപ്രദേശ് സാംസ്കാരിക വകുപ്പാണ് 5 ലക്ഷം രൂപയും പ്രശസ്തിപത്രവുമടങ്ങുന്ന ഈ പരമോന്നത ബഹുമതി അദ്ദേഹത്തിന് കൈമാറിയത്. ലതാ മങ്കേഷ്കറുടെ ഓർമ്മയ്ക്കായി 1984-ൽ സ്ഥാപിതമായ ഈ പുരസ്കാരം നേടുന്ന 43-ാമത് പ്രതിഭയാണ് അദ്ദേഹം.

സെപ്റ്റംബർ 29

- ബഹിരാകാശ ഗവേഷണ രംഗത്ത് പുതിയ ചരിത്രമെഴുതി പ്രമുഖ അമേരിക്കൻ കമ്പനിയായ സ്പേസ് എക്സിന്റെ കൂറ്റൻ റോക്കറ്റായ 'സ്റ്റാർഷിപ്പ്' ഭൂമിയുടെ ഭ്രമണപഥത്തിൽ വിജയകരമായി പ്രവേശിച്ചു. 2026 സെപ്റ്റംബർ 28 തിങ്കളാഴ്ച ടെക്സസിലെ സ്റ്റാർബേസ് വിക്ഷേപണ കേന്ദ്രത്തിൽ നിന്ന് നടത്തിയ പതിനാലാമത് പരീക്ഷണ ദൗത്യത്തിലൂടെയാണ് (Flight 14) ലോകത്തിലെ ഏറ്റവും വലുതും ശക്തവുമായ ഈ റോക്കറ്റ് സംവിധാനം ഈ ചരിത്രനേട്ടം കൈവരിച്ചത്.

സെപ്റ്റംബർ 30

- ഏഷ്യൻ ഗെയിംസ് സെയ്ലിങ്ങിൽ (തുഴച്ചിൽ) ഇന്ത്യയ്ക്ക് അഭിമാനമായി മലയാളി സഖ്യം വെള്ളി മെഡൽ നേടി. പുരുഷന്മാരുടെ സ്കിഫ് ഇനത്തിലാണ് കൊച്ചി ചേറായി സ്വദേശികളായ പ്രിൻസ് നോബിൾ, മനു ഫ്രാൻസിസ് എന്നിവരടങ്ങിയ സഖ്യം രാജ്യത്തിനായി ചരിത്രനേട്ടം സ്വന്തമാക്കിയത്. കഴിഞ്ഞ ഒരു പതിറ്റാണ്ടായി ഒരുമിച്ച് മത്സരിക്കുന്ന ഇവർ, 2023-ലെ ഏഷ്യൻ സെയ്ലിങ് ചാമ്പ്യൻഷിപ്പിൽ വെങ്കലവും നേടിയിട്ടുണ്ട്. 2018-ലെ കേരള പ്രളയത്തിൽ മത്സ്യത്തൊഴിലാളിയായ പിതാവിനെ നഷ്ടപ്പെട്ട പ്രിൻസ് നോബിൾ, കടുത്ത ജീവിതസാഹചര്യങ്ങളോട് പൊരുതിയാണ് ഏഷ്യൻ ഗെയിംസ് വേദിവരെയുള്ള ഈ വെള്ളിത്തിളക്കത്തിലേക്ക് എത്തിയത്.

മരണത്തിന്റെ മണി എപ്പോൾ വേണമെങ്കിലും മുഴങ്ങാം

(1-ാം പേജിൽ നിന്നും തുടർച്ച)

'ഭാരത് സേവക്' ബഹുമതി നൽകി ആദരിച്ചു

'ഭാരത് സേവക്' ബഹുമതികൾ ബി.എസ്. ഗോപകുമാർ സമ്മാനിക്കുന്നു

തിരുവനന്തപുരം: സമൂഹത്തിന്റെ വിവിധ മേഖലകളിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുകയും അതുവഴി സമൂഹത്തിനും നാടിനും രാജ്യത്തിനും മുതൽക്കൂട്ടാവുകയും ചെയ്ത വ്യക്തികളെ പ്രോത്സാഹിപ്പിക്കുകയും ആദരിക്കുകയും ചെയ്യുന്നതിനായി ഭാരത് സേവക് സമാജ് ഏർപ്പെടുത്തിയിട്ടുള്ള "ഭാരത് സേവക് ബഹുമതികൾ" സമ്മാനിച്ചു. ബി.എസ്.എസ് ആസ്ഥാനമായ തിരുവനന്തപുരം കവടിയാർ സദ്ഭാവനാ ഭവൻ ആഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ബി.എസ്.എസ് ദേശീയാദ്ധ്യക്ഷൻ ബി.എസ്. ബാലചന്ദ്രന്റെ അഭാവത്തിൽ ബി.എസ്.എസ് ദേശീയ വൈസ്ചെയർമാൻ ബി.എസ്. ഗോപകുമാറാണ് ഇക്കുറി പുരസ്കാരദാന കർമ്മം നിർവ്വഹിച്ചത്.



സി. കൃഷ്ണൻ എക്സ് എം.എൽ.എ



പ്രൊഫ.ഡോ.ദിലീപ് കുമാർ. പി.പി.



ദർശൻരാമൻ

സി. കൃഷ്ണൻ എക്സ് എം.എൽ.എ

കണ്ണൂർ പയ്യന്നൂർ സ്വദേശി. 2011 മുതൽ 2021 വരെ പയ്യന്നൂർ നിയമ സഭാ മണ്ഡലത്തെ പ്രതിനിധീകരിച്ച് കേരള നിയമസഭാംഗമായി പ്രവർത്തിച്ചു. തൊഴിലാളി സംഘടനാ പ്രവർത്തനം, സഹകരണ മേഖല, രാഷ്ട്രീയ പ്രവർത്തനം, ജനപ്രതിനിധിത്വം എന്നിവയിലൂടെ ദീർഘകാലമായി പൊതുരംഗത്ത് സജീവമായി പ്രവർത്തിച്ചുവരുന്നു. തൊഴിലാളികളുടെയും സാധാരണ ജനങ്ങളുടെയും അവകാശങ്ങൾക്കും ക്ഷേമത്തിനുമായി വിവിധ മേഖലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ബീഡി തൊഴിലാളിയായാണ് ജീവിതം ആരംഭിച്ചത്. ബീഡി തൊഴിലാളികളുടെ അവകാശങ്ങൾക്കായുള്ള പ്രവർത്തനങ്ങളിലൂടെയാണ് പൊതുരംഗത്തേക്ക് കടന്നുവന്നത്. ബീഡി തൊഴിലാളി യൂണിയൻ, കൈത്തറി തൊഴിലാളി യൂണിയൻ, ഖാദി തൊഴിലാളി യൂണിയൻ, മത്സ്യത്തൊഴിലാളി യൂണിയൻ തുടങ്ങിയ വിവിധ തൊഴിലാളി സംഘടനകളിൽ നേതൃത്വപരമായ ചുമതലകൾ വഹിച്ചു. സി.പി.ഐ.(എം) പയ്യന്നൂർ ലോക്കൽ സെക്രട്ടറി, സി.പി.ഐ.(എം) പയ്യന്നൂർ ഏരിയ സെക്രട്ടറി, സി.പി.ഐ.(എം) കണ്ണൂർ ജില്ലാ കമ്മിറ്റി അംഗം, സി.പി.ഐ.(എം) കണ്ണൂർ ജില്ലാ സെക്രട്ടറിയേറ്റ് അംഗം എന്നീ ചുമതലകൾ വഹിച്ചിട്ടുണ്ട്. സി.ഐ.ടി.യു ജില്ലാ ജനറൽ സെക്രട്ടറി ആയിരുന്നു, സി.ഐ.ടി.യു സംസ്ഥാന കമ്മിറ്റി അംഗം, സി.ഐ.ടി.യു ദേശീയ പ്രവർത്തക സമിതി അംഗം, എന്നീ നിലകളിലും പ്രവർത്തിക്കുന്നു. ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് അംഗം, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് അംഗം, ബീഡി തൊഴിലാളി സഹകരണസംഘം ഡയറക്ടർ / ഭരണസമിതി അംഗം, പയ്യന്നൂർ കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് പ്രസിഡണ്ട്, വെള്ളൂർ വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രസിഡണ്ട്, റബ്കോ ഡയറക്ടർ തുടങ്ങിയ വിവിധ സ്ഥാപനങ്ങളിലെ ചുമതലകൾ വഹിച്ചിട്ടുണ്ട്. നിലവിൽ കേരള ഖാദി വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന ജനറൽ സെക്രട്ടറിയായി പ്രവർത്തിക്കുന്നു. സി.ഐ.ടി.യു കണ്ണൂർ ജില്ലാ പ്രസിഡന്റ് ആണ്.

പ്രൊഫ.ഡോ.ദിലീപ് കുമാർ. പി.പി.

എറണാകുളം ഉദയംപേരൂർ സ്വദേശി. 6 വയസുമുതൽ സംസ്കൃത പഠനം ആരംഭിച്ചു. ഒപ്പം അച്ഛനും ആയുർവേദത്തിന്റെ ബാലപാഠങ്ങൾ പഠിപ്പിച്ചു തുടങ്ങി. ആയുർവ്വേദ ഡോക്ടർ ആകണമെന്നുള്ള ബാല്യം മുതലുള്ള ആഗ്രഹം സഫലമാക്കി. 16 വർഷത്തെ അധ്യാപന ജീവിതം. ശിഷ്യന്മാരായ ആയുർവേദ ഡോക്ടർമാരെ കഴിഞ്ഞ 21 വർഷങ്ങളായി ആധുനിക ശാസ്ത്ര സാങ്കേതിക പദ്ധതികളുമായി സമന്വയിപ്പിച്ചു വേദോക്തമായ ആയുർവേദത്തെ പരിശീലിപ്പിച്ചുകൊണ്ടിരിക്കുന്നു. കശ്മീർ, ഉത്തരാഖണ്ഡ്, ഹിമാചൽ, മേഘാലയ, സിക്കിം, ഉത്തർപ്രദേശ്, ഒഡീഷ, ആന്ധ്ര, ഗുജറാത്ത്, കർണാടക, തമിഴ്നാട്, കേരളം, മഹാരാഷ്ട്ര, മദ്ധ്യപ്രദേശ്, ബീഹാർ എന്നീ സംസ്ഥാനങ്ങളിൽ കൃഷിക്കാരെ ഔഷധകൃഷി - ഭക്ഷ്യ വിളകൾ ജൈവമായി കൃഷി ചെയ്യുവാനും അത് വിൽക്കുവാനും സഹായിക്കുന്നു. ആയുർവേദ കോളേജുകളിലും സ്കൂളുകളിലും ഔഷധ കൃഷി വ്യാവസായിക അടിസ്ഥാനത്തിൽ ചെയ്യുന്നു. അംബുജാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദിക് റിസർച്ച് ആൻഡ് ഡോകുമെന്റേഷൻ, ഉദയംപേരൂർ മെഡിക്കൽ ഡയറക്ടർ, അംബുജം ഫൗണ്ടേഷൻ ഫോർ ആയുർവേദിക് റിനൈസൻസ് - മാനേജിങ് ട്രസ്റ്റി, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ് - വിസിറ്റിംഗ് പ്രൊഫസ്സർ, സെൻട്രൽ സംസ്കൃത യൂണിവേഴ്സിറ്റി, ദേവപ്രയാഗ്, ഉത്തരാഖണ്ഡ് - അഡ്വൈസർ, എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. ധാരാളം ആയുർവ്വേദ ഡോക്ടർമാർക്ക് സൗജന്യ പരിശീലനം കൊടുത്തിട്ടുണ്ട്. കേരളത്തിലെ സ്വാശ്രയ ആയുർവേദ കോളേജുകളിൽ അധ്യാപകനായിരുന്നു. 1993 മുതൽ 2005 വരെ ഔഷധ മാർക്കറ്റുകൾ പഠിക്കുകയും കൃഷിക്കാരെ കണ്ടെത്തി ജൈവമായി ഔഷധ - കാർഷിക ഉൽപന്നങ്ങൾ ലഭ്യമാക്കുന്നതിനുള്ള ശ്രോതസ്സുകൾ ഉപയോഗിച്ച് കൃഷിരീതികൾ നടപ്പിലാക്കുകയും ചെയ്യുന്നു. അംബുജം ഫൗണ്ടേഷൻ ഫോർ ആയുർവേദിക് റിനൈസൻസ് എന്ന ചാരിറ്റബിൾ ട്രസ്റ്റിന്റെ മാനേജിങ്ങ് ട്രസ്റ്റിയായി 2015 മുതൽ ഭാരതത്തിലെ നിരവധി വനങ്ങളിൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുകയും സ്കൂളുകളിൽ ഔഷധ കൃഷിക്ക് വേണ്ട എല്ലാ പ്രവർത്തനങ്ങളും നടപ്പിലാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

ദർശൻരാമൻ

തിരുവനന്തപുരം തിരുമല സ്വദേശി. സംഗീത സംവിധായകൻ. ധാരളം സീരിയലുകൾക്കും ചലച്ചിത്രങ്ങൾക്കും ആൽബങ്ങൾക്കും സംഗീതം നൽകിയിട്ടുണ്ട്. 1981 ൽ തകിലുകൊട്ടാമ്പുറം എന്ന ചിത്രത്തിന് 3 ഗാനങ്ങൾ സംഭാവന നൽകികൊണ്ട് വീണ്ടും സംഗീത ലോകത്തിലേയ്ക്ക് കടക്കുകയും, പ്രശസ്ത പിന്നണി ഗായകൻ ശ്രീ. കെ.ജെ. യേശുദാസ് പി. സുശീലയും ആലപിച്ച സ്വപ്നങ്ങളെ വീണുറങ്ങി എന്ന ഗാനത്തിന്റെ സംഗീതം നൽകി സംഗീത സംവിധാനമേഖലയിൽ പ്രശസ്തിനേടി. പ്രശസ്ത ഗാനരചയിതാവ് ബിച്ചുതിരുമലയുടെയും, പിന്നണിഗായിക പി. സുശീല ദേവിയുടെയും സഹോദരൻ കൂടിയാണ്. (സംഗീത സംവിധാനം)



ഡോ.മനു മെൽവിൻ ജോയ്



അനിൽ ഗോപിനാഥ്



നജീം കളങ്ങര

ഡോ.മനു മെൽവിൻ ജോയ്

എറണാകുളം കാക്കനാട് സ്വദേശി. കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാല (CUSAT)ലെ സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിൽ അസിസ്റ്റന്റ് പ്രൊഫസർ, അധ്യാപകൻ, ഗ്രന്ഥകാരൻ, ഗവേഷകൻ, നേതൃത്വ പരിശീലകൻ. ഗെയിമിഫിക്കേഷൻ, ഗെയിം അധിഷ്ഠിത പഠനം, നേതൃത്വ വികസനം എന്നീ മേഖലകളിൽ വിദഗ്ധൻ. ഏഴ് പുസ്തകങ്ങൾ രചിക്കുകയും അന്തർദേശീയ ജേണലുകളിൽ അമ്പതിലധികം ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. സാമൂഹിക പ്രതിബദ്ധതയോടെയുള്ള പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി 2022-ൽ Don Bosco Alumni Achiever Award ലഭിച്ചു. പരിശീലനം നൽകിയതിന്റെ ഭാഗമായി കേരള സർക്കാരിന്റെ ആദരവ് ലഭിച്ചു. IBM, The Federal Bank, Apollo Tyres തുടങ്ങിയ പ്രമുഖ സ്ഥാപനങ്ങൾ ഉൾപ്പെടെ നിരവധി ദേശീയ-അന്തർദേശീയ സ്ഥാപനങ്ങൾക്കായി 200-ലധികം പരിശീലന പരിപാടികൾ കൈകാര്യം ചെയ്തിട്ടുണ്ട്. സാങ്കേതികവിദ്യയും ഗെയിം ഡിസൈനും സാമൂഹിക നന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നതിലും ശ്രദ്ധേയമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്.

അനിൽ ഗോപിനാഥ്

തിരുവനന്തപുരം മണ്ണന്തല സ്വദേശി. സിനിമ സംവിധായകൻ, ഛായാഗ്രാഹകൻ. നിർമ്മാതാവ്, സാഹിത്യകാരൻ, അഭിനേതാവ്. മലയാള സിനിമ രംഗത്തെ വിവിധ മേഖലകളിൽ 38 വർഷക്കാലത്തെ പ്രവർത്തി പരിചയം. സിനിമകൾ സംവിധാനം ചെയ്തിട്ടുണ്ട്. നൂറോളം സിനിമകളിൽ വർക്ക് ചെയ്തിട്ടുണ്ട്, 25 ഓളം സിനിമകളിൽ ക്യാമറാമാനായിരുന്നു. അമ്പതോളം ടിവി സീരിയലുകൾ, ഡോക്യുമെന്ററികൾ ഷോർട്ട് മൂവികൾ മ്യൂസിക്കൽ ആൽബംസ് എന്നിവ ചെയ്തിട്ടുണ്ട്. ഇതിനുപുറമേ ഒരു ഒമാൻ സിനിമ, തമിഴ് സിനിമ എന്നിവയും സംവിധാനം ചെയ്തിട്ടുണ്ട്.

നജീം കളങ്ങര

കൊല്ലം തേവലക്കര സ്വദേശി. സാമൂഹിക പ്രവർത്തകൻ. ചെയർമാൻ ജനമൈത്രി കേരള സംസ്ഥാനം. ജനനന്മയ്ക്കായി 18 വർഷത്തെ സാമൂഹിക ഇടപെടലുകൾ. ഏഴു വർഷങ്ങളായി കേരള ജനമൈത്രിക്ക് രൂപം നൽകി പ്രവർത്തിക്കുന്നു. വാളയാർ പെൺകുട്ടിയുടെ കൊലപാതകം അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് പെൺവേഷം കെട്ടി കായംകുളം മുതൽ ജന്മനാട് വരെ കാൽനടയായി പ്രതിഷേധിച്ചു കൊണ്ട് തുടക്കം. കോവിഡ് കാലത്ത് കഷ്ടതകൾ അനുഭവിച്ചിരുന്ന പ്രവാസികളെ നാട്ടിലെത്തിക്കുന്നതിന് വേണ്ടി പ്രവർത്തിച്ചു. 101 ഒറ്റയാൾ സമരങ്ങൾ നടത്തി. പിഞ്ചുകുഞ്ഞുങ്ങളെയും സ്ത്രീകളെയും പീഡിപ്പിക്കുന്ന കിരാത മനുഷ്യരുടെ ഹീന പ്രവർത്തനങ്ങൾക്കെതിരെ നിരവധി പോരാട്ടങ്ങൾ., തെരുവോരങ്ങളിൽ കിടക്കുന്ന അനാഥരെ വൃത്തിയാക്കി അനാഥമന്ദിരങ്ങളിൽ ഏൽപ്പിച്ച പ്രവർത്തനങ്ങൾ, ആശുപത്രികളിലും വഴിയോരങ്ങളിലും കഴിഞ്ഞുകൂടുന്ന അലംബഹീനർക്ക് ഭക്ഷണപ്പോതി നൽകുന്ന പ്രവർത്തനങ്ങൾ, പാവപ്പെട്ട നിർധനരായ പെൺകുട്ടികളുടെ വിവാഹ ധനസഹായം നൽകുന്ന പ്രവർത്തനങ്ങൾ എന്നിവ ചെയ്തു വരുന്നു, തെരുവ് നായ്ക്കളുടെ പ്രശ്നവുമായി ബന്ധപ്പെട്ട് ഒന്ന് കാസർകോട് മുതൽ തിരുവനന്തപുരം സെക്രട്ടറിയേറ്റ് പടിക്കൽ വരെയും തേവലക്കര പഞ്ചായത്ത് പടിക്കൽ മുതൽ തിരുവനന്തപുരം സെക്രട്ടറിയേറ്റ് വരെയും കാൽനട പ്രതിഷേധങ്ങൾ നടത്തുകയുണ്ടായി. സാധനങ്ങളുടെ വില വർദ്ധനവിനെതിരെയും പാചക വാതക വിലവർദ്ധനവിനെതിരെയും കാസർകോട് മുതൽ തിരുവനന്തപുരം വരെ വീൽചെയർ ഉരുട്ടി പ്രതിഷേധയാത്ര നടത്തി. ഏഴാംമൈൽ അപകടങ്ങൾക്കെതിരെ പ്രതിഷേധിക്കുകയും സിഗ്നൽ ലൈറ്റ് സ്ഥാപിക്കണമെന്ന് ആവശ്യപ്പെടുകയും തുടർന്ന് പ്രസ്തുത സ്ഥലത്ത് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുകയും ചെയ്തു, .കെ.എസ്.ഇ.ബി. തേവലക്കര സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഓഫീസ് പടിക്കൽ പ്രതിഷേധം നടത്തി. ധാരാളം നിർധന രോഗികൾക്ക് സാമ്പത്തിക സഹായങ്ങൾ നൽകി വരുന്നു.



എടയത്ത് ശ്രീധരൻ



ശിവദാസൻ കരിപ്പാൽ



ഉദയൻ ഇടപ്പാൾ



ജിതികപ്രേം പി.കെ.നുവേണ്ടി സഹോദരൻ ജിതേഷ് സാവിത്രി

എടയത്ത് ശ്രീധരൻ

വടകര നടക്കു താഴ സ്വദേശി. സാമൂഹ്യ, രാഷ്ട്രീയ പ്രവർത്തകൻ. വടകര കോ ഓപറേറ്റീവ് റൂറൽ ബാങ്ക് മുൻ സെക്രട്ടറി, രണ്ടു പ്രാവശ്യം വടകര നഗരസഭ മുനിസിപ്പൽ വൈസ് ചെയർമാൻ ആയിരുന്നു. വടകര ജില്ലാ ആശുപത്രി ഭരണസമിതി മെംബർ, നടക്കുതാഴ ചോറോട് കനാൽ സംരക്ഷണസമിതിയിൽ ഇരുപതുവർഷമായി ചെയർമാൻ ആയിരുന്നു. വടകര ജില്ലാ ആശുപത്രിയിൽ വൃക്ക രോഗികൾക്ക് സൗജന്യ ഡയാലിസിസ് നൽകുന്നതിനായി 2013 ൽ നിലവിൽ വന്ന ധന്വന്തരി ഡയാലിസിസ് നിധിയുടെ സ്ഥാപകരിൽ ഒരാളും കഴിഞ്ഞ 13 വർഷമായി അതിന്റെ കൺവീനറുമാണ്. 2013 ൽ വമ്പിച്ച ഒരു ജനകീയ കൂട്ടായ്മയിലൂടെ വടകര നഗരസഭയും തൊട്ടടുത്തുള്ള 8 ഗ്രാമ പഞ്ചായത്തുകളിലെയും ആബാലവൃദ്ധം ജനങ്ങളും ഒത്തുചേർന്ന ഒറ്റദിവസംകൊണ്ട് 3.37 കോടി രൂപ സമാഹരിച്ച് ചരിത്രം സൃഷ്ടിച്ച ജനകീയ കൂട്ടായ്മ ഇപ്പോൾ 130 രോഗികൾക്ക് സൗജന്യ ഡയാലിസിസ് നൽകി വരുന്നു. ജില്ലാ ആശുപത്രിയിൽ 2016 ൽ നിലച്ചുപോയ കെട്ടിട നിർമ്മാണം 2022 ൽ ഫലപ്രാപ്തിയിൽ എത്തിക്കാൻ നേതൃത്വം നൽകി. 2021ൽ പ്രധാനമന്ത്രി ജനവികാസ് കാര്യക്രമിൽ PMJVK. കെട്ടിട നിർമ്മാണത്തിന് 83.70 കോടി രൂപയും ഡയാലിസിസ് സെന്ററിന് 40 ഡയാലിസ് യന്ത്രങ്ങൾ വാങ്ങാൻ 2 കോടി 11 ലക്ഷം രൂപയും നേടിയെടുക്കാൻ ക്രിയാത്മക നേതൃത്വം നൽകി. നിലവിൽ നടക്കുതാഴ ചോറോട് കനാൽ സംരക്ഷണ പ്രവർത്തനങ്ങൾക്കായി 2015 മുതൽ നേതൃത്വം നൽകി വരുന്നു. എം. കൃഷ്ണൻ സ്മാരക സമിതി വടകര ജനറൽ സെക്രട്ടറി, അരങ്ങിൽ ശ്രീധരൻ പഠന കേന്ദ്രം, കേരളം ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

ശിവദാസൻ കരിപ്പാൽ

കണ്ണൂർ കരിപ്പാൽ സ്വദേശി. മാധ്യമ പ്രവർത്തകൻ മലയാള മണ്ണ് കണ്ണൂർ ജില്ലാ ലേഖകൻ, മാതൃഭൂമി കാസർകോട് ബ്യൂറോയിൽ റിപ്പോർട്ടർ, അമൃത ടീവിയിൽ സീനിയർ റിപ്പോർട്ടർ ആയി കണ്ണൂർ, എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം ബ്യൂറോകളിലും പ്രവർത്തിച്ചു. കണ്ണൂർ മെട്രോ സായാഹ്ന ദിന പത്രത്തിന്റെ മാനേജിംഗ് എഡിറ്ററായി പ്രവർത്തിച്ചു, കണ്ണൂർ മീഡിയ ചാനലിന്റെ എഡിറ്ററായി പ്രവർത്തിക്കുന്നു. ഹ്യൂമൻ റൈറ്റസ് പ്രൊട്ടക്ഷൻ മിഷൻ കണ്ണൂർ ജില്ലാ പ്രസിഡന്റ്, കേരള സംസ്ഥാന മുന്നോക്ക സമുദായ ഐക്യവേദി സംസ്ഥാന സെക്രട്ടറി, നന്മ്യാർ മഹാസഭ സംസ്ഥാന സെക്രട്ടറി, കൊട്ടിയൂർ വൈശാഖ മഹോത്സവം കോർഡിനേറ്റർ, ശ്രീ ശങ്കരാചാര്യ ആധ്യാത്മിക പഠന ഗവേഷണ കേന്ദ്രം ജനറൽ സെക്രട്ടറി, കരിപ്പാൽ ക്ഷേത്ര പരിപാലന ട്രസ്റ്റ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിക്കുന്നു, എറണാകുളം, കണ്ണൂർ, കോഴിക്കോട് പ്രസ്ക്ലബ്ബുകളിലെ അംഗമാണ്. കെ.പി.ഉമ്മർ പുരസ്കാരം, രവീന്ദ്രനാഥ് ടാഗോർ സ്മാരക അക്ഷരശ്രീ മാധ്യമ പുരസ്കാരം, എ.ടി.ഉമ്മർ സ്മാരക മാധ്യമ പുരസ്കാരം, ഗ്രാമ സ്വരാജ് ഫൗണ്ടേഷൻ മാധ്യമ പുരസ്കാരം തുടങ്ങി ധാരാളം പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

ഉദയൻ ഇടപ്പാൾ

മലപ്പുറം ഇടപ്പാൾ സ്വദേശി. കലാരംഗത്ത് അഭിമാനമായി തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച കലാകാരനാണ്. മണൽ ഉപയോഗിച്ച് വെളിച്ചമുള്ള പ്രതലത്തിൽ അത്ഭുത ചിത്രങ്ങൾ തീർക്കുന്ന സാൻഡ് ആർട്ട് രംഗത്ത് വർഷങ്ങളായി സജീവം. ഇന്ത്യയിലും വിദേശ രാജ്യങ്ങളിലുമായി നിരവധി വേദികളിൽ തന്റെ കലാപ്രതിഭ അവതരിപ്പിച്ചിട്ടുണ്ട്. സാമൂഹിക വിഷയങ്ങൾ മണൽ ചിത്രങ്ങളിലൂടെ ആവിഷ്കരിച്ച് ജനശ്രദ്ധ നേടിയ കലാകാരനാണ് അദ്ദേഹം. ചിത്രകലയിൽ ഒതുങ്ങാതെ, കുട്ടികൾക്കായി ചിത്രകലാ ക്യാമ്പുകൾ സംഘടിപ്പിച്ച് പുതിയ തലമുറയെ കലയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തുന്ന അധ്യാപകനുമാണ്. സാമൂഹിക സേവനരംഗത്തും സജീവമാണ്, പ്രളയബാധിതർക്കായി ഭക്ഷ്യധാന്യങ്ങളും അവശ്യസാധനങ്ങളും എത്തിച്ച് മാതൃകയായി. നാടിന്റെ ആഘോഷങ്ങൾക്ക് വിസ്മയമാകുന്ന കലാസൃഷ്ടികൾ ഒരുക്കുന്നതിലും അദ്ദേഹം മുന്നിലാണ്. പ്രമുഖ ടിവി ഷോകളിലും സിനിമാ ആർട്ട് വിഭാഗത്തിലും ശ്രദ്ധേയ സാന്നിധ്യമാണ്. 22ഓളം മലയാള സിനിമകളിൽ പ്രവർത്തിച്ചിട്ടുണ്ട്. പാക്കനാർ പുരസ്കാരം, ചിത്രകലാ രംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള ഇടപ്പാളയം പുരസ്കാരം, വാഴക്കാട് ഫുട്ബോൾ ശിൽപനിർമാണത്തിനുള്ള അനുമോദനം എന്നിവയുൾപ്പെടെ നിരവധി അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്.

ജിതികപ്രേം പി.കെ.

വയനാട് മുണ്ടക്കൈ സ്വാദേശി. വുഷു കായികതാരം, നർത്തകി. ഇന്റർ നാഷണൽ മെഡലിസ്റ്റായ ഷെബീർ മാഷിൽ നിന്നും എയറോബിക് ഡാൻസ്, കുന് ഫൂ, കരാട്ടെ, വുഷു എന്നിവ 16 വർഷമായി അഭ്യസിച്ചു വരുന്നു. നിലവിൽ ഇന്ത്യൻ സ്പോർട്സ് ഖേലോ ഇന്ത്യ നാഷണൽ വുഷു പ്ലയേറും അത്ലേറ്റും ആണ്. കേരള സംസ്ഥാന സീനിയർ പുരുഷ-സ്ത്രീ വു-ഷു ചാമ്പ്യൻഷിപ്പ് 2022-23 - ലും 2023-24 ലും വെള്ളി മെഡൽ ലഭിച്ചു, ഖേലോ ഇന്ത്യ വനിതാ വുഷു - ലീഗ് സൗത്ത് സോൺ സൗത്ത് ഇന്ത്യ 2024 വെങ്കല മെഡൽ ലഭിച്ചു. നൃത്തത്തിൽ ഇന്റർനാഷണൽ ഡാൻസ് സ്പോർട്സ് ഫെഡറേഷൻ ചാമ്പ്യൻഷിപ്പ് ഭരതനാട്യം (സ്വർണ്ണ മെഡൽ) ലഭിച്ചു. നിലവിൽ ഫ്ളവേഴ്സ് ചാനലിലെ ഡാൻസ് ദമാക്ക എന്ന പ്രോഗ്രാമിലെ മത്സരാർത്ഥി കൂടിയാണ്. പെൻസിൽ ഡ്രോയിങ്, വാട്ടർ കളർ, പെയിന്റിംഗ് എന്നിവയിൽ പ്രാവീണ്യം നേടിയിട്ടുണ്ട്. ഒരു നൃത്താധ്യാപക കൂടിയാണ്. കേരള ഡാൻസ് ടീച്ചേർസ് അസോസിയേഷൻ വയനാട് ജില്ല ഭാരവാഹിയാണ്. രാഷ്ട്രീയ സാമൂഹിക മേഖലകളിൽ തന്റെതായ വ്യക്തി മുദ്ര പതിപ്പിച്ചിട്ടുണ്ട്. ഇന്ത്യയിൽ തന്നെ ഏറ്റവും നാശനഷ്ട്ടങ്ങൾ ഉണ്ടാക്കിയ മേപ്പാടി പഞ്ചായത്ത് മുണ്ടക്കൈ ചുരൽമാല ഉരുൾ പൊട്ടൽ ബാധിച്ച ആളാണ്. ഉരുൾ പൊട്ടലിൽ നിന്നും ഓടി രക്ഷപ്പെടുമ്പോൾ മക്കളേയും അമ്മയേയും കൽമുട്ടിനു വയ്യാത്ത അച്ഛനെയും കൈവിടാതെ കൂടെ പിടിച്ചു കൂടാതെ അർദ്ധ രാത്രി 12 മണിമുതൽ കോരിച്ചൊരിയുന്ന മഴയിൽ നിന്നും വൃദ്ധരായ മറ്റുള്ളവരെയും കൂട്ടി അടുത്തുള്ള എസ്റ്റേറ്റ് ഡിസ്പെൻസറിയിൽ കൊണ്ടുപോയി സംരക്ഷിച്ചു. 24 ന്യൂസ് ചാനൽ, റിപ്പോർട്ടർ ന്യൂസ് ചാനൽ എന്നിവയിൽ കൂടെ പുറം ലോകത്തിനോട് വിളിച്ചു പറഞ്ഞു. കൂടാതെ അയൽവാസികളെയും കൂട്ടുകാരെയും മറ്റും, തിരിച്ചറിയാത്ത ജഡങ്ങൾ തിരിച്ചറിഞ്ഞു അവരവരുടെ ബന്ധുക്കൾക്ക് ഏൽപ്പിച്ചു. ഒരു പാട് സംഘടനകളുടെ സഹായങ്ങൾ ഉരുൾ പൊട്ടൽ ബാധിച്ചു നിസ്സഹായരായ ആളുകൾക്ക് എത്തിച്ചുകൊടുത്തു.

'ഭാരത് സേവക്' ബഹുമതി നൽകി ആദരിച്ചു

'ഭാരത് സേവക്' ബഹുമതികൾ ബി.എസ്. ഗോപകുമാർ സമ്മാനിക്കുന്നു



ഡോക്ടർ മുരളീ മോഹൻ



ഗ്രേസി ഫിലിപ്പ്



കെ.അലിമോൻ

ഡോക്ടർ മുരളീ മോഹൻ

പാലക്കാട് ചെറുപ്പുളശ്ശേരി സ്വദേശി. മാധ്യമ പ്രവർത്തകൻ, തിരക്കഥാകൃത്ത്, ചലച്ചിത്ര, ഡോക്യുമെന്ററി സംവിധായകൻ. ഓൺലൈൻ വാർത്താമാധ്യമമായ അനുഗ്രവിഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. ചലച്ചിത്രങ്ങൾക്കു പുറമേ കഥകളി, മോഹിനിയാട്ടം, ഭരതനാട്യം, ഓട്ടംതുള്ളൽ, സോപാനസംഗീതം, പഞ്ചവാദ്യം തുടങ്ങിയ കേരളീയ കലാരൂപങ്ങളുടെ ദൃശ്യാവിഷ്കാരങ്ങളിലും പ്രവർത്തിച്ചിട്ടുണ്ട്. 1996 മുതൽ മാധ്യമ രംഗത്ത് വിവിധ ദൃശ്യമാധ്യമങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവരുന്നു. ജീവൻ ടിവിയിൽ ശബരിമലയേയും അയ്യപ്പഭക്തിയെയും ആസ്പദമാക്കി 'ശരണം ശരണം അയ്യപ്പാ' എന്ന പരിപാടി ഒരുക്കി. ദൂരദർശനിൽ 'പുണ്യ ദർശനം' എന്ന പേരിൽ ശബരിമലയെ കുറിച്ചുള്ള 10 എപ്പിസോഡുകൾ ഉള്ള ഡോക്യുമെന്ററി പരമ്പരയും തയ്യാറാക്കി. ശബരിമലയെ ആസ്പദമാക്കി വിവിധ ഭാഷകളിൽ ഡോക്യുമെന്ററികൾ ചെയ്തു. 2019 - ൽ അനുഗ്രഹ വിഷൻ എന്ന ഓൺലയിൽ ചാനൽആരംഭിച്ചു അതിന്റെ ചീഫ് എഡിറ്ററായി പ്രവർത്തിക്കുന്നു. കേരളത്തിന്റെ പരമ്പരാഗത ശാസ്ത്രീയ കലാരൂപങ്ങളുടെ വിവിധ ദൃശ്യ ആവിഷ്കാരങ്ങൾ ആയ നളചരിതം ഒന്നാം ദിവസം, നളചരിതം രണ്ടാം ദിവസം, നളചരിതം മൂന്നാം ദിവസം, കുചേലവൃത്തം, കിർമീരവധം, സോപാനസംഗീതജ്ഞൻ ഞരളത്ത് ഹരിഗോവന്ദൻ, കലാമണ്ഡലം ലീലാമ്മ - നൃത്താദ്യങ്ങൾ, കലാമണ്ഡലം ഹൈമാവതി മോഹനിയാട്ടീ,എന്നിവയുടെ ഡയറക്ടറായി പ്രവർത്തിച്ചിട്ടുണ്ട്. എ .ഐ. സാങ്കേതികവിദ്യ ഉപയോഗിച്ച് മഹാകവി കുമാരനാശാന്റെ കരുണയെ ആസ്പദമാക്കി നിർമ്മിക്കുന്ന 'വാസവദത്ത' എന്ന ചിത്രത്തിന്റെ സംവിധായകനും നിർമ്മാതാവുമാണ്. ചെർപ്പുളശ്ശേരി പ്രസ്ക്ലബ്ബ്നൽകിയ മാധ്യമ പുരസ്കാരം, ഒരുമ കൂട്ടായ്മയുടെ പുരസ്കാരം, സിഡ്കോ മീഡിയ നൽകിയ പുരസ്കാരം, ഗ്ലോബൽ ഹുമൻ പീസ് യൂണിവേഴ്സിറ്റി നൽകിയ ഹോണററി ഡോ ക്ടറേറ്റ് എന്നിവ ലഭിച്ചിട്ടുണ്ട്.

ഗ്രേസി ഫിലിപ്പ്

പത്തനംതിട്ട കൂടൽ സ്വദേശി. ചിത്രകാരി. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലും, വിദേശരാജ്യങ്ങളിലും നിരവധി ചിത്രപ്രദർശനങ്ങൾ നടത്തിയിട്ടുണ്ട്. 1987ൽ തിരുവനന്തപുരം മ്യൂസിയം ഓഡിറ്റോറിയത്തിൽ ആദ്യ ചിത്ര കലാപ്രദർശനം നടത്തി. തിരുവനന്തപുരത്ത് വൈലോപ്പിള്ളി സംസ്കൃത ഭവനിൽ മഹാകവി പി കുഞ്ഞിരാമൻ നായരുടെ കവിതകളെ ആസ്പദമാക്കിയും, സെനറ്റ് ഹാളിൽ കാർഷികവൃത്തിയെ ആസ്പദമാക്കിയും എക്സിബിഷനുകൾ സംഘടിപ്പിച്ചു. കോവളം ആർട്ട് ക്രാഫ്റ്റ് വില്ലേജിലും, കോട്ടയത്തും ചിത്രകാരികളുടെ ക്യാമ്പ് സംഘടിപ്പിക്കുന്നതിൽ പ്രധാന പങ്കു വഹിച്ചു. സാഹിത്യകാരന്മാരുടെ കൃതികളെ ആസ്പദമാക്കി കോട്ടയം ഡിസി ബുക്സ് ഗാലറിയിൽ പോയറ്റിക് എക്സിബിഷനും കായംകുളത്ത് ചാർക്കോളിൻ എക്സിബിഷനും സംഘടിപ്പിച്ചു. കുട്ടനാട്ടിലെ രാമൻകരയിൽ കാർഷികവൃത്തിയെ ആസ്പദമാക്കി സംഘടിപ്പിച്ച ചിത്ര കലാ ക്യാമ്പിൽ നൂറുകണക്കിന് ചിത്രകാരന്മാരാണ് പങ്കെടുത്തത്. കവയിത്രി സുഗതകുമാരിയുടെ രണ്ട് കവിതകളെ ആസ്പദമാക്കി പോയറ്റിക് എക്സിബിഷൻ നടത്തി. ആറന്മുള വാസ്തുവിദ്യ ഗുരുകുലത്തിൽ ചുവർ ചിത്ര രചനയിൽ പഠനം നടത്തി. കൂടൽ ശ്രീദേവി ക്ഷേത്രത്തിൽ സൗജന്യമായി ചുവർ ചിത്രങ്ങൾ വരച്ചു സമർപ്പിച്ചു. ന്യൂഡൽഹിയിൽ വച്ച് മികച്ച ചിത്രകാരിക്കുള്ള അംബേദ്കർ അവാർഡ് ലഭിച്ചു. പത്തനാപുരം ഗാന്ധിഭവനിലും, പത്തനാപുരം സെന്റ് ജോസഫ് സ്പെഷ്യൽ സ്കൂളിലെ ഓട്ടിസം ബാധിച്ച വിദ്യാർത്ഥികൾക്കുമായി ചിത്രരചനയിൽ പരിശീലനം നൽകിയിട്ടുണ്ട്. തിരുവനന്തപുരം ദൂരദർശൻ കേന്ദ്രത്തിന് വേണ്ടി അഭിമുഖങ്ങൾ നടത്തിയിട്ടുണ്ട്.

കെ.അലിമോൻ

മലപ്പുറം ഇടപ്പാൾ സ്വദേശി. ഫിറ്റ്നസ് രംഗത്തും രക്തദാന മേഖലയിലും 40 വർഷമായി സജീവം. 77 തവണ രക്തദാനം നടത്തിയിട്ടുള്ളതോടൊപ്പം രക്തദാന സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കായിക-സാംസ്കാരിക കൂട്ടായ്മകൾ എന്നിവയിൽ വിവിധ ഉത്തരവാദിത്വങ്ങൾ വഹിക്കുന്നു. ഫിസിയോതെറാപ്പിക്ക് ശേഷമുള്ള തുടർ വ്യായാമത്തിന് സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നവരെ സ്വന്തം "ഗ്ലോബൽ ഫിറ്റ്നസ്" സ്ഥാപനത്തിലൂടെ സഹായിക്കുന്നു. ഫിറ്റ്നസ് പരിശീലന രംഗത്ത് ഏകദേശം 40 വർഷത്തെ പ്രവർത്തനപരിചയം. ഭിന്നശേഷിക്കാരുടെ പരിചരണത്തിനും പുനരധിവാസ തുടർ വ്യായാമത്തിനും പിന്തുണ. ബ്ലഡ് ഡോണേഴ്സ് കേരള, മലപ്പുറം ജില്ല വൈസ് പ്രസിഡണ്ട്, ബോഡി ബിൽഡിംഗ് അസോസിയേഷൻ മലപ്പുറം ജില്ല എക്സിക്യൂട്ടീവ് അംഗം, BDK, പൊന്നാനി താലൂക്ക് രക്ഷാധികാരി, AMLP സ്കൂൾ, പൂക്കരത്തറ PTA പ്രസിഡണ്ട്, ഹെൽപ്പ് ലൈൻ, പൂക്കരത്തറ രക്ഷാധികാരി, പൂക്കരത്തറ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ് രക്ഷാധികാരി എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. വേൾഡ് ബ്ലഡ് ഡോണേഴ്സ് ഡേ, കേരള സർക്കാർ പുരസ്കാരം, പൊന്നാനി ജനമൈത്രി പോലീസ് പുരസ്കാരം, കോട്ടക്കൽ മിംസ് ഹോസ്പിറ്റൽ രക്തദാന പ്രവർത്തനങ്ങൾക്കുള്ള ആദരവ്, എടപ്പാൾ ഹോസ്പിറ്റൽ പ്രൈവറ്റ് ലിമിറ്റഡ് വേൾഡ് ബ്ലഡ് ഡോണർ ഡേ പുരസ്കാരം, ബ്ലഡ് ഡോണേഴ്സ് കേരള, മലപ്പുറം ജില്ല ആദരവ്, ബ്ലഡ് ഡോണേഴ്സ് കേരള, പൊന്നാനി താലൂക്ക് ആദരവ്, BDK ശ്രീജിത്ത് എടപ്പാൾ സ്മാരക പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്.



ഡോ. ഷിബിന എസ്.



അഡ്വ. ടി.പി.എ.നസീർ



ഡി. ശിവപ്രസാദ്



പി.ശ്രീധരൻ നായർ

ഡോ. ഷിബിന എസ്.

ആലപ്പുഴ കായംകുളം സ്വദേശി. മാനസികാരോഗ്യ സംരക്ഷണം, കൗൺസിലിംഗ് സേവനങ്ങൾ വ്യക്തിത്വ വികസനം എന്നീ മേഖലകളിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. മനഃശാസ്ത്രമേഖലയിലെ അറിവും പ്രൊഫഷണൽ മികവും തുടർച്ചയായി വികസിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു സമർപ്പിത പ്രവർത്തകയാണ്. വ്യക്തികളുടെ മാനസിക ക്ഷേമം, ആത്മവിശ്വാസം ജീവിതത്തിലെ വെല്ലുവിളികൾ എന്നിവയെ ഫലപ്രദമായി നേടിരുന്നതിനുള്ള മാനസിക ശാക്തീകരണം ലക്ഷ്യമാക്കി അവർ നടത്തുന്ന കൗൺസിലിംഗ് ഇടപെടലുകൾ ഏറെ ശ്രദ്ധേയമാണ്. യുണൈറ്റഡ് അറബ് എമിറേറ്റ്സിൽ യുഎഇ ലഭിച്ച ജീവിതാനുഭവങ്ങളും വിവിധ സംസ്കാരങ്ങളിൽ നിന്നുള്ള ആളുകളുമായുള്ള ഇടപെടലുകളും നിരവധി വ്യക്തികളുടെ ജീവിതത്തിൽ പ്രത്യാശയും ആത്മവിശ്വാസവും വളർത്തുന്നതിൽ നിർണായക പങ്കുവഹിച്ചുവരുന്നു. മാനസികാരോഗ്യബോധവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനും വ്യക്തികളുടെ സമഗ്ര വ്യക്തിത്വ വികസനത്തിനായും പ്രവർത്തിക്കുന്നു.

അഡ്വ. ടി.പി.എ.നസീർ

കോഴിക്കോട് താമരശ്ശേരി സ്വദേശി. എഴുത്തുകാരൻ, കോളമിസ്റ്റ്, കൗൺസിലർ, പ്രഭാഷകൻ, ബ്ലോഗർ, ജീവ കാരുണ്യ പ്രവർത്തകൻ, മലയാളത്തിലെ പ്രമുഖ ആനുകാലിക പ്രസിദ്ധീകരണങ്ങളിലും പത്രങ്ങളിലും സ്ഥിരമായി ലേഖനങ്ങളും ഫീച്ചറുകളും ചെയ്തു വരുന്നു. പ്രീ മാരിറ്റൽ കൗൺസിലിംഗ്, അഡോൾസൺസ് ഗൈഡൻസ്, ഫാമിലി തെറാപ്പിസ്റ്റ്, ലൈഫ് കോച്ച് തുടങ്ങിയ മേഖലയിലും സജീവമാണ്. ഇപ്പോൾ സ്റ്റേറ്റ് ഫിനാൻസ്ഡിപ്പാർട്ട്മെന്റിൽ അസി. ഓഡിറ്റ് ഓഫീസറായി ജോലി ചെയ്യുന്നു. ബസ്റ്റ് സെല്ലർ ബുക്കുകളായ ചേർത്തു പിടിച്ചങ്ങനെ, മനുഷ്യരിൽ നിന്ന് ഇറങ്ങിപ്പോകുന്നവർ എന്നീ ബുക്കുകളുടെ രചയിതാവാണ്. കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹെൽത്ത് കെയർ ഫൗണ്ടേഷൻ എന്ന സംഘടനയുടെ സ്ഥാപകരിൽ ഒരാളാണ്. വിത്യസ്ത കഴിവുകളുള്ള 250 ൽ പരം കുട്ടികളുടെ വിദ്യാഭ്യാസവും യാത്രയും സൗജന്യമായി നൽകുന്ന ഇവിടെ സർക്കാരിന്റെ പ്രതീക്ഷാ ഭവനും പ്രവർത്തിക്കുന്നു. മാനസിക വെല്ലുവിളികൾ നേരിടുന്ന ആളുകൾക്ക് വൈദ്യസഹായം എത്തിക്കുക എന്നതും ഇവിടെ നടന്നു വരുന്നു. 200 ൽ പരം ആളുകൾ മെമ്പറായിട്ടുള്ള WRO എന്ന വിൽചെയർ ഓർഗനൈസേഷനിൽ പാട്രൻ ആണ്. ഇവിടെ വീൽചെയർ നൽകുന്നതിനും തൊഴിൽ പരിശീലനം നൽകുന്നതിനും മാനസിക ഉല്ലാസങ്ങൾ കണ്ടെത്തുന്നതിനും നിരന്തരമായ പരിശ്രമങ്ങളാണ് നടത്തുന്നത്. ഫാമിലി തെറാപ്പിസ്റ്റുകൂടിയാണ്.

ഡി. ശിവപ്രസാദ്

തിരുവനന്തപുരം പാച്ചല്ലൂർ സ്വദേശി. ചലച്ചിത്ര സംഗീത സംവിധായകൻ. AIR തിരുവനന്തപുരത്തിലെ A ഗ്രേഡ് മ്യൂസിക് കമ്പോസറാണ് 2000 ത്തിൽപ്പരം ലളിതഗാനങ്ങൾ ലളിത സംഗീത പാഠങ്ങൾ 1000 ത്തിൽപ്പരം ആൽബം സോങ്സ് എന്നിവ ചിട്ട പ്പെടുത്തിയിട്ടുണ്ട്. നിരവധി മ്യൂസിക് പ്രോഗ്രാമുകൾ നടത്തിയിട്ടുണ്ട്. രാഗങ്ങളെ കോർത്തിണക്കി കൊണ്ട് രാഗപരിചയം എന്ന പേരിൽ ഒരു പ്രത്യേക പരിപാടി സൂര്യ ടീവിയിൽ അവതരിപ്പിച്ചിട്ടുണ്ട്. ഈ പരിപാടി നന്നായി അവതരിപ്പിച്ചതിനു കൊട്ടാരത്തിൽ അവാർഡ് ലഭിച്ചിട്ടുണ്ട്. മൺമറഞ്ഞു പോയ കലാകാരന്മരെ സ്മരിക്കാൻ അമര സംഗീതം എന്ന പരിപാടി അവതരിപ്പിച്ചതിനു പനോരമ ടെലിവിഷന്റെ ബെസ്റ്റ് മ്യൂസിക് പ്രോഗ്രാം അവാർഡ് ലഭിച്ചിട്ടുണ്ട് . സൂര്യ TV യിൽ ആലാപനം ലളിത സംഗീത പാഠം അവതരിപ്പിച്ചതിനു പ്രത്യേക അവാർഡ് ലഭിച്ചിട്ടുണ്ട്. ത്യാഗരാജസ്വാമികൾ എന്ന ടൈറ്റിൽ വേഷം ചെയ്തതിനു FAS ന്റെ ബെസ്റ്റ് ആക്ടർ അവാർഡ് ലഭിച്ചിട്ടുണ്ട്. മലയാള ചലച്ചിത്രത്തിനു വേണ്ടി ഗാനങ്ങൾ സംവിധാനം ചെയ്തിട്ടുണ്ട്.

പി.ശ്രീധരൻ നായർ

തിരുവനന്തപുരം പൂജപ്പുര സ്വദേശി. ഗവ: പ്രസ്സിൽ 36 വർഷത്തെ സർവീസിൽ ഗുഡ് സർവ്വീസ് എൻട്രി ലഭിച്ചിട്ടുണ്ട്. നിരവധി ആദരവുകൾ ഏറ്റുവാങ്ങിയിട്ടുണ്ട്. ജീവകാരുണ്യപ്രവർത്തനങ്ങളിലും രാമായണ പാരായണത്തിലും അഖില കേരള പുരാണപാരായണ കലാ സംഘടനയിലും ആതുര സേവന രംഗത്തും സാമൂഹ്യ സാംസ്കാരിക ആത്മീയ രംഗത്തും പ്രവർത്തിക്കുന്നു. പുരാണ പാരായണത്തിൽ പുതു തലമുറയ്ക്ക് വേണ്ട പരിശീലനം നൽകുന്നു. തിരുവനന്തപുരം വിശ്വ ഹിന്ദുപരിഷത്തിൽ ഖജാൻജിയും വിവേകാനന്ദ പ്രകഡിന്റെ പ്രസിഡന്റിന്റെ ചുമതലയും 15 വർഷക്കാലം നിർവഹിച്ചു. അഖിലകേരള പുരാണ പാരായണ കലാ സംഘടന പ്രസിഡന്റ് കൂടിയാണ്. മാറാട് സംഭവത്തിൽ സമാധാന സന്ദേശവുമായി രംഗത്തുണ്ടായിരുന്നു. ഈ പ്രായത്തിലും ആതുര സേവനം ഒരു തപസ്യയായി കരുതുന്നു.



ഋതുപർണ്ണ ആർ ബാലുശ്ശേരി



ടി.ജി. അമൽ



എസ്.ജയചന്ദ്രൻ നായർ



ബിന്ദുമോൾ.എം.എസ്.

ഋതുപർണ്ണ ആർ ബാലുശ്ശേരി

കോഴിക്കോട് ബാലുശ്ശേരി സ്വദേശി. സാഹിത്യകാരി. 21 ഓളം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. അതിൽ ഒരു ബാലസാഹിത്യവും ഒരു ആത്മകഥയും ഒരു നോവ ലും, മൂന്നു ചെറുകഥാ സമാഹാരങ്ങളും മൂന്നു മാന്ത്രിക നോവലുകളും പത്തു ക്രൈം ത്രില്ലറുകളും ഒരു ഫാന്റസി ത്രില്ലറും ഉൾപ്പെടുന്നു. ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ കഥയും, തുടർക്കഥയും കവിതകളും എഴുതുന്നു. 2019 മുതൽ പബ്ളിഷിംഗ് മേഖലയിലേയ്ക്ക് വന്നു. അക്ഷരജ്യോതി പുരസ്കാരം, തിക്കുറുശ്ശി ഫൗണ്ടേഷൻ പുരസ്കാരം, കല്ലുപെൻസിൽ ക്രൈം സിനിമാറ്റിക് വിഷ്വൽ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്.

ടി.ജി. അമൽ

തിരുവനന്തപുരം കുടപ്പനക്കുന്ന് സ്വദേശി. കവി, കഥാകൃത്ത്. MRF ൽ മെയിന്റൻസ് സൂപ്പർവൈസർ, മോഹൻദാസ് കോളേജിൽ അസിസ്റ്റന്റ് പ്രൊഫസർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു. ഇപ്പോൾ കേന്ദ്രസർക്കാർ ഓഫീസിൽ ടെക്നിക്കൽ ഓഫീസറായി ജോലി ചെയ്യുന്നു.

ഇലകൾ, നാലാംധ്യാനം, കാറ്റിൽതൂക്കിയിട്ട ഓർമ്മകൾ എന്നീ കവിതാ സമാഹാരങ്ങളും, അനന്തപത്മനാഭനും ഉറുബും എന്ന കഥയും രചിച്ചിട്ടുണ്ട്. 2026 തനിമ സാഹിത്യ പുരസ്കാരം, വഴയില ശ്രീഭദ്രകാളിപുരം ദേവി പുരസ്കാരം, കൈതറക്കോണം തമ്പുരാൻ പുരസ്കാരം തുടങ്ങി ധാരാളം പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. രാക്കവിതക്കൂട്ടം എന്ന കാവ്യകൂട്ടായ്മയുടെ പ്രവർത്തന ഭാരവാഹി, ASCEND എന്ന സംഘടനയുടെ ജോയിന്റ് സെക്രട്ടറി, 'ര' കവിതാ ക്യാമ്പിന്റെ പ്രോഗ്രാം കോർഡിനേറ്റർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. കവിതാ പുസ്തകങ്ങൾ എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ചു. കലാ സാംസ്കാരിക സാമൂഹിക സംഘടനകളിൽ സജീവമായി പ്രവർത്തിക്കുന്നു.

എസ്.ജയചന്ദ്രൻ നായർ

തിരുവനന്തപുരം ചാന്നാംകര സ്വദേശി. പരിസ്ഥിതി, സാമൂഹ്യ, സാഹിത്യ, സാംസ്കാരിക മേഖലകളിൽ സജീവമായി പ്രവർത്തിക്കുന്നു. കേരള പോലീസിൽ നിന്നും സബ് ഇൻസ്പെക്ടർ ആയി വിരമിച്ചു. ഒറ്റച്ചിലമ്പൊലി എന്ന കവിതാസമാഹാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിരവധി കവിത സമാഹരങ്ങളിൽ കവിതകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ശൂരനാട് കുഞ്ഞൻപിള്ള 'കാവ്യശ്രീ പുരസ്കാരം', അക്ഷര കേരളം 'കാവ്യശ്രേഷ്ഠാ പുരസ്കാരം', കേരള പോലീസ് 'അക്ഷരദീപം പുരസ്കാരം', എഴുത്തുറവ് കലാ സാഹിത്യക്കൂട്ട് 'കവിത പുരസ്കാരം', തനിമാ സാഹിത്യ വേദിയുടെ 'കാവ്യവസന്തം പുരസ്കാരം' ഭാഷാ മലയാളം സാഹിത്യ സൗഹൃദ കൂട്ടായ്മയുടെ 'സാഹിത്യ പ്രതിഭ ആദരവ്', 'കാവ്യവസന്തം പുരസ്കാരം', പരിസ്ഥിതി പ്രവർത്തകനുള്ള ചിന്താ സാംസ്കാരിക വേദിയുടെ 'പരിസ്ഥിതി സംരക്ഷണ പുരസ്കാരം', കേരള പോലീസ് സൗഹൃദ കൂട്ടായ്മയുടെ 'പരിസ്ഥിതി സൗഹൃദ പുരസ്കാരം' തുടങ്ങി ധാരാളം പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. പരിസ്ഥിതി പ്രവർത്തനത്തിൽ കഠിനംകുളം കായൽ കണ്ടൽ വനവത്കരണത്തിന്റെ 'ആവാസതീരം' പദ്ധതിയിൽ കൺവീനറായി, മുഖ്യ പ്രവർത്തകനായി പ്രവർത്തിച്ചു. പ്ലാസ്റ്റിക് നിർമ്മാർജ്ജന യജ്ഞത്തിൽ സജീവ പ്രവർത്തകനായി പ്രവർത്തിക്കുന്നു.

ബിന്ദുമോൾ.എം.എസ്.

വയനാട് മീനങ്ങാടി സ്വദേശി. ചിത്രകല രംഗത്ത് 20 വർഷമായി പ്രവർത്തിക്കുന്നു. 15 വർഷമായി ചുമർ ചിത്രകലയിൽ (മ്യൂറൽ പെയിന്റിംഗ്) കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു. വയനാട് ജില്ലയിലെ സ്കൂളുകൾ,അംഗൻവാടികൾ, ഹെൽത്ത് സെന്ററുകൾ, ആരാധനാലയങ്ങൾ, ഇവയിലൊക്കെ ചിത്രങ്ങൾ ചെയ്തിട്ടുണ്ട്. കൂടാതെ മാനന്തവാടി ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ സ്ഥാപനങ്ങൾ, ബത്തേരി മുത്തങ്ങ ഫോറെസ്റ്റ് വാൾ, ബത്തേരി സെൻറ് മേരീസ് കോളേജ് ബിൽഡിംഗ്, ബത്തേരിയിലെ PWD വാൾ.. ബത്തേരി മൃഗസംരക്ഷണ വകുപ്പ് തുടങ്ങി വയനാട് ജില്ലയിലെ സർക്കാർ , പ്രൈവറ്റ് സ്ഥാപനങ്ങളിൽ പ്രൊഫഷണൽ ആർട്ട് വർക്ക് ചെയ്തു കൊണ്ടിരിക്കുന്നു. വയനാട് ചിത്രകല പരിഷത്തിൽ പത്ത് വർഷമായി ജോയിന്റ് സെക്രട്ടറിയായി പ്രവർത്തിക്കുന്നു. സംസ്ഥാന ചിത്രകലാ പരിഷത്ത് അംഗമാണ്. കുടുംബശ്രീ ജില്ലാതലത്തിൽ നടത്തിയ മത്സരങ്ങളിൽ നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. അതുപോലെ ജില്ലയിൽ നിന്നും ചിത്രം വരയിൽ മികച്ച പ്രകടനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ കൊച്ചി മുസിരിസ് ബീനാലെയിൽ പങ്കെടുക്കാൻ സാധിച്ചു. ഫിലമെന്റ് സംസ്ഥാന കമ്മിറ്റി ഏർപ്പെടുത്തിയ ചിത്രകല പ്രതിഭ പുരസ്കാരം ലഭിച്ചിട്ടുണ്ട്. കേരളോത്സവം ജില്ലാ സംസ്ഥാന മത്സരങ്ങളിൽ നിരവധി സമ്മാനങ്ങൾ ലഭിച്ചിട്ടുണ്ട്.മലയാളം കലാസാഹിത്യ വേദി സംസ്ഥാനതലത്തിൽ നടത്തിയ ചിത്രരചനാ മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ട്.

'ഭാരത് സേവക്' ബഹുമതി നൽകി ആദരിച്ചു

'ഭാരത് സേവക്' ബഹുമതികൾ ബി.എസ്. ഗോപകുമാർ സമ്മാനിക്കുന്നു



സ്മിത വിനു



സുനയ്യ എം.എസ്



ബാബു പൊന്നോത്ത്



ഗീതാകുമാരി.പി. ഒ.

സ്മിത വിനു

മലപ്പുറം അങ്ങാടിപ്പുറം സ്വദേശിനി. 26 വർഷമായി നൃത്ത അദ്ധ്യാപികയായി തുടരുന്നു. ആൾ കേരള ഡാൻസ് ടീച്ചേർസ് ഓർഗനൈസേഷൻ അംഗമാണ്. ഇപ്പോൾ ഭരത കലാഞ്ജലി എന്ന പേരിൽ ആറോളം സ്ഥാപനങ്ങൾ നടത്തി വരുന്നു. വിവിധ ക്ലാസുകളിലായി നൂറോളം കുട്ടികളെ അഭ്യസിപ്പിച്ചു വരുന്നു. ഇപ്പോഴും നൃത്തപരിപാടികൾ അവതരിപ്പിച്ച് വേദികളിൽ സജീവമാണ്. നിരവധി ക്ഷേത്രങ്ങളിലും, ആൾ കേരള ഡാൻസ് ടീച്ചേർസ് ഓർഗനൈസേഷൻ അംഗമായതിനാൽ സംഘടനയുടെ ഭാഗമായിട്ട് നിരവധി പ്രോഗ്രാമുകളും ചെയ്തിട്ടുണ്ട്. മുദ്ര ഗനാദം ഗിന്നസ് വേൾഡ് പ്രോഗ്രാമിൽ പങ്കെടുത്ത വ്യക്തിയാണ്. സ്വന്തം സ്ഥാപനത്തിലെ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന എല്ലാ കുട്ടികൾക്കും മത്സരവേദികളിലും അരങ്ങേറ്റ വേദികളിലും മറ്റു പരിപാടികൾ അവതരിപ്പിക്കുന്ന എല്ലാ വേദികളിലും പ്രതിഫലമില്ലാതെ പങ്കെടുക്കുകയും ആവശ്യമായ എല്ലാവിധ സഹായം ചെയ്തുകൊടുക്കുകയും ചെയ്യാറുണ്ട്. AKDTO മലപ്പുറം ജില്ലാ എക്സിക്യൂട്ടീവ് മെമ്പർ കൂടിയാണ്. സംഘടനയുടെ പിൻബലത്തോടെ നിരവധി കലാപ്രവർത്തകർക്ക് വിഷമഘട്ടങ്ങളിൽ നിരവധി സാമ്പത്തിക സഹായങ്ങൾ ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്. നിരവധി സ്പെഷ്യൽ സ്കൂളുകളിൽ നൃത്ത അധ്യാപികയായി സേവനമനുഷ്ഠിക്കാൻ സാധിച്ചിട്ടുണ്ട്. AKPTO രക്തദാന ക്യാമ്പുകളിൽ തുടർച്ചയായി പങ്കെടുക്കുന്നവ്യക്തി കൂടിയാണ്.

സുനയ്യ എം.എസ്

തിരുവനന്തപുരം നെടുമങ്ങാട് സ്വദേശിനി. ബാല്യകാലം മുതൽ സാഹിത്യത്തിനോടും സാമൂഹിക പ്രതിബദ്ധതയോടും താൽപ്പര്യം പ്രകടിപ്പിച്ചു വന്നു. ""വയനാടിലൂടെ'' എന്ന കവിത ആദ്യമായി പ്രസിദ്ധീകരിക്കപ്പെട്ടു. സാമൂഹ്യ സേവന മേഖലയിലും പ്രവർത്തിക്കുന്നു. മാനവിക മൂല്യങ്ങൾ ഉയർത്തിപിടിച്ചുകൊണ്ട് സമൂഹത്തിന്റെ ക്ഷേമത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ അനേകർക്ക് പ്രചോദനമാണ്. സാഹിത്യലോകത്ത് ശ്രദ്ധേയമായ സംഭാവനകൾ നൽകിയിട്ടുണ്ട്. വിവിധ പുസ്തകങ്ങളും രചിച്ച് പ്രസിദ്ധീകരിച്ചു.

ബാബു പൊന്നോത്ത്

ഇടുക്കി അടിമാലി സ്വദേശി. മോട്ടിവേഷൻ സ്പീക്കർ. Reosurce perosn ശുചിത്വമിഷൻ, 2004 മുതൽ അടിമാലി ഹൈടെക് ഇൻസ്റ്റിറ്റ്യൂട്ടിൽ അധ്യാപകനായി ജോലി ചെയ്യുന്നു. "എന്റെ മാലിന്യം, എന്റെ ഉത്തരവാദിത്തം" എന്ന മോട്ടോ ലക്ഷ്യമാക്കി ഹരിതകർമ്മസേനക്ക് ക്ലാസ്സുകൾ നൽകി വരുന്നു. കിസ്സാൻ സർവീസ് സൊസൈറ്റിയുടെ കർമ്മ സംഘടനയിൽ മികച്ച യൂണിറ്റ് സെക്രട്ടറിക്കുള്ള അവാർഡ് ലഭിച്ചു. നിരവധി പഞ്ചായത്തുകളിൽ നിന്നും മികച്ച മോട്ടിവേഷൻ സ്പീക്കർക്കുള്ള അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

ഗീതാകുമാരി.പി. ഒ.

തിരുവനന്തപുരം കാട്ടായികോണം സ്വദേശി. റിട്ടയേർഡ് ഹിന്ദി അദ്ധ്യാപിക. അദ്ധ്യാപനത്തോടൊപ്പം കുട്ടികൾക്ക് കൗൺസലിംഗ് നടത്തുന്ന ഹെൽപ്പ് ഡെസ്ക്കിന്റെ ചുമതലയുമുണ്ടായിരുന്നു. ബെസ്റ്റ് റ്റീച്ചർ കൗൺസലർ ട്രോഫി ലഭിച്ചിട്ടുണ്ട്. കലാ-സാഹിത്യ രംഗത്ത് സജീവം. സർവ്വീസിൽ നിന്ന് വിരമിച്ചശേഷം ആധുനിക് ഹിന്ദി വ്യാകരൺ ഏവം രചന -എന്ന ഒരു ഹിന്ദി വ്യാകരണ പുസ്തകവും, മൊഴിമുത്തുകൾ - എന്ന പേരിൽ ഒരു മലയാള കവിതാ സമാഹാരവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കഥകൾ എഴുതി വേദികളിൽ അവതരിപ്പിക്കാറുണ്ട്. ഗാന്ധി സ്മാരക നിധിയുടെ പ്രവർത്തനങ്ങളിൽ പങ്കാളിയാണ്. ചിറ്റാഴയ്ക്കടുത്തുള്ള സെയിന്റ് ഇഗ്നേഷ്യസ് ചാരിറ്റി കേന്ദ്രം - എന്ന ആതുരാലയത്തിന് കഴിയുന്ന സഹായം ഇടയ്ക്കിടെ എത്തിച്ചു കൊടുക്കുന്നു. പൂജപ്പുരയിലും, പുലയനാർക്കോട്ടയിലുമുള്ള അഗതിമന്ദിരങ്ങളിലും സഹായം എത്തിക്കുകയും ചെയ്യുന്നുണ്ട്. അനന്തപുരി സാംസ്ക്കാരിക സമിതിയുടെ ശ്രേഷ്ഠ പുരസ്ക്കാരം തുടങ്ങി ഒട്ടേറെ ആദരവുകൾ ലഭിച്ചിട്ടുണ്ട്.



അനിത.കെ.



ദിവ്യ.എസ്. ബാബു



ഷെഫി സലാം



ലസ്ന വിലാസൻ

അനിത.കെ.

മലപ്പുറം പെരിന്തൽമണ്ണ സ്വദേശി. നർത്തകി. ഇരുപത്തിയഞ്ചിലേറെ വർഷങ്ങളായി കലാരംഗത്ത് സജീവസാന്നിധ്യം. ഭരതനാട്യത്തിലും മോഹിനിയാട്ടത്തിലും കൂടാതെ, കഥകളി, കുച്ചിപ്പുടി, നാടോടിനൃത്തം, സമകാലിക നൃത്തം, സെമി ക്ലാസിക്കൽ നൃത്തം എന്നിവ ചെയ്യുന്നു. നാട്യ-നാടക സംവിധായികയും വേഷവിധാന വിദഗ്ധയുമാണ്. സ്വന്തം സ്ഥാപനമായ 'നൃത്താഞ്ജലി നടന കലാകേന്ദ്ര'യിലൂടെ വിവിധ പ്രായത്തിലുള്ള ഒട്ടേറെ വിദ്യാർഥികൾക്ക് നൃത്തപരിശീലനം നൽകിവരുന്നു. വിവിധ സ്ഥാപനങ്ങളിൽ നൃത്താധ്യാപികയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. തിരുനാരായണപുരം മുദ്ര ഡാൻസ് അക്കാദമിയിൽ ഡാൻസ് ഡയറക്ടറും നൃത്തവിഭാഗം മേധാവിയുമായും പ്രവർത്തിച്ചുകൊണ്ട്, നിരവധി വിദ്യാർഥികൾക്ക് മികച്ച പരിശീലനവും കലാപരമായ മാർഗനിർദേശവും നൽകിവരുന്നു. ഓൾ കേരള ഡാൻസ് ടീച്ചേഴ്സ് അസോസിയേഷനിലെ അംഗമാണ്. വിദ്യാർഥികളുടെ കഴിവുകൾ തിരിച്ചറിഞ്ഞ് വളർത്തുന്നതിനൊപ്പം അവരുടെ ആത്മവിശ്വാസവും അച്ചടക്കവും കലാബോധവും ഉയർത്തുന്ന സമർപ്പിതയായ ഗുരുനാഥ ആണ്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന നിരവധി വിദ്യാർഥികൾക്ക് യാതൊരു ഫീസും വാങ്ങാതെ നൃത്ത പരിശീലനം നൽകി, കലയെ എല്ലാവരിലേക്കും എത്തിക്കുന്നതിൽ പ്രത്യേകം ശ്രദ്ധ പുലർത്തിയിട്ടുണ്ട്. ദൃശ്യകലാരംഗത്തും തന്റെ സാന്നിധ്യം രേഖപ്പെടുത്തിയിട്ടുണ്ട്. സിനിമയിലും ഹ്രസ്വ ചിത്രങ്ങളിലും ആൽബത്തിലും പരസ്യചിത്രത്തിലും അഭിനയിച്ചിട്ടുണ്ട്. ഏഷ്യ ബുക്ക് ഓഫ് റെക്കോർഡ്സിൽ ഇടംനേടിയ പിന്നൽ തിരുവാതിരയിലും, തനിമ ആർട്സ് ഫെസ്റ്റിവലിന്റെ ഭാഗമായി സംഘടിപ്പിച്ച മെഗാ തിരുവാതിരക്കളിയിലൂടെ കൈവരിച്ച ഗിന്നസ് ലോക റെക്കോർഡ് നേട്ടത്തിലും പങ്കാളിയായിട്ടുണ്ട്.

ദിവ്യ.എസ്. ബാബു

തിരുവനന്തപുരം കാട്ടാക്കട സ്വദേശി. അധ്യാപിക, കലാകാരി, എഴുത്തുകാരി. സ്കൂൾ തലത്തിലും സബ്ജില്ലാ തലത്തിലും കലാതിലകമായി. അധ്യാപക കലോത്സവത്തിൽ തിരുവനന്തപുരം സൗത്ത് സബ്ജില്ലയെ പ്രതിനിധീകരിച്ച് കവിതാരചന, മോണോ ആക്ട്, കവിതാ പാരായണം, നാടൻപാട്ട് എന്നിവയിൽ ഒന്നാം സ്ഥാനത്തോടെ കലാതിലകമായി. Intercollegiate മത്സരങ്ങളിൽ Literary dance, നാടകം, കവിതാരചന, മോണോ ആക്ട്, കവിതാപാരായണം തുടങ്ങിയവയിൽ വിജയിച്ച് ഏറ്റവും കൂടുതൽ പോയിന്റ് കരസ്ഥമാക്കുകയും കോളേജ് തലത്തിലെ മികച്ച കലാകാരിയ്ക്കുള്ള 'കലൈശിഖരം അവാർഡ്' നേടുകയും ചെയ്തു. ആനുകാലികങ്ങളിൽ ധാരാളം കവിതകളും കവിതാ സമാഹാരങ്ങളും കഥകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. പി. കുഞ്ഞിരാമൻ നായർ സ്മാരക കാവ്യമഞ്ജരി പുരസ്കാരം, മാധവമുരളി പുരസ്കാരം, മലയാള സാഹിത്യ സമിതിയുടെ കവിതാപുരസ്കാരം, നിളാ സാംസ്കാരിക വേദിയുടെ കവിതാ പുരസ്കാരം എന്നിവ ഉൾപ്പെടെ വിവിധ സാംസ്കാരിക സമിതികൾ സംഘടിപ്പിച്ച ഒട്ടേറെ കവിതാ അവാർഡുകൾ നേടിയിട്ടുണ്ട്. സാംസ്കാരിക സദസുകളിലും കവിയരങ്ങുകളിലും സജീവം. ഇപ്പോൾ മലയിൻകീഴ് ഗവൺമെന്റ് സ്കൂളിലെ അധ്യാപികയാണ്.

ഷെഫി സലാം

മലപ്പുറം കരുവാരക്കുണ്ട് സ്വദേശി. കവി, കഥാകൃത്ത്, ഗാനരചയിതാവ്, ഗായിക കലാ, സാഹിത്യ സാംസ്കാരിക മേഖലയിൽ പത്തു വർഷത്തോളമായി സജീവം. മാധ്യമം ആഴ്ചപതിപ്പിൽ അനുഭവകുറിപ്പുകൾ എഴുതിയിരുന്നു. വായനയെകുറിച്ചും കവിതകളെ കുറിച്ചും കഥകളെ കുറിച്ചും പഞ്ചായത്ത്തലത്തിലും സ്കൂൾ തലത്തിലും യുവജനങ്ങൾക്കും കുട്ടികൾക്കും പഠനക്ലാസുകൾ നടത്തി. വായനാ വാരത്തോടനു ബന്ധിച്ചു നടത്തിയിരുന്ന ജില്ലാതല വായന മത്സരത്തിൽ ഒന്നാം സ്ഥാനവും, ജില്ലാ തലത്തിൽ നടത്തിയ മുദ്രഗീത മത്സരത്തിൽ രണ്ടാം സ്ഥാനവും നേടി. ഇരുപതോളം കവിതാ സമാഹാരങ്ങളിൽ കവിതകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വയനാട് ദുരന്തത്തെ കുറിച്ച് എഴുതിയ കവിത സമൂഹമാധ്യമങ്ങളിൽ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. ഫിലമെന്റ് യുവവേദി സംസ്ഥാന തലത്തിൽ നടത്തിയ നവകേരള ഗാന രചനാ മത്സരത്തിൽ ഒന്നാം സ്ഥാനവും ഫിലമെന്റ് കലാ സാഹിത്യ വേദിയുടെ പ്രണയ ഗാന രചനാ മത്സരത്തിൽ രണ്ടാം സ്ഥാനവും ലഭിച്ചിട്ടുണ്ട്. കവിതാസാമാഹാരങ്ങൾ രചിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. മലയാളം കലാസാഹിത്യവേദി സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായും ഫിലമെന്റ് കലാ സാഹിത്യ വേദി മലപ്പുറം ജില്ലാ വൈ.പ്രസിഡന്റ് ആയും ഇപ്പോൾ പ്രവർത്തിക്കുന്നു. മലയാളം കലാ സാഹിത്യ വേദി യുടെ പ്രതിഭാപുരസ്കാരം, മന്ദാരം കാവ്യപ്രതിഭ പുരസ്കാരം, ഫിലമെന്റ് കലാസാഹിത്യവേദി കാവ്യ പ്രതിഭാ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്. നിലവിൽ ബ്രൈഡൽ മേക്കപ്പ് ആർടിസ്റ്റ് ആയി ജോലി ചെയ്യുന്നു.

ലസ്ന വിലാസൻ

കോഴിക്കോട് വെങ്ങേരി സ്വദേശി. ഗായിക, അദ്ധ്യാപിക. വിവിധ സംഗീതവേദികളിലും മത്സരങ്ങളിലും കലാസാംസ്കാരിക പരിപാടികളിലും പങ്കെടുത്തതോടൊപ്പം മൂന്ന് മ്യൂസിക് ആൽബങ്ങളിൽ ഗായികയായി പങ്കാളിയാകാനും കഴിഞ്ഞിട്ടുണ്ട്. ഒരു അധ്യാപിക എന്ന നിലയിൽ കുട്ടികളുടെ അക്കാദമികവും സർഗാത്മകവും കലാപരവുമായ കഴിവുകളുടെ വികസനത്തിന് പ്രത്യേക പ്രാധാന്യം നൽകുന്നു. വേൾഡ് റെക്കോർഡ് അംഗീകാരം, മീഡിയ സിറ്റി ചാനൽ സംഘടിപ്പിച്ച "ഗായകരേ ഇതിലേ" എന്ന സംഗീതപരിപാടിയിൽ പങ്കെടുത്തതിന് ലഭിച്ച അംഗീകാരം, മീഡിയ സിറ്റി ചാനൽ ഓൺലൈൻ സംഗീതമത്സരത്തിലെ വിജയി, യുവ പ്രതിഭാ പുരസ്കാരം, എ.ടി. ഉമ്മർ പുരസ്കാരം, South Indian Television and Cinema Award (SITCA): സംഗീതരംഗത്തെ മികവിനും സംഭാവനയ്ക്കുമുള്ള അംഗീകാരം, വിവിധ സ്കൂൾതല, കോളേജ് തല, ജില്ലാതല സംഗീതമത്സരങ്ങളിലും കലാസാംസ്കാരിക പരിപാടികളിലും സജീവമായി പങ്കെടുത്ത് നിരവധി സമ്മാനങ്ങളും അംഗീകാരങ്ങളും നേടിയിട്ടുണ്ട്.



നിഥിൻ എം എസ്



നിതിക തമ്പി



രാധാമണി.പി.പി.



ഗീതു കൃഷ്ണകുമാർ

നിഥിൻ എം എസ്

കൊല്ലം ചവറ സ്വദേശി. ,രക്തദാന സന്നദ്ധ പ്രവർത്തനം, പാലിയേറ്റീവ് പ്രവർത്തനം, ചാരിറ്റി പ്രവർത്തനം എന്നിവ പതിനൊന്ന് വർഷമായി നടത്തുന്നു. 29 തവണ സ്വന്തംരക്തം ദാനം ചെയ്തിട്ടുണ്ട്. സ്വന്തം വരുമാന ത്തിൽ നിന്നും സൗഹൃദത്തിൽ നിന്നും, കിടപ്പ് രോഗികൾക്ക് ഡയപ്പർ വിതരണം, നിരവധിപേർക്ക് വാക്കർ വിതരണം എന്നിവ നടത്തി. കിടപ്പ് രോഗികൾക്ക് എയർ ബെഡ് കൊടുക്കാൻ സാധിച്ചു, കലാഭവൻ മണി ദേശിയപുരസ്കാരം 2026, ഫ്രീഡം ഫിഫ്റ്റി ജസ്റ്റിസ് ശ്രീദേവി സ്മാരക 2026 പുരസ്കാരം, ലോക് ബന്ധു രാജ് നാരായൺജി ഫൗണ്ടേഷൻ പുരസ്കാരം (ഡോക്ടേഴ്സ് ഡേയിൽ2024), കോട്ടയം നവജ്യോതിയുടെ കാരുണ്യ ജ്യോതിപുരസ്കാരം തുടങ്ങി ധാരാളം പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

നിതിക തമ്പി

തിരുവനന്തപുരം കാട്ടാക്കട സ്വദേശി. കഥ, കവിത, ആനുകാലിക ലേഖനങ്ങൾ, വിമർശനങ്ങൾ, ആസ്വാദന കുറിപ്പുകൾ എന്നിവയുടെ രചനയിൽ സജീവം. മാഗസിനുകളിലും പത്രങ്ങളിലും നിരവധി ലേഖനങ്ങളും കവിതകളും കഥകളും എഴുതി വരുന്നു. കാവ്യ സമാഹാരങ്ങൾ രചിച്ച് പ്രസിദ്ധീകരിച്ചു. തിരുവനന്തപുരം എസ്.യു.ടി. സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിലും മുംബൈ കുളാബയിലെ കേന്ദ്രീയ വിദ്യാലയത്തിലും നഴ്സായി സേവനമനുഷ്ഠിച്ചു. നിലവിൽ ഹോളിസ്റ്റിക് ഹെൽത്ത് ആന്റ് കെയർ മേഖലയിൽ സേവനമനുഷ്ഠിക്കുന്നു. ഉപാസന സാംസ്ക്കാരിക സമിതിയുടെ മാധവ മുരളി പുരസ്കാരവും , ഫ്രീഡം ഫിഫ്റ്റി 2026, അവാർഡും ലഭിച്ചു.

രാധാമണി.പി.പി.

മലപ്പുറം പെരിന്തൽമണ്ണ സ്വദേശി. നർത്തകി. 35 വർഷമായി നൂപുര നൃത്ത കലാലയം എന്ന സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടറായി പ്രവർത്തിച്ചു വരുന്നു. നിരവധി കുട്ടികളെ നൃത്തം അഭ്യസിപ്പിച്ച് വേദികളിൽ എത്തിക്കുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന നിരവധി കുട്ടികളെ നൃത്തം പരിശീലിപ്പിച്ച് കുറഞ്ഞ ചിലവിൽ അവരുടെ അരങ്ങേറ്റം നടത്താറുണ്ട് നിരവധി സ്റ്റേജുകളിൽ നൃത്തം അവതരിപ്പിച്ചിട്ടുണ്ട് ഓൾ കേരള ഡാൻസ് ടീച്ചേഴ്സ് അസോസിയേഷനിൽ അംഗമാണ്. നന്മ എന്ന കലാകാരസംഘടനയുടെ മേഖല ജോയിൻ സെക്രട്ടറി, സർഗ്ഗ വനിതാ മേഖല സെക്രട്ടറിയുമായും സ്ഥാനം വഹിച്ചു വരുന്നു ഓൾ കേരള ഡാൻസ് ടീച്ചേഴ്സിന്റെ കീഴിൽ നിരവധി ചാരിറ്റബിൾ പ്രവർത്തനവും കാരുണ്യ പ്രവർത്തനവും സാമൂഹിക പ്രവർത്തനവും ചെയ്തിട്ടുണ്ട്. പെരിന്തൽമണ്ണ മലബാർ ഫിലിം സൊസൈറ്റി അംഗം ആണ്.

ഗീതു കൃഷ്ണകുമാർ

തിരുവനന്തപുരം കുളത്തൂർ സ്വദേശി. അഭിനേത്രി, സഹസംവിധായിക, സാമൂഹിക പ്രവർത്തക, നൃത്ത അദ്ധ്യാപിക, 'വെക്കേഷൻ 2nd വീക്ക്, "കില്ലർ അരയത്തി" എന്നിവയിൽ സഹസംവിധായികയായി പ്രവർത്തിച്ചു. സമൂഹത്തിൽ സ്ത്രീകളും കുട്ടികൾക്കും വേണ്ടി പ്രവർത്തിക്കുകയും അവർക്കുണ്ടാകുന്ന പ്രശ്നങ്ങളെ അധികാരികളിൽ എത്തിക്കുകയും ചെയ്യുന്നു. കഴക്കൂട്ടത്ത് ലയം കലാക്ഷേത്രം നൃത്തവിദ്യാലയം 10 വർഷമായി നടത്തിവരുന്നു. നിർധനരായ കുട്ടികകളെ സൗജന്യമായി നൃത്തം അഭ്യസിപ്പിക്കുകയും അവരെ നൃത്ത മത്സരങ്ങളിൽ പങ്കെടുപ്പിക്കുകയും ചെയ്തു വരുന്നു. ഫിലിം ബോക്സ് ഇന്ത്യ എക്സലൻസി പുരസ്കാരം, ഫിലിം പ്രഡൺസ് നൃത്ത സംവിധാന പുരസ്കാരം തുടങ്ങി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

'ഭാരത് സേവക്' ബഹുമതി നൽകി ആദരിച്ചു

'ഭാരത് സേവക്' ബഹുമതികൾ ബി.എസ്. ഗോപകുമാർ സമ്മാനിക്കുന്നു



അനിത.എൻ



വൽസല കുമാരി.എസ്



വിനയ യു.കെ.



നിഷ ജയരാമൻ



റിനീഷ് കുമാർ.പി.കെ.

അനിത.എൻ

പാലക്കാട് ചെർപ്പുളശ്ശേരി സ്വദേശിനി. നർത്തകി. ഭരതനാട്യത്തിലും മോഹിനിയാട്ടത്തിലും പ്രാവീണ്യം നേടിയ നൃത്ത അധ്യാപികയാണ്. 200 ഓളം വേദികളിൽ സ്വന്തമായി നൃത്തം അവതരിപ്പിക്കുകയും, 300-ൽ പരം വേദികളിൽ തന്റെ ശിഷ്യരെ അണിയിച്ചൊരുക്കി നൃത്തം അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നൃത്ത കലയോടൊപ്പം തന്നെ ജീവകാരുണ്യ പ്രവർത്തനത്തിലും സജീവമാണ്. ദയ ചാരിറ്റബിൾ ട്രസ്റ്റിന്റെ ചാരിറ്റി പ്രവർത്തനങ്ങളിൽ സജീവ പങ്കാളിയാണ്. നിർധനരായ കുട്ടികൾക്ക് ഫീസ് ഈടാക്കാതെ സൗജന്യമായി നൃത്തം അഭ്യസിപ്പിച്ചു വരുന്നു. കേരള കലാമണ്ഡലം കല്പിത ശതമോഹനം അവാർഡ് നേടിയിട്ടുണ്ട്. സ്വന്തം സ്ഥാപനമായ 'അനശ്വര നൃത്തവിദ്യാലയം, പുഞ്ചപ്പാടം' വഴി നിരവധി വിദ്യാർത്ഥികൾക്ക് നൃത്തത്തിന്റെ ആദ്യാക്ഷരങ്ങൾ പകർന്നു നൽകുന്നു.

വൽസല കുമാരി.എസ്

തിരുവനന്തപുരം കാട്ടാക്കട സ്വദേശി. കവയിത്രി. സെക്രട്ടറിയേറ്റിൽ ജോലി കിട്ടിയ തിനുശേഷം സെക്രട്ടിയേറ്റിലെ ആനുകാലികങ്ങളിൽ കവിതയും കഥയും ലേഖനങ്ങളും പ്രസിദ്ധീകരിക്കുകയുണ്ടായി. ഒരു ഭക്തിഗാനം ഓഡിയോയും വീഡിയോയും ചെയ്തു, മലയിൻകീഴ് മാധവകവി സംസ്കൃതി കേന്ദ്രം, പ്രൊഫസർ കൃഷ്ണപിള്ള ഫൗണ്ടേഷൻ എന്നിവയിലും മെമ്പറാണ്. ധാരാളം പൊതുവേദികളിൽ കവിതകൾ അവതരിപ്പിക്കുന്നു. ഫേസ്ബുക്ക് വാട്സ്ആപ്പ് തുടങ്ങിയ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലും കവിതയും കഥയും ലേഖനങ്ങളും പ്രസിദ്ധീകരിക്കാറുണ്ട്. 'പ്രണയാനിതം പ്രണവം' എന്ന ഒരു കവിതാ സമാഹാരം പ്രസിദ്ധീകരിച്ചു. ഒട്ടേറെ കവിതകൾ എഴുതിയിട്ടുണ്ട്.

വിനയ യു.കെ.

പാലക്കാട് ശ്രീകൃഷ്ണപുരം സ്വദേശിനി. നർത്തകി. 25 വർഷമായി നൃത്തരംഗത്തു പ്രവർത്തിച്ചു വരുന്നു ഓംകാരം നൃത്ത കലാലയം എന്ന സ്ഥാപനത്തിന്റെ മാനേജിങ് ഡയറക്ടർ ആണ് നിരവധി സ്റ്റേജുകളിൽ നൃത്തം അവതരിപ്പിച്ചിട്ടുണ്ട് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന നിരവധി കുട്ടികൾക്ക് നൃത്ത പരിശീലനം നൽകി കുറഞ്ഞചെലവിൽ അരങ്ങേറ്റം നടത്താറുണ്ട് സ്കൂളുകളിലും കുട്ടികൾക്ക് നൃത്തപരിശീലനം നൽകി വരുന്നു ആൾ കേരള ഡാൻസ് ടീച്ചേർസ് ഓർഗനൈസേഷൻ എന്ന സംഘടനയിൽ മെമ്പറാണ് സംഘടനയുടെ കീഴിൽ നിരവധി ചാരിറ്റബിൾ പ്രവർത്തനവും കാരുണ്യപ്രവർത്തനവും ചെയ്തു വരുന്നു.

നിഷ ജയരാമൻ

തിരുവനന്തപുരം പൂജപ്പുര സ്വദേശി. തുടർന്ന് സ്കൂൾ കാലഘട്ടത്തിൽ തന്നെ ഖുർആൻ, ബൈബിൾ, സചിത്ര ശിവ പുരാണം, രാമായണം എന്നിവ പാരായണം ചെയ്തിട്ടുണ്ട്. സ്കൗട്ട് ആൻഡ് ഗൈഡിൽ ചേരുകയും കമ്പനി ലീഡർ ആവുകയും "രാജ്യപുരസ്കാർ അവാർഡ്, രാഷ്ട്രപതി അവാർഡ്" എന്നിവ കരസ്ഥമാക്കുവാനും കഴിഞ്ഞു. കഥയും കവിതകളും രചിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സാഹിത്യ സംഘടനകളും ട്രസ്റ്റുകളുമായി ചേർന്ന് പ്രവർത്തിച്ചുകൊണ്ട് വളരെ പാവപ്പെട്ട കുഞ്ഞുങ്ങൾക്ക് വേണ്ട ഡ്രസ്സുകൾ സ്കൂൾ സംബന്ധമായ ആവശ്യങ്ങൾ എന്നിവ സ്പോൺസർ കണ്ടെത്തി നൽകിവരുന്നു. അനാഥ മന്ദിരം, വൃദ്ധസദനങ്ങൾ ആശ്രയം ആവശ്യമുള്ളവർ എന്നിവർക്ക് വേണ്ട സഹായസഹകരണങ്ങൾ ചെയ്തു കൊടുക്കുന്നു. കേരള സാഹിത്യ കലാ എന്ന ഒരു സംഘടനയ്ക്ക് രൂപം കൊടുക്കാൻ സാധിച്ചു അതിലൂടെ പുതിയ എഴുത്തുകാരെയും പിന്നോക്കം നിൽക്കുന്ന എഴുത്തുകാരേയും പ്രോത്സാഹനം നൽകി മുന്നോട്ടുകൊണ്ടുവരാൻ സാധിക്കുന്നു.

റിനീഷ് കുമാർ.പി.കെ.

കോഴിക്കോട് അത്തോളി സ്വദേശി. നൃത്തം. 35 വർഷമായി നർത്തകനും, നൃത്ത അധ്യാപകനുമായി പ്രവർത്തിയ്ക്കുന്നു. പത്താം വയസ്സു മുതൽ പാരമ്പര്യമായി കിട്ടിയ നൃത്ത വൈഭവത്തിലൂടെ ചുവടുകൾ പഠിച്ചു തുടങ്ങുകയും പിന്നീട് തപസ്സിയായി മാറ്റുകയും ചെയ്തു. സ്കൂൾ തലത്തിലും സബ്ജില്ലാതലത്തിലും ജില്ലാതലത്തിലും സ്റ്റേറ്റ് തലത്തിലും കേരള സവ വേദികളിലും പങ്കെടുത്ത് സമ്മാന അർഹനാവുകയും സാധിച്ചു. നൃത്തത്തോട് താല്പര്യത്താൽ വിവിധ നൃത്തരൂപങ്ങളായ ഭരതനാട്യം മോഹിനിയാട്ടം കുച്ചുപ്പുടി നാടോടി നൃത്തം സംഘനൃത്തം നൃത്തശില്പം തുടങ്ങിയ ഇന്ത്യൻ ക്ലാസിക്കൽ നൃത്ത ഇനങ്ങളിൽ പ്രാവണ്യം നേടി. നൃത്ത അധ്യാപകനായി. സ്വന്തമായി കൃഷ്ണനാഞ്ജലി നൃത്ത വിദ്യാലയം തുടങ്ങുകയും 25 വർഷമായി വിദ്യാർത്ഥി വിദ്യാർത്ഥിനികളെ പഠിപ്പിക്കുവാൻ സാധിച്ചു. ആന്ധ്രപ്രദേശിലെ ഇൻറർനാഷണൽ ഓൾ കേരള ജേതാവായി, അവാർഡും ആചാര്യ ശിരോമണി എന്ന പട്ടം ലഭിക്കുകയും ചെയ്തു. ഓൾ കേരള ഡാൻസ് ടീച്ചേഴ്സ് ഓർഗനൈസേഷിനിലെ അംഗവും മലയാള കലാകാരന്മാരുടെ ദേശീയ സംഘടനയായ നന്മയിലെ അംഗവുമായി പ്രവർത്തിക്കുന്നു. കാരുണ്യ പ്രവർത്തനത്തിന്റെ ഭാഗമായി നൃത്ത അധ്യാപകരുടെ സംഘടനയോടൊപ്പം മേയ ഹോമിലെ അമ്മമാർക്കൊപ്പം സേവനം ചെയ്യുവാനും കഴിഞ്ഞു.

അന്ന് പറ്റിയ ആ തെറ്റ്; ഇന്ന് നമ്മുടെ തെറ്റുകൾ മായ്ക്കുന്നു

എഡ്വേർഡ് നെയ്ൽ (Edward Nairne)

(1 –ാം പേജിൽ നിന്നും തുടർച്ച)

മേശപ്പുറത്തേക്ക് വെറുതെ കൈനീട്ടി ബ്രഡ് കഷ്ണം എടുത്ത് മായ്ക്കുകയാണ് അദ്ദേഹത്തിന്റെറ രീതി. എന്നാൽ, അവിടെയാണ് ആ ചരിത്രപരമായ അബദ്ധം സംഭവിച്ചത്. ബ്രെഡ് കഷണത്തിന് തൊട്ടടുത്തായി കട്ടിയുള്ള പ്രകൃതിദത്ത റബറിന്റെ ഒരു ചെറിയ കഷണവും ഇരിപ്പുണ്ടായിരുന്നു. നെയ്രുടെ കൈകൾ ചെന്നത് ബ്രെഡിലല്ല, പകരം ആ റബർ കഷണത്തിലായിരുന്നു. മേശപ്പുറത്തിരുന്ന വസ്തുവിലേക്ക് നോക്കാതെ തന്നെ അദ്ദേഹം ആ റബർ കഷണം പേപ്പറിലെ പെൻസിൽ പാടുകൾക്ക് മുകളിലിട്ട് ശക്തമായി തിരുമ്മി. സാധാരണ ബ്രെഡ് കൊണ്ട് മായ്ക്കുമ്പോൾ പേപ്പർ ചീന്തുകയോ കറുത്ത പാടുകൾ പടരുകയോ ചെയ്യാറുണ്ടായിരുന്നു. എന്നാൽ ഈ പുതിയ വസ്തു പേപ്പറിൽ ഉരസിയപ്പോൾ അത്ഭുതകരമായ ഒരു കാഴ്ചയാണ് അദ്ദേഹം കണ്ടത്. പേപ്പറിന് യാതൊരു കേടുപാടും വരുത്താതെ പെൻസിലിന്റെ ഗ്രാഫൈറ്റ് അടയാളങ്ങളെ മുഴുവനായി ആ വസ്തു വലിച്ചെടുത്തു കഴിഞ്ഞിരുന്നു. ബ്രെഡ് കഷണങ്ങളേക്കാൾ എത്രയോ മനോഹരമായും വ്യത്തിയായും അത് തെറ്റുകൾ മായ്ച്ചു കളഞ്ഞു എന്ന് മനസ്സിലാക്കിയ എഡ്വേർഡ് നെയ്ൽ, ഉടൻ തന്നെ റബർ കഷണങ്ങൾ ചെറിയ ക്യൂബുകളാക്കി മുറിച്ച് 'ഇറേസറുകൾ' എന്ന പേരിൽ വിപണിയിലിറക്കി. അക്കാലത്ത് വലിയൊരു തുകയായ 3 ഷില്ലിംഗിനാണ് അദ്ദേഹം ഒരു ചെറിയ റബർ കഷണം വിറ്റത്. തുടർന്ന് പ്രശസ്ത ഇംഗ്ലീഷ് രസതന്ത്രജ്ഞനായ ജോസഫ് പ്രീസ്റ്റ്ലി (Joseph Priestley) ഈ വസ്തുവിനെക്കുറിച്ച് പഠിക്കുകയും, പേപ്പറിലെ എഴുത്തുകൾ തിരുമ്മി മായ്ക്കാൻ (To rub out) ഇത് വളരെ മികച്ചതാണെന്ന് കണ്ടെത്തുകയും ചെയ്തു. പേപ്പറിൽ തിരുമ്മി (Rub) മായ്ക്കാൻ ഉപയോഗിക്കുന്ന വസ്തു എന്ന അർത്ഥത്തിലാണ് അദ്ദേഹം ഇതിന് 'റബർ' (Rubber) എന്ന പേരിട്ടത്. എന്നാൽ പ്രകൃതിദത്ത റബറിന് കടുത്ത ഗന്ധമുണ്ടായിരുന്നതും കാലാവസ്ഥ മാറുമ്പോൾ അത് ഉരുകുകയോ പൊടിഞ്ഞുപോവുകയോ ചെയ്തിരുന്നതും ആദ്യകാലങ്ങളിൽ വെല്ലുവിളിയായിരുന്നു.

റബറിന്റെ ചരിത്രം മാറ്റിമറിച്ചത് 1839-ൽ ചാൾസ് ഗുഡ്ഇയർ (Charles Goodyear) എന്ന ശാസ്ത്രജ്ഞനാണ്. റബറിനെ ചൂടാക്കി കൂടുതൽ ബലമുള്ളതും ദീർഘകാലം നിലനിൽക്കുന്നതുമാക്കുന്ന 'വൾക്കനൈസേഷൻ' (Vulcanization) പ്രക്രിയ അദ്ദേഹം കണ്ടെത്തി. ഇതോടെ ഇറേസറുകൾ കൂടുതൽ ജനപ്രീതി നേടി. പെൻസിലിനൊപ്പം ചേർന്ന റബർപെൻസിലിന്റെ അറ്റത്ത് റബർ ഘടിപ്പിക്കുന്ന രീതി നിലവിൽ വന്നത് 1858-ലാണ്. ഹൈമാൻ ലിപ്മാൻ (Hyman Lipman) എന്ന അമേരിക്കക്കാരനാണ് ഈ ആശയം ആദ്യമായി കൊണ്ടുവന്നതും അതിന് പേറ്റന്റ് നേടിയതും.



നാട്ടറിവ്

റാണി ശ്രീജയൻ

കൃഷ്ണ തുളസി

ലാമിയേസി (Lamiaceae) സസ്യകുടുംബത്തിൽപ്പെടുന്ന ഔഷധസസ്യമാണ് തുളസി. മലയാളത്തിൽ ഇതിനു നീറ്റുപച്ച എന്നും പേരുണ്ട്. ഹിന്ദുമത വിശ്വാസികൾ തുളസിയെ പാവനസസ്യമായി കരുതി ആദരിക്കുന്നു.

ഔഷധഫലം

തുളസിച്ചെടി വളരെ ഔഷധഗുണമുള്ള സസ്യമാണ്.തുളസി സമൂലമായോ ഇലയും പുഷ്പവും പ്രത്യേകമായോ ഔഷധമായുപയോഗിക്കുന്നു. തുളസിയില തണലത്തിട്ട് ഉണക്കിപ്പൊടിച്ച് നാസികാചൂർണമായി ഉപയോഗിക്കാം. ഇത് മൂക്കടപ്പും പീനസവും ശമിപ്പിക്കും. തുളസിനീരിൽ മഞ്ഞൾ അരച്ചു ചേർത്ത് കഴിക്കുകയും പുരട്ടുകയും ചെയ്താൽ ചിലന്തി വിഷബാധയ്ക്ക് ശമനമുണ്ടാകും.

തുളസിയില നീര് 10.മി.ലി. അത്രയും തേനും ചേർത്ത് ദിവസവും മൂന്ന് നേരം കുടിച്ചാൽ വസൂരിക്ക് ശമനമുണ്ടാകും. ഇലയും പൂവും ഔഷധയോഗ്യഭാഗങ്ങളാണ്. തുളസിയുടെ ഇല ,പൂവ്, മഞ്ഞൾ, തഴുതാമ എന്നിവ സമമെടുത്ത് അരച്ച് വിഷബാധയേറ്റ ഭാഗത്ത് പുരട്ടുകയും അതോടൊപ്പം 6 ഗ്രാംവീതം ദിവസം മൂന്ന് നേരം എന്നകണക്കിൽ 7 ദിവസം വരെ കഴിക്കുകയും ചെയ്താൽ വിഷം പൂർണമായും നശിക്കും. തുളസിയില കഷായം വെച്ച് പല തവണയായി കവിൾ കൊണ്ടാൽ വയ്നാറ്റം മാറും. തുളസിയില ഇടിച്ചു പിഴിഞ്ഞ് നീരിൽ കുരുമുളക് പൊടി ചേർത്ത് കഴിച്ചാൽ ജ്വരം ശമിക്കും. തുളസിയില തിരുമ്മി മണക്കുന്നതും തുളസിയിലയിട്ട് പുകയേല്ക്കുന്നതും പനി മറ്റുള്ളവരിലേക്ക് വരുന്നത് തടയാൻ സഹായിക്കും. തുളസിയില ഇട്ട് തിളപ്പിച്ചാറിയ വെള്ളം രണ്ട് നേരം കുടിച്ചാൽ മൂത്രാശയ അണുബാധ മാറും. തുളസിയിലയും കുരുമുളകും ചേർത്തരച്ച് പുരട്ടിയാൽ മുഖക്കുരു മാറും. തുളസിച്ചെടിയിൽ കർപ്പൂര സദൃശമായ ഒരിനം തൈലം അടങ്ങിയിരിക്കുന്നു. ഇത് 'ബാസിൽ കാംഫർ' എന്നറിയപ്പെടുന്നു. ഇത് ജ്വരത്തെ ശമിപ്പിക്കുകയും ഉദരകൃമികളെ നശിപ്പിക്കുകയും ചെയ്യുന്നു. തുളസിയിലയിട്ട വെള്ളം തിളപ്പിച്ച് പതിവായി കുടിച്ചാൽ രക്തശുദ്ധി കൈവരികയും അലർജി പോലുള്ള രോഗങ്ങൾക്ക് ശമനമാവുകയും ചെയ്യും.



തുള്ളി വീതം കണ്ണിലൊഴിച്ചാൽ ചെങ്കണ്ണ് മാറും. തുളസിയിലയും പാടക്കിഴങ്ങും ചേർത്തരച്ച് പുരട്ടിയാൽ മുഖക്കുരു മാറും. തുളസിച്ചെടിയിൽ കർപ്പൂര സദൃശമായ ഒരിനം തൈലം അടങ്ങിയിരിക്കുന്നു. ഇത് 'ബാസിൽ കാംഫർ' എന്നറിയപ്പെടുന്നു. ഇത് ജ്വരത്തെ ശമിപ്പിക്കുകയും ഉദരകൃമികളെ നശിപ്പിക്കുകയും ചെയ്യുന്നു. തുളസിയിലയിട്ട വെള്ളം തിളപ്പിച്ച് പതിവായി കുടിച്ചാൽ രക്തശുദ്ധി കൈവരികയും അലർജി പോലുള്ള രോഗങ്ങൾക്ക് ശമനമാവുകയും ചെയ്യും.

മഞ്ഞപ്പിത്തം, മലേറിയ, വയറുകടി എന്നീ രോഗങ്ങളുടെ ശമനത്തിന് തുളസിയിലച്ചാറ് രാവിലെയും വൈകിട്ടും ഒരു സ്പൂൺ വീതം പതിവായി സേവിക്കുന്നത് ഗുണം ചെയ്യും.

എഴുത്തിന്റെ ആദരങ്ങൾ

മൂർത്തീദേവി പുരസ്കാരം: സാഹിത്യത്തിന്റെ അന്തസ്സ് ഉയർത്തിപ്പിടിക്കുന്ന പുരസ്കാരം



ഡോ: സുജ സതീഷ്

വിപണിയിലെ വില്പന കണക്കുകളും സാമൂഹിക മാധ്യമങ്ങളിലെ കൊട്ടിഘോഷിക്കലുകളും ഒരു പുസ്തകത്തിന്റെ മികവിനുള്ള അളവുകോലുകളായി മാറിക്കൊണ്ടിരിക്കുന്ന കാലമാണിത്. വാണിജ്യത്തിന്റെ ഈ ആരവങ്ങൾക്കിടയിലും, അക്ഷരങ്ങളുടെ പവിത്രതയും ആശയങ്ങളുടെ ആഴവും തേടുന്ന വായനയ്ക്ക് ചില നിശബ്ദ ഇടങ്ങളുണ്ട്. അത്തരം ഒരു ഇടത്തെയാണ് ഈ പുരസ്കാരം അടയാളപ്പെടുത്തുന്നത്.

ബാഹ്യമായ പ്രശസ്തിക്കോ ക്ഷണികമായ ജനപ്രീതിക്കോ വഴിപ്പെടാതെ സാഹിത്യത്തിന്റെ ആത്മാവിനെയും അന്തസ്സിനെയും ഉയർത്തിപ്പിടിക്കുന്ന ദേശീയ ബഹുമതികളിലൊന്നാണ് ഭാരതീയ ജ്ഞാനപീഠം നൽകുന്ന മൂർത്തീദേവി പുരസ്കാരം. ഭാരതീയ തത്ത്വചിന്തയുടെയും സാംസ്കാരിക പൈതൃകത്തിന്റെയും വിശാല പശ്ചാത്തലത്തിൽ മാനവിക മൂല്യങ്ങൾ പ്രതിഫലിപ്പിക്കുന്ന ചിന്താസമ്പന്നമായ രചനകളെയാണ് ഈ പുരസ്കാരം ആദരിക്കുന്നത്.

ഭാരതീയ ജ്ഞാനപീഠത്തിന്റെ സ്ഥാപകനായ സാഹു ശാന്തിപ്രസാദ് ജെയിനിന്റെ മാതാവായ ശ്രീമതി മൂർത്തീദേവിയുടെ സ്മരണാർഥമാണ് പുരസ്കാരം ഏർപ്പെടുത്തിയത്. 1982-ൽ രൂപംകൊണ്ട ഈ പുരസ്കാരം 1983 മുതൽ നൽകിത്തുടങ്ങി. സാഹിത്യത്തെ കേവലം ആസ്വാദനത്തിനുള്ള ഉപാധിയായി കാണാതെ,

മനുഷ്യന്റെ ചിന്തയെയും മൂല്യബോധത്തെയും സമ്പന്നമാക്കുന്ന സാംസ്കാരിക ശക്തിയായി ഉയർത്തിക്കാട്ടുന്ന വിശാലമായ ദർശനമാണ് ഈ പുരസ്കാരത്തിന്റെ അടിത്തറ.

കേവലമായ ജനപ്രീതിക്കോ വിപണിമൂല്യത്തിനോ അപ്പുറം ചിന്താപരമായ ആഴവും സാഹിത്യപരമായ മികവും മാനവികമായ ഉൾക്കാഴ്ചയും പുലർത്തുന്ന കൃതികളാണ് പുരസ്കാരത്തിനായി പരിഗണിക്കപ്പെടുന്നത്. ഇന്ത്യൻ ഭരണഘടനയുടെ എട്ടാം പട്ടികയിൽ ഉൾപ്പെട്ട ഭാഷകളിലോ ഇംഗ്ലീഷിലോ രചിക്കപ്പെട്ട കൃതികൾക്ക് അംഗീകാരത്തിന് അർഹതയുണ്ട്. ജീവിച്ചിരിക്കുന്ന ഇന്ത്യൻ എഴുത്തുകാരുടെ കൃതികൾ മാത്രമാണ് പരിഗണിക്കുന്നത്. മരണാനന്തരമായി പുരസ്കാരം നൽകുന്നില്ല.



പുരസ്കാര വർഷത്തിന് കുറഞ്ഞത് ഒരു വർഷം മുമ്പും പരമാവധി പത്ത് വർഷത്തിനുള്ളിലും പ്രസിദ്ധീകരിച്ച കൃതികളെയാണ് സാധാരണയായി പരിഗണിക്കുന്നത്. ലഭിക്കുന്ന നിർദ്ദേശങ്ങളിൽ മാത്രം തിരഞ്ഞെടുപ്പ് പരിമിതപ്പെടുത്തുന്നില്ല; ശ്രദ്ധേയമായ മറ്റ് കൃതികളും സമിതിക്ക് പരിഗണിക്കാം. യോഗ്യമായ നിലവാരമുള്ള കൃതികണ്ടെത്താനാകാത്ത വർഷങ്ങളിൽ പുരസ്കാരം പ്രഖ്യാപിക്കാതിരിക്കാനുള്ള വ്യവസ്ഥയും ഇതിന്റെ തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങളുടെ കാർക്കശ്യം വ്യക്തമാക്കുന്നു.

നിലവിലെ പുരസ്കാര ഘടനയിൽ നാല് ലക്ഷം രൂപയുടെ ക്യാഷ് അവാർഡ്, പ്രശസ്തി പത്രം, ജ്ഞാനത്തിന്റെയും വിദ്യയുടെയും പ്രതീകമായ സരസ്വതീദേവിയുടെ ശില്പം എന്നിവ ഉൾപ്പെടുന്നു. മൂർത്തീദേവി പുരസ്കാരം ആദ്യമായി ലഭിച്ചത് കന്നഡ സാഹിത്യത്തിനായിരുന്നു. 1983-ൽ കന്നഡ എഴുത്തുകാരനായ സി.കെ. നാഗരാജ റാവുവിന്റെ, നാല് വാല്യങ്ങളിലായി പ്രസിദ്ധീകരിച്ച പട്ടമഹാദേവി ശാന്താദേവി എന്ന ചരിത്രനോവലാണ് ഈ ബഹുമതിക്ക് അർഹമായത്.

1991-ൽ ഒഡിയ സാഹിത്യകാരിയും അക്കാദമിക് വിദഗ്ധയുമായ പ്രതിഭാ റേ യജ്ഞസേനിയിലൂടെ മൂർത്തീദേവി പുരസ്കാരം നേടുന്ന ആദ്യ വനിതയായി.

മലയാള സാഹിത്യത്തിനും മൂർത്തീദേവി പുരസ്കാരത്തിന്റെ ചരിത്രത്തിൽ അഭിമാനകരമായ സ്ഥാനമുണ്ട്. മലയാളത്തിന്റെ ദാർശനികവും മാനവികവുമായ കാവ്യപാരമ്പര്യത്തിന് സവിശേഷ വ്യക്തിത്വം നൽകിയ അക്കിത്തം അച്യുതൻ നമ്പൂതിരിക്ക് 2009- ൽ ഈ പുരസ്കാരം ലഭിച്ചു. അദ്ദേഹത്തിന്റെ കവിതകളിലെ ചിന്താഗാംഭീര്യവും മാനവികബോധവും മുൻനിർത്തിയായിരുന്നു അംഗീകാരം. പിന്നീട് 2019-ലെ ജ്ഞാനപീഠ പുരസ്കാരവും അക്കിത്തത്തെ തേടിയെത്തി.

2013-ൽ സി. രാധാകൃഷ്ണനന് തീക്കടൽ കടഞ്ഞ് തിരുമധുരം എന്ന ജീവചരിത്ര നോവലിനാണ് മൂർത്തീദേവി പുരസ്കാരം ലഭിച്ചത്. ജീവിതം, ആത്മീയത, മനുഷ്യബന്ധങ്ങൾ, ദാർശനിക ചിന്തകൾ എന്നിവയെ ആഴത്തിൽ സമീപിക്കുന്ന അദ്ദേഹത്തിന്റെ സാഹിത്യജീവിതത്തിലെ പ്രധാന ദേശീയ അംഗീകാരങ്ങളിലൊന്നായിരുന്നു അത്.

2016-ൽ എം.പി. വീരേന്ദ്രകുമാർ ഹൈമവതഭൂവിൽ എന്ന കൃതിയിലൂടെ ഈ ബഹുമതിക്ക് അർഹനായി. ഈ എഴുത്തുകാരിലൂടെ മലയാളത്തിന്റെ ചിന്താപരവും ദാർശനികവുമായ സാഹിത്യപാരമ്പര്യം ദേശീയതലത്തിൽ വീണ്ടും ശ്രദ്ധിക്കപ്പെട്ടു.

2019-ലെ മൂർത്തീദേവി പുരസ്കാരം പ്രമുഖ ഹിന്ദി കവിയും നിരൂപകനും അദ്ധ്യാപകനുമായ വിശ്വനാഥ് പ്രസാദ് തിവാരിക്കാണ് ലഭിച്ചത്. അദ്ദേഹത്തിന്റെ അസ്തി ഔർ ഭവതി (Asti Aur Bhavati) എന്ന കൃതിക്കായിരുന്നു അംഗീകാരം.

മൂർത്തീദേവി പുരസ്കാരം നേടിയ ചില എഴുത്തുകാർ പിന്നീട് ജ്ഞാനപീഠ പുരസ്കാരത്തിനും അർഹരായിട്ടുണ്ട്. പ്രതിഭ റേ, നിർമ്മൽ വർമ്മ, അക്കിത്തം അച്യുതൻ നമ്പൂതിരി തുടങ്ങിയവർ അത്തരത്തിലുള്ള ശ്രദ്ധേയ പേരുകളാണ്. സാഹിത്യത്തിന്റെ ക്ഷണിക വിജയത്തേക്കാൾ ദീർഘകാല പ്രസക്തിയും ചിന്താഗൗരവവും വിലമതിക്കുന്ന തിരഞ്ഞെടുപ്പ് സമീപനത്തിന്റെ സൂചനയായി ഇതിനെ കാണാം.

വാക്കുകളുടെ സൗന്ദര്യത്തിൽ മാത്രം ഒതുങ്ങാതെ വായനയെ ബൗദ്ധികവും ആത്മീയവുമായ അനുഭവമാക്കി മാറ്റുന്ന രചനകളെയാണ് മൂർത്തീദേവി പുരസ്കാരം ആദരിച്ചുപോരുന്നത്. എഴുത്ത് എന്തു പറയുന്നു, മനുഷ്യജീവിതത്തെ എങ്ങനെ കാണുന്നു, കാലത്തോട് എന്ത് ചോദ്യങ്ങളാണ് ഉന്നയിക്കുന്നത് എന്നതിലേക്കാണ് ഈ അംഗീകാരം കൂടുതൽ ശ്രദ്ധതിരിക്കുന്നത്.

ദുർഗ്ഗാഷ്ടമി, മഹാനവമി, വിജയദശമി

നവരാത്രി പൂജകൾക്ക് തലസ്ഥാനം ഒരുങ്ങി

ഇത്തവണത്തെ ദുർഗ്ഗാഷ്ടമി-മഹാനവമി- വിജയദശമി പൂജകൾ ഒക്ടോബർ 19,20,21 തീയതികളിൽ നടക്കുന്നു. നവരാത്രി പുജാ ആഘോഷങ്ങളുടെ അവസാന മൂന്ന് ദിനങ്ങളാണ് ദുർഗ്ഗാഷ്ടമി, മഹാനവമി, വിജയദശമി നാളുകൾ.

കേരളത്തിലെ പൂജവയ്പ്പ് വളരെ പ്രധാനപ്പെട്ട ഈശ്വരാരാധനയും ആചാരവുമാണ്. പ്രത്യേകിച്ചും വിദ്യാർത്ഥികൾ, കലാകാരന്മാർ, ആയുധങ്ങൾ ഉപയോഗിച്ച് പണിയെടുക്കുന്നവർ തുടങ്ങിയവർക്ക്.

നവരാത്രിയുടെ അവസാന മൂന്ന് ദിവസങ്ങളിലായി നടക്കുന്ന 'പൂജ വയ്പ്പിൽ' ദുർഗ്ഗാദേവിയെ ജ്ഞാനത്തിന്റെ ദേവിയായ സരസ്വതിയായി സങ്കൽപ്പിച്ച് പൂജയും പ്രാർത്ഥനയും നടത്തപ്പെടുന്നു.

ദുർഗ്ഗാഷ്ടമി നാളിലെ സന്ധ്യാവേളയിലാണ് പൂജവയ്ക്കുന്നത്. വീടുകളിലോ, ക്ഷേത്രങ്ങളിലോ പ്രത്യേകം തയ്യാറാക്കപ്പെടുന്ന പന്തലുകളിലോ സരസ്വതി ദേവിയുടെ ചിത്രമോ വിഗ്രഹമോ ഭക്ത്യാദര പൂർവ്വം പ്രതിഷ്ഠിച്ചാണ് പൂജവയ്ക്കുന്നത്. വർണ്ണ-സുഗന്ധ പുഷ്പങ്ങളാൽ അലങ്കരിക്കപ്പെട്ടിട്ടുള്ള സരസ്വതീ ദേവിക്ക് മുമ്പിൽ വിദ്യാർത്ഥികൾ തങ്ങളുടെ പുസ്തകങ്ങളും പഠനോപകരണങ്ങളും, കലാകാരന്മാർ തങ്ങളുടെ സൃഷ്ടികൾ ഉപകരണങ്ങൽ എന്നിവയും വിവിധ തൊഴിലുകളിലേർപ്പെട്ടിട്ടുള്ളവർ അവരുടെ തൊഴിലുപകരണങ്ങളും പൂജക്കായി വയ്ക്കും.



പൂജവച്ചുകഴിഞ്ഞാൽ വിജയദശമി ദിവസം പൂജയെടുക്കുന്നതുവരെ പുസ്തകങ്ങൾ വായിക്കുകയോ തൊഴിലുപകരണങ്ങൾ ഉപയോഗിച്ച് തൊഴിലൊടുക്കുകയോ ചെയ്യാതെ പൂജയും പ്രാർത്ഥനയുമായി ദേവിക്ക് മുമ്പിലുണ്ടാവുക എന്നതാണ് ആചാരം. തങ്ങളുടെ പഠനത്തിനും തൊഴിലിനും പുരോഗതിയുണ്ടാവാൻ വേണ്ടിയുള്ള പ്രാർത്ഥനകളിലാവും എല്ലാവരും മുഴുകുക.

വിജയദശമി നാളിലെ പൂജയ്ക്കുശേഷം പൂജിച്ച പുസ്തകങ്ങളും തൊഴിലുപകരണങ്ങളും ഭക്തിയോടെ തിരിച്ചെടുക്കുന്നു. ഉടനെതന്നെ വിദ്യാർത്ഥികൾ പുസ്തകം വായിക്കുകയും മറ്റുള്ളവർ അവരവരുടെ തൊഴിലുകളിലും കലാപ്രകടനങ്ങളിലും മുഴുകുകയും ചെയ്യുന്നു.

വിജയദശമി നാളിലെ പ്രധാന ചടങ്ങാണ് കുഞ്ഞുങ്ങളെ 'എഴുത്തിനിരുത്തുക' എന്നത്. അവരെ ആദ്യമായി അക്ഷരലോകത്തിലേക്ക് ഭക്തിപൂർവ്വം ആനയിക്കുന്ന ചടങ്ങാണിത്. അരിയിലോ, മണലിലോ, പുഷ്പങ്ങളിലോ "ഹരി ശ്രീ ഗണപതയേ നമഃ" എന്ന് കുട്ടികളുടെ കൈപിടിച്ച് വിരൽ കൊണ്ടോ സ്വർണ്ണമോതിരം കൊണ്ടോ എഴുതിച്ചുകൊണ്ടുള്ളതാണ് "എഴുത്തിനിരുത്ത്" അല്ലെങ്കിൽ "വിദ്യാരംഭം" കുറിക്കുന്നത്.

കേരളത്തിൽ തിരുവനന്തപുരത്തെ പൂജപ്പുര സരസ്വതി ക്ഷേത്രം, കോട്ടയത്തെ പനച്ചിക്കാവ് സരസ്വതി ക്ഷേത്രം, എറണാകുളത്തെ ചോറ്റാനിക്കര ക്ഷേത്രം തുടങ്ങിയവ നവരാത്രി പൂജക്കും വിദ്യാരംഭത്തിനും ഏറെ പ്രശസ്തമാണ്.

വിജയദശമി നാളിലെ 'പള്ളിവേട്ട'

പള്ളിവേട്ട കഴിഞ്ഞ് നിശബ്ദമായി മടക്കം

നവരാത്രി ആഘോഷങ്ങളുമായി ബന്ധപ്പെട്ടും കുമാരസ്വാമി എഴുന്നെള്ളിപ്പുമായും ബന്ധപ്പെട്ട് തിരുവനന്തപുരത്ത് നടക്കുന്ന ഭക്തിനിർഭരവും പ്രധാനപ്പെട്ടതുമായ ചടങ്ങാണ് 'പള്ളിവേട്ട'. തിന്മയുടെ മേൽ നന്മ നേടുന്ന വിജയത്തെ പ്രതീകവൽക്കരിക്കുന്നതാണ് ഈ ആചാരം. വിജയദശമി നാളിലാണ് പള്ളിവേട്ട നടക്കുന്നത്.

തിരുവനന്തപുരം പൂജപ്പുര സരസ്വതി മണ്ഡപത്തോടനുബന്ധിച്ചുള്ള പൂജപ്പുര മൈതാനത്താണ് ഈ ചടങ്ങ്. പത്മനാഭപുരത്തുനിന്നും എഴുന്നെള്ളിച്ചുകൊണ്ടുവന്ന വിഗ്രഹങ്ങളായ സരസ്വതി ദേവി, വേളിമല കുമാരസ്വാമി, മുന്നൂറ്റി നങ്ക എന്നിവർ ഒത്തുചേരുന്ന പ്രധാന വേദിയെന്ന പ്രത്യേകതയും ഇതിനുണ്ട്.

പള്ളിവേട്ടയിൽ കുമാരസ്വാമിയുടെ വിഗ്രഹം വെള്ളിക്കുതിര വാഹനത്തിലേറ്റി മണ്ഡപത്തിന് പുറത്തേയ്ക്ക് കൊണ്ടുവരുന്നു. മൈതാനത്ത് ഒരുക്കിയിട്ടുള്ള പ്രതീകാത്മക കാട്ടിൽ അസുരനിഗ്രഹത്തിന്റെ ഭാഗമായി കരിക്ക് അമ്പെയ്ത് വീഴ്ത്തുകയോ അല്ലെങ്കിൽ കരിക്കുടയ്ക്കുകയോ ചെയ്യുന്നു. ഇതാണ് ആചാരം.

വേട്ട കഴിഞ്ഞ് മടങ്ങുന്ന സ്വാമി അതീവ ക്രോധത്തിലായിരിക്കും എന്നാണ് സങ്കൽപ്പം. അതിനാൽ ചടങ്ങു കഴിഞ്ഞയുടൻ വാദ്യമേളങ്ങളോ ശബ്ദങ്ങളോ ഒന്നുമില്ലാതെ നിശബ്ദമായിട്ടായിരിക്കും വിഗ്രഹം തിരികെ മണ്ഡപത്തിലേക്ക് എഴുന്നെള്ളിക്കുന്നത്.

പള്ളിവേട്ടക്കുശേഷം ഭഗവാന്റെ കോപം തണുപ്പിക്കുന്നതിനായി വിഗ്രഹങ്ങൾക്ക് ആറാട്ടു നടത്തുന്നു. വേട്ടയാടി ക്ഷീണിച്ച ദേവീ ദേവന്മാർക്ക് വിശ്രമിക്കാനായി വിജയദശമിക്ക് തൊട്ടടുത്ത ദിവസം "നല്ലിരുപ്പ്" ആണ്. ഇതിനുശേഷം വിഗ്രഹങ്ങൾ കന്യാകുമാരിയിലേക്ക് മടങ്ങുന്നു.

നവരാത്രി വിഗ്രഹ ഘോഷയാത്രയിലെ 'വെള്ളിക്കുതിര'

പത്മനാഭപുരം കൊട്ടാരത്തിൽ നിന്നാരംഭിക്കുന്ന നവരാത്രി വിഗ്രഹ ഘോഷയാത്രയിലെ പ്രധാനപ്പെട്ട ഒന്നാണ് 'വെള്ളിക്കുതിര'.

തിരുവിതാംകൂറിലെ വീരനും നീതിമാനുമായ വേലുത്തമ്പി ദളവയുടെ മാതാവ് കുമാരസ്വാമിക്ക് വഴിപാടായി കാണിക്കവെച്ചതാണ് ഈ വെള്ളിക്കുതിരയെന്ന് ചരിത്രരേഖകൾ പറയുന്നു.

ഏതാണ്ട് 1000 കിലോഗ്രാമിലധികം ഭാരമുള്ള ഈ കുതിര വിളഞ്ഞ ചന്ദനത്തടിയിലും ശുദ്ധമായ വെള്ളിയിലുമാണ് നിർമ്മിച്ചിരിക്കുന്നത്. അതിമനോഹരമായ രീതിയിൽ ചങ്ങലകളും ആഭരണങ്ങളും അണിയിച്ച് കുതിരയെ ഒരുക്കിയിരിക്കുന്നു. ഇതിന്റെ വാൽ നിർമ്മിച്ചിരിക്കുന്നത് പ്രത്യേകമായ വെള്ളിക്കമ്പികൾ കോർത്താണ്.

നവരാത്രി ഘോഷയാത്രയിൽ സരസ്വതീദേവിയെ പ്രൗഢിയോടെ ആനപ്പുറത്ത് എഴുന്നെള്ളിക്കുമ്പോൾ ദേവിയുടെ അംഗരക്ഷകനും സൈന്യാധിപനുമായ കുമാരസ്വാമി (മുരുകൻ) യുദ്ധത്തിന് പുറപ്പെടുന്ന ഭാവത്തിൽ ഒപ്പം സഞ്ചരിക്കുന്നു എന്നാണ് സങ്കൽപ്പം. സൈന്യാധിപന്റെ വാഹമായ കുതിരയെയാണ് വെള്ളിക്കുതിരയിലൂടെ സങ്കൽപ്പിക്കുന്നത്.

തിരുവനന്തപുരത്ത് ആര്യശാല ദേവീക്ഷേത്രത്തിൽ ദേവിയെ പ്രതിഷ്ഠിക്കുമ്പോൾ ഒപ്പം ഈ വെള്ളിക്കുതിരയേയും പ്രത്യേക മണ്ഡപത്തിൽ ഭക്തർക്ക് ദർശനത്തിനായി വയ്ക്കും.



മുൻ ഉദിത്ത മങ്ക- മുന്നൂറ്റി നങ്ക- കുണ്ഡലിനീ മങ്ക- കുണ്ടണി മങ്ക

കുമാരസ്വാമിക്കും സരസ്വതി ദേവിക്കും അകമ്പടി സേവിച്ച് 'മുന്നൂറ്റിനങ്ക'

നവരാത്രി വിഗ്രഹ ഘോഷയാത്രയിൽ കുമാരസ്വാമിക്കും സരസ്വതി ദേവിക്കുമൊപ്പം അകമ്പടി സേവിക്കുന്ന ദേവിയാണ് 'മുന്നൂറ്റി നങ്ക.'

മുന്നൂറ്റിനങ്ക എന്നാൽ മുൻ ഉദിത്തമങ്ക- മുമ്പ് ഉദിച്ച മങ്ക (ആദ്യം അവതരിച്ച ദേവി) എന്ന അർത്ഥം വരുന്ന തമിഴ് പദത്തിൽ നിന്നാണ് മുന്നൂറ്റി നങ്ക എന്ന പേര് രൂപപ്പെട്ടതെന്നാണ് ഐതീഹ്യം. പഴയകാല രാജരേഖകളിലും ലിഖിതങ്ങളിലും ഈ ദേവിയെ 'കുണ്ഡലിനി മങ്ക' എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. കുണ്ഡലിനി എന്നാൽ പ്രപഞ്ചത്തിന്റെ ആദിശക്തി എന്നാണർത്ഥം. തിരുവനന്തപുരത്ത് നാട്ടുകാർ ഭക്തിയോടെ ദേവിയെ 'കുണ്ഡലിനി മങ്ക', 'കുണ്ടണി അമ്മ' എന്നും വിളിക്കാറുണ്ട്.

കന്യാകുമാരി ജില്ലയിലെ ശുചീന്ദ്രത്തിനടുത്തുള്ള സ്ഥാണുമാലയൻ ക്ഷേത്രവുമായി ബന്ധപ്പെട്ടുള്ള 'മുന്നൂറ്റി നങ്ക' മങ്കലത്ത് ക്ഷേത്രത്തിലെ പ്രതിഷ്ഠയാണ് ഈ ദേവി.

കുമാര സ്വാമിയും സരസ്വതി ദേവിയും തിരുവനന്തപുരത്തേക്ക് ഘോഷയാത്രയായി എത്തുമ്പോൾ ശുചീന്ദ്രത്തുനിന്നും പല്ലക്കിലാണ് ദേവി അകമ്പടി സേവിക്കുന്നത്. മുന്നൂറ്റി നങ്ക ദേവി ശുചീന്ദ്രത്തുനിന്നും പത്മനാഭപുരം കൊട്ടാരത്തിലേയ്ക്കും അവിടെനിന്ന് തിരുവനന്തപുരത്തേക്കും എഴുന്നെള്ളിക്കുന്നു.

മുന്നൂറ്റിനങ്കയെക്കുറിച്ച് വിവിധ ഐതീഹ്യങ്ങളും കഥകളും നിലവിലുണ്ട്. മഹാ മഹർഷിയായ അത്രി മഹർഷിയുടേയും ഋഷിപത്നിയായ അനസൂയ ദേവിയുടെയും കഥയുമായി ബന്ധപ്പെട്ടുള്ള ഒരു സങ്കൽപ്പമുണ്ട്. ത്രിമൂർത്തികൾ അനസൂയയുടെ പാതിവ്രത്യം പരീക്ഷിക്കാൻ എത്തിയപ്പോൾ അവരെ ദേവി ശിശുക്കളാക്കി മാറ്റി. ഈ പ്രപഞ്ചനാഥന്മാരെ പൂർവ്വസ്ഥിയിലെത്തിക്കാൻ ത്രിമൂർത്തികളുടെ പത്നിമാരായ സരസ്വതി, ലക്ഷ്മി, പാർവ്വതി എന്നിവർ അനസൂയയെ സമാധാനിപ്പിച്ച് പ്രീതിപ്പെടുത്താനായി ശുചീന്ദ്രത്ത് എത്തി തപസ്സു ചെയ്തു. ഈ മൂന്ന് ദേവിമാരുടെയും ചൈതന്യം ഒത്തുചേർന്ന രൂപമാണ് മുന്നൂറ്റി നങ്ക എന്നതാണ് പ്രസ്തുത സങ്കൽപ്പം.

മറ്റൊരു ഐതീഹ്യം വേളിമലയിലെ കുമാരസ്വാമി (മുരുകൻ) കാട്ടുജാതിക്കാരിയായ വള്ളി ദേവിയെ വിവാഹം കഴിക്കാൻ ആഗ്രഹിച്ചപ്പോൾ പിതാവായ മഹേശ്വരനെ ഭയന്ന് വിഷയം അവതരിപ്പിക്കാൻ ശ്രീപത്മനാഭ സ്വാമിയുടെ സഹായംതേടി. കുമാരസ്വാമിക്ക് അനുകൂലമായി പത്മനാഭസ്വാമിയോട് സംസാരിക്കാനായി ശുചീന്ദ്രത്തുനിന്നും കൂടെ പുറപ്പെട്ട സഹായിയാണ് മുന്നൂറ്റിനങ്ക എന്നതാണ് മറ്റൊരു കഥ.

പരമശിവനെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കാൻ ശ്രീപത്മനാഭ സ്വാമിയെ ചുമതലപ്പെടുത്താനെത്തിയ കൂട്ടത്തിൽ കൂടിയ മുന്നൂറ്റിനങ്ക കുണ്ടണി (ഏഷണി) പറഞ്ഞ് കല്യാണം മുടക്കുകയായിരുന്നു എന്ന നിലയിലുള്ള സങ്കൽപ്പവും നിലവിലുണ്ട്.

തമിഴ്നാടും കേരളവും തമ്മിലുള്ള ദൃഢമായ സാംസ്കാരിക ബന്ധം

വേളിമല കുമാരസ്വാമി എഴുന്നെള്ളത്ത്

തിരുവനന്തപുരം: നവരാത്രി ആഘോഷങ്ങളുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് നടക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ആചാരമാണ് കുമാരസ്വാമി എഴുന്നെള്ളിപ്പ്. തിരുവിതാംകൂർ രാജവംശത്തിന്റെ കാലത്ത് സ്വാതിതിരുനാൾ മഹാരാജാവിന്റെ ഭരണത്തിലാണ് ഈ ആചാരത്തിന് തുടക്കം കുറിച്ചത്. ഇരുന്നൂറിലധികം വർഷത്തെ പാരമ്പര്യമുള്ള ഇത് ഭക്തിയോടൊപ്പം തന്നെ തമിഴ്നാടും കേരളവും തമ്മിലുള്ള ദൃഢമായ സാംസ്കാരിക ബന്ധം വിളിച്ചോതുന്നു എന്നതാണ് പ്രധാന പ്രത്യേകത. നൂറ്റാണ്ടുകൾ കഴിഞ്ഞും ഇപ്പോഴും കേരള- തമിഴ്നാട് ഗവൺമെന്റുകൾ ഒരേപോലെ സഹകരിച്ചാണ് ഈ ആചാരം നിർവ്വഹിച്ചുപോരുന്നത്.

തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിലെ തക്കലക്ക് സമീപമുള്ള വേളിമല(കുമാരകോവിൽ) ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിലെ പ്രതിഷ്ഠയായ കുമാരസ്വാമിയെ കേരളത്തിലെ തിരുവനന്തപുരത്തേക്ക് എഴുന്നെള്ളിച്ചുകൊണ്ടുവരുന്നു. തിരുവിതാംകൂർ രാജവംശത്തിന്റെ ആയുധവിദ്യാദേവനായി- അല്ലെങ്കിൽ ആയോധനകലകളുടെ ദേവനായി- കുമാരസ്വാമിയെ സങ്കൽപ്പിക്കപ്പെടുന്നു.

നവരാത്രി പൂജകൾക്കായി പത്മനാഭപുരം കൊട്ടാരത്തിൽ നിന്നും സരസ്വതി ദേവിയുടെ വിഗ്രഹം തിരുവനന്തപുരത്തേക്ക് എഴുന്നെള്ളിക്കുമ്പോൾ ദേവിക്ക് അംഗരക്ഷകനായാണ് കുമാരസ്വാമി സഞ്ചരിക്കുന്നത്. സരസ്വതി ദേവിയെ ആനപ്പുറത്ത് എഴുന്നെള്ളിച്ചുകൊണ്ടുവരുന്നു. പത്മനാഭപുരത്തെ സരസ്വതീദേവി, വേളിമലയിലെ കുമാരസ്വാമി, ശുചീന്ദ്രത്തുനിന്നുള്ള മുന്നൂറ്റി നങ്ക (കുണ്ടണിമങ്ക) എന്നീ മൂന്ന് വിഗ്രഹങ്ങളും ഒപ്പം മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ഉടവാളും അകമ്പടിയായുണ്ടാകും. കേരള- തമിഴ്നാട് അതിർത്തികൾ കടന്നുവരുന്ന ഈ ഘോഷയാത്രക്ക് കേരള-തമിഴ്നാട് പൊലീസ് സേനകളുടെ വൻ അകമ്പടിയുമുണ്ടാകും.

തിരുവനന്തപുരത്ത് എത്തിച്ചേരുന്ന കുമാരസ്വാമി വിഗ്രഹം നവരാത്രി നാളുകളിൽ പൂജക്കായി ആര്യശാല ദേവീക്ഷേത്രത്തിലാണ് താൽക്കാലികമായി പ്രതിഷ്ഠിക്കുന്നത്. സരസ്വതി ദേവിയെ ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന് സമീപമുള്ള നവരാത്രിമണ്ഡപത്തിലും മുന്നൂറ്റി നങ്കയെ ചെന്തിട്ട ക്ഷേത്രത്തിലും പൂജക്കായി പ്രതിഷ്ഠിക്കുന്നു.

വിജയദശമി നാളിൽ പൂജപ്പുര സരസ്വതി മണ്ഡപത്തിൽ നടക്കുന്ന പള്ളിവേട്ടയ്ക്കും വിദ്യാരംഭ ചടങ്ങുകൾക്കും ശേഷം "നല്ലിരുപ്പ്" കഴിഞ്ഞ് വിഗ്രഹങ്ങൾ തിരികെ അതാതു മൂലക്ഷേത്രങ്ങളിലേക്ക് ആചാരപൂർവ്വം തിരികെ കൊണ്ടുപോകുന്നു.

ഗാന്ധി ഭാരത്

ഗാന്ധിജിയും യുവതലമുറയും

ശ്രീലത എ.പി

വിദ്യാർത്ഥികളെ കുറിച്ചും യുവാക്കളെ കുറിച്ചും മഹാത്മാഗാന്ധിയുടെ കാഴ്ചപ്പാടുകൾ വളരെ വലുതായിരുന്നു. ചെറുപ്പക്കാരെ രാജ്യത്തിന്റെ ശക്തിയായും മാറ്റത്തിന്റെ ശില്പികളായും അദ്ദേഹം കണ്ടു. സത്യവും അഹിംസയും മുറുകെ പിടിച്ച് സമൂഹ നൻമയ്ക്കായി മുന്നോട്ട് വരാൻ അദ്ദേഹം യുവജനങ്ങളെ എപ്പോഴും ഓർമ്മിപ്പിച്ചു. അഹിംസ, സത്യം, ലളിത ജീവിതം, സാമൂഹിക സേവനം എന്നീ മൂല്യങ്ങളിലൂടെയുള്ള യുവജനങ്ങളുടെ കടമകളെയും ഉത്തരവാദിത്വങ്ങളെയും കുറിച്ചുള്ള ആശയങ്ങളെയാണ് ഇവിടെ പ്രതിപാദിക്കുന്നത്.



ധാർമ്മികതയും ധൈര്യവും

മികച്ച സ്വഭാവവും സത്യസന്ധതയും വളർത്തിയെടുക്കാൻ അദ്ദേഹം വിദ്യാർത്ഥികളോടും യുവജനങ്ങളോടും ആവശ്യപ്പെട്ടു. ഭയമില്ലാതെ സത്യത്തിന് വേണ്ടി നിലകൊള്ളാൻ ചെറുപ്പക്കാരെ അദ്ദേഹം നിരന്തരം പ്രചോദിപ്പിച്ചു. സത്യത്തിന്റെ വഴിയിൽ കൂടി സഞ്ചരിക്കാൻ യുവാക്കൾക്ക് ധൈര്യം വേണമെന്ന് ഗാന്ധിജി ഓർമ്മിപ്പിച്ചു. സമൂഹം എളുപ്പത്തിൽ മാറ്റങ്ങളെ അംഗീകരിക്കാറില്ലെന്നതിനാൽ നേരിടേണ്ടി വരുന്ന ബുദ്ധിമുട്ടുകളെ ചെറുക്കാൻ അവർക്ക് ശക്തമായ ഇച്ഛാശക്തി ഉണ്ടായിരിക്കണം.

അഹിംസയും സമാധാനവും

അസഹിഷ്ണുതയോടും ഹിംസയോടും സമാധാനപരമായ മാർഗ്ഗങ്ങളിലൂടെ എപ്പോഴും പ്രതികരിക്കാൻ ഗാന്ധിജി പഠിപ്പിച്ചു. അക്രമമില്ലാത്ത മാർഗ്ഗത്തിലൂടെയും സ്നേഹത്തിലൂടെയും ഏത് വലിയ പ്രശ്നവും പരിഹരിക്കാൻ പറ്റുമെന്ന് ചെറുപ്പക്കാരോട് അദ്ദേഹം ആഹ്വാനം ചെയ്തു. ചെറുപ്പക്കാർ അഹിംസ സ്വീകരിക്കുന്നത് വഴി ഒരു നല്ല സമൂഹം ഉണ്ടാക്കാൻ കഴിയുന്നു.

സ്വയം പര്യാപ്തത

തൊഴിലധിഷ്ഠിത പരിശീലനത്തിലൂടെയും ഗ്രാമീണവികസനത്തിലൂടെയും യുവാക്കൾ സ്വയം പര്യാപ്തരാകണമെന്ന് ഗാന്ധിജി ആവശ്യപ്പെട്ടു. ഒരു വ്യക്തിയും ഗ്രാമവും തങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾക്കായി മറ്റുള്ളവരെ ആശ്രയിക്കാതെ സ്വയം പാകപെടണം എന്നതായിരുന്നു. ഗാന്ധിജിയുടെ കാഴ്ചപ്പാട്. സ്വയം പര്യാപ്തത എന്നാൽ ഒറ്റപ്പെട്ടു നിൽക്കലല്ല മറിച്ച് സമൂഹത്തിന്റെ സഹകരണത്തോടെയുള്ള കൂട്ടായ വളർച്ചയാണ്.

സാമൂഹിക സമത്വം

ജാതി, മത, വർഗ്ഗീയ ചിന്തകൾക്കതീതമായി നിസ്വാർത്ഥ ദേശീയതയോടെ പ്രവർത്തിക്കാൻ യുവജനങ്ങൾക്ക് പ്രചോദനം നൽകി.

ലളിത ജീവിതം

ആർഭാടങ്ങൾ ഒഴിവാക്കി സത്യത്തിന്റെയും ധർമ്മത്തിന്റെയും പാതപിന്തുടരാൻ ഗാന്ധിജി തന്റെ ജീവിതം കൊണ്ട് മാതൃക കാണിച്ചുകൊടുത്തു. മഹാത്മാഗാന്ധിയുടെ ജീവിത സ്മരണകൾ ഉണർത്തുന്ന ഇന്നും മായാതെ സൂക്ഷിക്കുന്ന ഇടമാണ് സേവാഗ്രാം. ഗാന്ധിജി എങ്ങനെ ലളിതമായി ജീവിക്കണമെന്ന് ആഗ്രഹിച്ചു ജീവിച്ചോ അതെല്ലാം ഇവിടെ കാണാം. അദ്ദേഹത്തിന്റെ വസ്ത്രധാരണം, ആഹാരം, പെരുമാറ്റം എന്നിവയിലെല്ലാം അദ്ദേഹം ലളിത ജീവിതം നയിച്ചു.

ശാരീരിക അദ്ധ്വാനം

അദ്ധ്വാനത്തിന്റെ പ്രാധാന്യം ചെറുപ്പം മുതലേ ശീലിക്കാൻ അദ്ദേഹം യുവാക്കളെ ആഹ്വാനം ചെയ്തു. ശാരീരിക അദ്ധ്വാനം ചെയ്യാതെ ഭക്ഷണം കഴിക്കുന്നത് മോഷണത്തിന് തുല്യമാണെന്ന് അദ്ദേഹം കരുതി. ഓരോ വ്യക്തിയും തന്റെ ദൈനംദിന ആഹാരം കണ്ടെത്തുന്നതിനായി സ്വന്തം കൈകൾ കൊണ്ട് ശാരീരിക അദ്ധ്വാനം ചെയ്യണമെന്ന് ഗാന്ധിജി വിശ്വസിച്ചു. ശരീരം ഭോഗത്തിനുള്ളതല്ല. മറിച്ച് സേവനത്തിനുള്ള ഒരു ഉപകരണമാണെന്നായിരുന്നു അദ്ദേഹത്തിന്റെ പക്ഷം. അഹാരം ആഡംബരത്തിനോ നാവിന്റെ രുചിക്കോ വേണ്ടിയുള്ളതല്ല. വിശപ്പടക്കാൻ ഉള്ളതാണെന്ന് അദ്ദേഹം പഠിപ്പിച്ചു.

മൂല്യാധിഷ്ഠിത വിദ്യാഭ്യാസം

ഗാന്ധിജിയുടെ മൂല്യാധിഷ്ഠിത വിദ്യാഭ്യാസ ദർശനം സത്യം, അഹിംസ, സ്വഭാവ രൂപീകരണം എന്നിവയിൽ ഊന്നിയുള്ളതാണ്. ഇത് വ്യക്തിയുടെ സമഗ്രമായ വളർച്ചയും (ശരീരം, മനസ്സ്, ആത്മാവ്)ഇവയെ ലക്ഷ്യമിട്ടുകൊണ്ട് ഉള്ളതായിരുന്നു. കരകൗശല ജോലികളിലൂടെയും ഉൽപ്പാദനക്ഷമമായ പ്രവൃത്തികളിലൂടെയും കുട്ടികളെ സ്വയം പര്യാപതരാക്കുക. കേവലം ബുദ്ധിപരമായ വളർച്ച മാത്രമല്ല, ആത്മീയമായ പരിശീലനവും, ഹൃദയവികാസവുമാണ് യഥാർത്ഥ വിദ്യാഭ്യാസമെന്നും ഇത് ഹൃദയത്തിന്റെ സംസ്കരണം ആണെന്നും അദ്ദേഹം പറയുകയുണ്ടായി. ഒരു ശിശുവിന്റെ ശരീരത്തിലും മനസ്സിലും ആത്മാവിലുമുള്ള ഏറ്റവും നല്ലതിനെ വികസിപ്പിക്കുന്നതാണ് വിദ്യാഭ്യാസം.

(1 –ാം പേജിൽ നിന്നും തുടർച്ച)

വിശ്വാസ ശബ്ദമായി ഒരു ലോകഭാഷ

അറബി ഭാഷ ചരിത്രവും സംസ്കാരവും

മോഡേൺ സ്റ്റാൻഡേർഡ് അറബിക് എന്നുമുള്ള രണ്ട് രൂപങ്ങളുണ്ട്. പഴയകാല മതഗ്രന്ഥങ്ങളുടെ ഭാഷയാണ് ക്ലാസിക്കൽ അറബിക്. മോഡേൺ സ്റ്റാൻഡേർഡ് അറബിക് എന്നതാകട്ടെ അറബ് ലോകത്തു ടനീളമുള്ള ഔദ്യോഗിക ആവശ്യങ്ങൾക്കും വാർത്തകൾക്കും സാഹിത്യത്തിനുമായി ഉപയോഗിക്കുന്ന പരിഷ്ക്കരിച്ച രൂപവും. ദൈനംദിന സംഭാഷണങ്ങൾക്കായി ഈജിപ്ഷ്യൻ, ഗൾഫ് അറബിക് തുടങ്ങിയ ഭാഷാഭേദങ്ങൾ ഉപയോഗിക്കപ്പെടുന്നു. ഇവ മോഡേൺ സ്റ്റാന്റേർഡ് അറബിക്കിൽ നിന്നും തികച്ചും വ്യത്യസ്ഥമായവയാണ്. മധ്യകാലഘട്ടത്തിൽ സംസ്കാരത്തിന്റേയും പഠനത്തിന്റേയും പ്രധാനപ്പെട്ട ഒരു മാധ്യമമായിരുന്നു അറബി. പ്രത്യേകിച്ചും ശാസ്ത്രം, ഗണിതം, തത്വചിന്ത എന്നിവയിൽ. തൽഫലമായി പല യൂറോപ്യൻ ഭാഷകളും അതിൽനിന്നും വാക്കുകൾ കടമെടുത്തിട്ടുണ്ടെന്നു കാണാം. സ്പാനിഷ്, പോർച്ചുഗീസ്, കറ്റാലൽ, സിബിലിയൻ തുടങ്ങിയുള്ള യൂറോപ്യൻ ഭാഷകളിൽ ഇത് സുവ്യക്തമാണ്. ഓട്ടോമൺ തുർക്കിഷ് ഭാഷയുമായുള്ള സമ്പർക്കത്തിലൂടെ അറബി ഭാഷ ലോകത്തെമ്പാടുമുള്ള മറ്റ് ഭാഷകളെയും സ്വാധീനിച്ചിട്ടുണ്ട്. പേർഷ്യൻ, ടർക്കിഷ്, ഹിന്ദുസ്ഥാനി, കാശ്മീരി, കുർദിഷ്, ബോസ്നിയൻ, കസാഖ്, ബംഗാളി, മലായ്, മലേഷ്യൻ, മാലി, പാഷ്ട്ടോ, പഞ്ചാബി, അർമേനിയൻ, അസർബൈജാനി, സിസിലിയൻ ഭാഷകളെ ഇതിനുദാഹരണങ്ങളായി ചൂണ്ടിക്കാട്ടാനാവും. ഹീബ്രു, സൊമാലി, തമാസൈറ്റ്, സ്വാഹിലി തുടങ്ങിയുള്ള ആഫ്രിക്കൻ ഭാഷകളേയും ഇതിൽ നിന്നും മാറ്റിനിറുത്താനാവില്ല.

പരിശുദ്ധ ഖുറാൻ അറബിക് ഭാഷയിലാണ് എഴുതിയിട്ടുള്ളതെന്നതിനാലും പദങ്ങൾ അറബിയിലാണെന്നതിനാലും നാം അറബി ഭാഷ പഠിക്കുന്നു. ലോകമെമ്പാടുമുള്ള നിരവധി പ്രാഥമിക-സെക്കൻഡറി വിദ്യാലയങ്ങളിൽ അറബിക് പഠിപ്പിക്കുന്നുണ്ട്. സർവ്വകലാശാലകളിൽ വിദേശഭാഷാ പഠനം, മിഡിൽ- ഈസ്റ്റേൺ ഭാഷാപഠനങ്ങൾ, മതപഠനം എന്നിവയുടെ ഭാഗമായും അറബിക് കോഴ്സുകൾ നടത്തപ്പെടുന്നു. അക്കാദമിക് ലോകത്തിനുപുറത്ത് അറബി പഠിക്കാൻ വിദ്യാർത്ഥികളെ സഹായിക്കുന്നതിനുള്ള പ്രത്യേക അറബി ഭാഷാ സ്കൂളുകളും നിലവിലുണ്ട്.

ആധുനിക അറബി ലിപിയുടെ ആദ്യഘട്ടത്തിൽ തുടർച്ചയായ അറബി ലിപി ഉണ്ടായിരുന്നു എന്നതിന് ഇസ്രായേലിലെ ഗാറെം അല്ലാഹെ എന്ന കവിയുടെ കവിതാ വരികൾ തെളിവാകുന്നു. തുടർന്ന് ലഖ്മിത് രാജാവായ ഇമ്രു അൽ-ഖൈസ് ബാർ അംറോയുടെ ശവകുടീരത്തിലെ സ്മരണക്കുറിപ്പ് അതിന് കൂടുതൽ ബലം നൽകി.

അറബി വ്യാകരണം അഥവാ 'അൽനഹ്വ്'ന്റെ ഗുണനിലവാരമുറപ്പിക്കുന്നതിനും വ്യജ്ഞനാക്ഷരങ്ങളെ സ്വരസൂചകമായി വേർതിരിക്കുന്നതിനുമുള്ള സ്വരചിഹ്ന- ഉപചിഹ്ന സമ്പ്രദായത്തിന് തുടക്കമിട്ടതും അബു അൽ- അസ്വദ് അൽ- ദു അലിയാണ്. ആദ്യത്തെ അറബി ശബ്ദകോശമായ 'കിതാബ് അൽ ഐൻ' രൂപപ്പെടുത്തിയതാവട്ടെ പണ്ഡിതനായ അൽ-ഖലീൽ ഇബ്നു അഹമ്മദ് അൽ- ഫെറാഹിദിയും. അറബി ഗദ്യത്തിന്റെ നിയമങ്ങൾ സ്ഥാപിച്ചതും ഇദ്ദേഹം തന്നെയാണ്. മഗ്രിബി നിഘണ്ടുകാരനായ ഇബ്നു മൻസൂർ 1290 ൽ അറബിയുടെ പ്രധാന റഫറൻസ് നിഘണ്ടുവായ 'ലിസാൻ അൽ-അറബ്' (അറബിയുടെ ഭാഷ) എന്ന കൃതി രചിച്ചു.

നൂറ്റാണ്ടുകളുടെ പഴക്കമുള്ളതും വളരെ സമ്പന്നവുമാണ് അറബ് സാഹിത്യം. അറബി സാഹിത്യത്തിന്റേയും ശാസ്ത്രത്തിന്റേയും സുവർണ്ണ കാലഘട്ടമാണ് (ബി.ഇ 750-1258) ബാഗ്ദാദ് കേന്ദ്രമാക്കിയുള്ള സമ്പർക്കം സാഹിത്യത്തെ ഉത്തേജിപ്പിക്കുകയായിരുന്നു. ഈ കാലഘട്ടത്തിൽ ഗ്രീക്ക്, പേർഷ്യൻ, ഇൻഡ്യൻ കൃതികൾ വ്യാപകമായി അറബിയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. ശാസ്ത്രം, തത്വചിന്ത, ചരിത്രം എന്നിവ സാഹിത്യത്തിൽ ഇടം പിടിച്ചതും 'മഖാമത്ത്' എന്ന പുതിയതരം കഥാപ്രസംഗശൈലി രൂപപ്പെട്ടതും വിശ്വപ്രസിദ്ധമായ 'ആയിരത്തൊന്നു രാവുകൾ' എന്ന കഥാസമാഹാരം രൂപപ്പെട്ടതും ഈ കാലഘട്ടത്തിലാണ്. 'അബുനവാസ്', 'അൽമതനബ്ബി' തുടങ്ങിയ വിഖ്യാത കവികൾ ജീവിച്ചിരുന്ന കാലഘട്ടവും ഇതാണ്.

നല്ലകാലംപോലെതന്നെ അറബി സാഹിത്യത്തിന് പൊല്ലാകാലവും ഉണ്ടാകാതിരുന്നില്ല. മംഗോളിയർ ബാഗ്ദാദ് ആക്രമിച്ചു നശിപ്പിച്ചപ്പോഴായിരുന്നു അത് സംഭവിച്ചത്. ഒട്ടോമൻ ഭരണകാലത്ത് തുർക്കി ഭാഷയ്ക്ക് പ്രാധാന്യം ലഭിച്ചതിനാൽ അറബി സാഹിത്യത്തിൽ പുതിയ പരീക്ഷണങ്ങളോ പുരോഗതിയോ ഉണ്ടായില്ല. ചുരുക്കിപ്പറഞ്ഞാൽ അറബി സാഹിത്യത്തെ സംബന്ധിച്ചിടത്തോളം ഇത് തീർത്തും ഒരു നിശ്ചല കാലഘട്ടമായിരുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ നെപ്പോളിയന്റെ ഈജിപ്റ്റ് അധിനിവേശത്തോടെ പാശ്ചാത്യ സംസ്കാരവുമായി സമ്പർക്കമുണ്ടാവുകയും അറബി സാഹിത്യത്തിൽ വലിയൊരു നവോത്ഥാനം സംഭവിക്കുകയും ചെയ്തു. ഈ നവോത്ഥാനത്തെയാണ് 'അൽ - നഹ്ദ' എന്നറിയപ്പെടുന്നത്. അതോടെ അച്ചടിശാലകളും പത്രപ്രവർത്തനവും വ്യാപകമായി. പാശ്ചാത്യശൈലിയിലുള്ള നോവലുകൾ, ചെറുകഥകൾ, നാടകങ്ങൾ തുടങ്ങിയവ അറബി ഭാഷയിൽ ധാരാളമായി എഴുതപ്പെട്ടുതുടങ്ങി.

അമേരിക്കയിലേക്കും യൂറോപ്പിലേക്കും കുടിയേറിയ അറബി എഴുത്തുകാരുടെ കൂട്ടായ്മയെയാണ് മഹ്ജർ സാഹിത്യം എന്നറിയപ്പെടുന്നത്. 'ദി പ്രോഫറ്റ്' എന്ന വിഖ്യാത കൃതിയുടെ കർത്താവായ 'ഖലീൽ ജിബ്രാ'നായിരുന്നു ഈ പ്രസ്ഥാനത്തിന്റെ നേതാവ്.

അറബ് സാഹിത്യത്തിലെ ആദ്യത്തെ നോബേൽ സമ്മാന ജേതാവാണ് ഈജിപ്ഷ്യൻ എഴുത്തുകാരനായ 'നജീബ് മഹ്ഫൂസ്'. "കെയ്റോട്രിലോഗി" തുടങ്ങിയുള്ള തന്റെ പ്രശസ്തമായ നോവലുകളിലൂടെയാണ് അദ്ദേഹം ഈ പരമോന്നത ബഹുമതിക്കർഹനായത്.

ലോക സാഹിത്യചരിത്രത്തിലെ ഏറ്റവും പ്രശസ്തവും ജനപ്രിയവുമായ കഥാസമാഹാരങ്ങളിൽ ഒന്നാണ് പൗരസ്ത്യദേശത്തിന്റെ സംസ്കാരവും മാന്ത്രികതയും നിറഞ്ഞ 'അറേബ്യൻ നൈറ്റ്സ്' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ആയിരത്തൊന്ന് രാവുകൾ (ലെയ്ലാവി-ലെയ്ലാ) എന്ന കൃതി. പേർഷ്യൻ രാജാവായിരുന്ന 'ഷഹരിയാർ'ക്ക് അദ്ദേഹത്തിന്റെ രണ്ടാംഭാര്യയായ 'ഷഹറസാദ്' ആയിരത്തൊന്ന് രാവുകൾ തുടർച്ചയായി കഥപറഞ്ഞുകൊടുത്തുകൊണ്ട് വധശിക്ഷയിൽനിന്ന് രക്ഷപ്പെടുന്നതാണ് കഥ. ഇതിന്റെ ഗ്രന്ഥകർത്താവിനെക്കുറിച്ച് ഒരിടത്തും പറയുന്നില്ല. കാരണം ഈ പുസ്തകം ഏതെങ്കിലുമൊരു വ്യക്തി ഒറ്റക്കെഴുതിയതാണെന്ന് കരുതുന്നില്ല. നൂറ്റാണ്ടുകളിലൂടെ രൂപപ്പെട്ട ഒരു കൂട്ടായ സാഹിത്യസൃഷ്ടിയാണെന്നാണ് കരുതപ്പെടുന്നത്. ലോകമെമ്പാടുമുള്ള കുട്ടികൾക്കും മുതിർന്നവർക്കും പ്രിയപ്പെട്ട പല കഥാപാത്രങ്ങളും ഈ കൃതിയിലൂടെയാണുണ്ടായത്. അലാവുദീനും അത്ഭുതവിളക്കും, ആലിബാബയും നൽപ്പത് കള്ളന്മാരും, സിൻബാദിന്റെ ഏഴ് കടൽയാത്രകൾ തുടങ്ങിയവ ഇതിനുദാഹരണങ്ങളാണ്. പ്രണയം, വഞ്ചന, മാന്ത്രികത, കൊലപാതകം, തത്വചിന്ത എന്നിവയെല്ലാം ചേർന്നതാണ് ഇതിലെ കഥകൾ. വിശ്വസാഹിത്യത്തിലെ ഏറ്റവും മികച്ച 'ഫാന്റസി' കൃതിയായി ഇന്നും ഇത് നിലകൊള്ളുന്നു.

എഴുത്തുകാരുടെയും കവികളുടേയും സമ്പന്നമായ ചരിത്രമാണ് അറബിക് ഭാഷക്കുള്ളത്. സാസ്കാരിക- ആത്മീയ-പുരോഗമന-തത്വചിന്താ രംഗങ്ങളിലെല്ലാം അഭൂതപൂർവ്വമായ മുന്നേറ്റമാണ് അറബിക് ഭാഷ കൈവരിച്ചിട്ടുള്ളതും.

അല്ലാഹു തന്റെ പ്രവാചകനായ മുഹമ്മദ് നബിക്ക് 'ജിബ്ദീൽ' എന്ന മാലാഖ വഴി നൽകിയ വചനങ്ങളാണ് പരിശുദ്ധ ഖുർആനിലുള്ളതെന്നാണ് വിശ്വാസം. പ്രപഞ്ചസൃഷ്ടി, മനുഷ്യന്റെ കടമകൾ, ധാർമ്മിക മൂല്യങ്ങൾ, നിയമങ്ങൾ, മുൻകാല പ്രവാചകന്മാരുടെ ചരിത്രങ്ങൾ, മരണാനന്തര ജീവിതം, ദൈവത്തിന്റെ ഏകത്വം തുടങ്ങിയവയാണ് പരിശുദ്ധ ഖുർആനിലെ പ്രതിപാദ്യവിഷയങ്ങൾ. ആകെ 114 അദ്ധ്യായങ്ങളാണ് (സൂറത്തുകൾ) ഈ ദിവ്യഗ്രന്ഥത്തിലുള്ളത്. ഇതിലെ വചനങ്ങളെ 'ആയത്തുകൾ' എന്നറിയപ്പെടുന്നു. അവതരിപ്പിക്കപ്പെട്ടതുമുതൽ ഇതപര്യന്തം പരിശുദ്ധ ഖുർആനിലെ ഒരക്ഷരത്തിനുപോലും മാറ്റം വന്നിട്ടില്ല. ലോകാവസാനംവരെ അതങ്ങിനെതന്നെയായിരിക്കുമെന്നും വിശ്വാസികൾ കരുതുന്നു.

അറബി ഭാഷയിലെ ഈ ദൈവീകഗ്രന്ഥത്തിന്റെ സാഹിത്യഭംഗിയും ഭാഷാശൈലിയും സർവ്വോപരി ഈശ്വരീയതയും സമാനതകളില്ലാത്തതാണ്!

ആൽബം



എൻ.വി.സാഹിത്യവേദി പുരസ്കാര ചടങ്ങ് – വേദിയിൽ അശ്വതിതിരുനാൾ ഗൗരിലക്ഷ്മിഭായ് തമ്പുരാട്ടി, പി.എസ്.ശ്രീധരൻ പിള്ള, ബി.എസ്.ബാലചന്ദ്രൻ

അറിവിന്റെ മധുകണങ്ങൾ



രാജി അജിത്ത്

- 22 ഇന്ത്യൻ ഭാഷകളിൽ ശബ്ദം തിരിച്ചറിയാൻ കഴിയുന്ന Sarvam AI മോഡലിന്റെ പേര്?
- Saaras V4
- 2026 സെപ്റ്റംബറിൽ പുതിയ AI മോഡൽ പുറത്തിറക്കിയ ഇന്ത്യൻ SaaS കമ്പനി?
- Zoho
- Zohoയുടെ പുതിയ conversational AI പ്ലാറ്റ്ഫോമിന്റെ പേര്?
- Zia Chat
- AI ഏജന്റ് ഓസ്ട്രേലിയൻ സർക്കാർ വെബ്സൈറ്റിൽ അനധികൃതമായി പ്രവേശിച്ച സംഭവത്തിൽ പരാമർശിക്കപ്പെട്ട കമ്പനി?
- OpenAI
- 2026 സെപ്റ്റംബറിൽ OpenAI പുറത്തിറക്കിയ പുതിയ മോഡൽ കുടുംബം?
- GPT6
- OpenAIയുടെ നിയമരംഗത്തേക്കുള്ള പുതിയ AI സംവിധാനത്തിന്റെ പേര്?
- Astra
- പുതിയ AI agent അവതരിപ്പിച്ച പ്രധാന ടെക് കമ്പനി?
- Meta
- AI മോഡലുകൾക്ക് 'kill switch' സംബന്ധിച്ച നിയമനടപടികൾ ചർച്ചയായ അമേരിക്കൻ സംസ്ഥാനം?
- California
- AI വികസനത്തിന്റെ വേഗത കുറയ്ക്കണമെന്ന് സെപ്റ്റംബറിൽ ആവശ്യപ്പെട്ട Anthropic CEO?
- Dario Amodei
- Meta അവതരിപ്പിച്ച പുതിയ AI agentന്റെ പേര്?
- Muse

ബി.എസ്.എസ് സംസ്കാര ഭാരതം ഗാനസദസ്സ്

പ്രമീള ഉദ്ഘാടനം ചെയ്തു



സദ്ഭാവനാ ട്രസ്റ്റിന്റെ നേതൃത്വത്തിൽ നടത്തുന്ന പ്രതിമാസ പരിപാടി ഗാനസദസ്സ് ധനകാര്യവകുപ്പ് ജോയിന്റ് സെക്രട്ടറി ഡോ. പ്രമീള ഉദ്ഘാടനം ചെയ്യുന്നു

തിരുവനന്തപുരം: സംസ്കാരഭാരതം ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെടുന്ന പ്രതിമാസ പരിപാടിയായ "പാടാം നമുക്ക് പാടാം" സെപ്റ്റംബർ മാസ പരിപാടി സംസ്ഥാന ധനകാര്യവകുപ്പ് ജോയിന്റ് സെക്രട്ടറി പ്രമീള ഉദ്ഘാടനം ചെയ്തു. സംസ്കാരഭാരതം ട്രസ്റ്റ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ നിരവധി ഗായകർ സംബന്ധിച്ചു. ട്രസ്റ്റ് സെക്രട്ടറി ജയ ശ്രീകുമാർ സ്വാഗതമാശംസിച്ചു. ബി.എസ്. എസ് കൾച്ചറൽ റിലേഷൻസ് ഓഫീസർ സ്മിത മനോജ് കൃതജ്ഞത പ്രകാശിപ്പിച്ചു

ബി.എസ്.എസ് സംസ്കാര ഭാരതം കാവ്യസദസ്സ്

വിജയകുമാരി ഉദ്ഘാടനംചെയ്തു; മികച്ച കവിതയ്ക്കുള്ള പുരസ്കാരം കല്ലിയൂർ വിശ്വംഭരന്





1. സംസ്കാരഭാരതം കാവ്യസദസ്സ് പ്രഭാഷക വിജയകുമാരി ഉദ്ഘാടനം ചെയ്യുന്നു 2. ബ്രഹ്മാനന്ദന്റെ 'സഹകരണ പ്രസ്ഥാനത്തിലൂടെ ജീവിതാനുഭവം' എന്ന പുസ്തകത്തിന്റെ പ്രകാശനം അരുവിക്കര വിൽഫ്രഡിന് നൽകിക്കൊണ്ട് വിജകുമാരി നിർവ്വഹിക്കുന്നു

തിരുവനന്തപുരം: ബി.എസ്.എസ് സംസ്കാരഭാരതം ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെടുന്ന പ്രതിമാസ പരിപാടിയായ കാവ്യസദസ്സിന്റെ സെപ്റ്റംബർ മാസത്തെ ഉദ്ഘാടനം അദ്ധ്യാപികയും പ്രഭാഷകയുമായ വിജയകുമാരി നിർവ്വഹിച്ചു. കവടിയാർ സദ്ഭാവനാ ഭവൻ ആഡിറ്റോറിയത്തിൽ നടന്ന ഉദ്ഘാടനച്ചടങ്ങിൽ സംസ്കാരഭാരതം ട്രസ്റ്റ് ചെയർമാൻ ബി.എസ്.ബാലചന്ദ്രൻ അദ്ധ്യക്ഷനായിരുന്നു. ട്രസ്റ്റ് സെക്രട്ടറി ജയ ശ്രീകുമാർ സ്വാഗതമാശംസിച്ചു.

ചടങ്ങിൽവെച്ച് കാവ്യസദസ്സുകളിൽ അവതരിപ്പിക്കപ്പെട്ട കവിതകളുടെ പുസ്തകമായ 'കാവ്യമാല ഇതൾ 26' എന്ന കൃതിയുടേയും ബ്രഹ്മാനന്ദൻ രചിച്ച 'സഹകരണ പ്രസ്ഥാനത്തിലൂടെ ജീവിതാനുഭവം' എന്ന കൃതിയുടെയും ഉദ്ഘാടക വിജയകുമാരി പ്രകാശനം ചെയ്തു. അരുവിക്കര വിൽഫ്രഡ് പുസ്തകങ്ങൾ ഏറ്റുവാങ്ങി.

കാവ്യസദസ്സിൽ പങ്കെടുത്ത കവികൾ തങ്ങൾ രചിച്ച കവിതകൾ ചൊല്ലി. കാവ്യസദസ്സിൽ അവതരിപ്പിക്കപ്പെട്ട കവിതകളിൽ മികച്ച കവിതയ്ക്കുള്ള പുരസ്കാരം കല്ലിയൂർ വിശ്വംഭരൻ കരസ്ഥമാക്കി. വിശ്വംഭരന് വിജയകുമാരി പുരസ്കാരം സമ്മാനിച്ചു.





1. 'കാവ്യമാല ഇതൾ 26'ന്റെ പ്രകാശനം വിജയകുമാരി നിർവ്വഹിക്കുന്നു. അരുവിക്കര വിൽഫ്രഡ് പുസ്തകം സ്വീകരിക്കുന്നു 2. മികച്ച കവിയ്ക്കുള്ള പുരസ്കാരം കല്ലിയൂർ വിശ്വംഭരൻ വിജയകുമാരിയിൽ നിന്ന് സ്വീകരിക്കുന്നു

"പ്രതിഭകൾക്കൊപ്പം" പരിപാടിയിൽ ചലച്ചിത്ര സംവിധായകൻ രാജസേനൻ



ഭാരത് സേവക് സമാജിന്റെ നേതൃത്വത്തിലെ പ്രതിമാസ പരിപാടിയായ പ്രതിഭകൾക്കൊപ്പം ചലച്ചിത്ര സംവിധായകൻ രാജസേനൻ അഭിസംബോധന ചെയ്യുന്നു

തിരുവനന്തപുരം: ബി.എസ്.എസ് സംഘടിപ്പിക്കുന്ന പ്രതിമാസ പരിപാടിയായ "പ്രതിഭകൾക്കൊപ്പം" പരിപാടിയിൽ ഇക്കുറി ചലച്ചിത്ര സംവിധായകനും തിരക്കഥാകൃത്തുമായ രാജസേനൻ സംവദിക്കാനെത്തി.

ചലച്ചിത്ര രംഗത്തെ വിശേഷങ്ങൾക്കൊപ്പം വിവിധ സാമൂഹിക പ്രശ്നങ്ങളെക്കുറിച്ചും അദ്ദേഹം തന്റെ അഭിപ്രായങ്ങളും കാഴ്ചപ്പാടുകളും പങ്കുവെയ്ക്കുകയുണ്ടായി. ബി.എസ്.എസ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ അദ്ധ്യക്ഷനായ ചടങ്ങിൽ ഡയറക്ടർ ജനറൽ ജയ ശ്രീകുമാർ സ്വാഗതമാശംസിച്ചു. അസിസ്റ്റന്റ് ഡയറക്ടർ ലീനമാത്യു ഏകോപനം നിർവ്വഹിച്ചു.

സത്സംഗം പരിപാടിയിൽ സദസ്യരുമായി സംവദിച്ച് ഡോ.വി.പി. സുഹൈബ് മൗലവി



സദ്ഭാവനാ ആഡിറ്റോറിയത്തിൽ സംഘടിപ്പിച്ച സത്സംഗം പരിപാടിയിൽ പാളയം ഇമാം ഡോ.വി.പി സുഹൈബ് മൗലവി പ്രഭാഷണം നടത്തുന്നു

തിരുവനന്തപുരം: ബി.എസ്.എസിന്റെ പ്രതിമാസ സത്സംഗം പരിപാടിയിൽ ഇക്കുറി ഡോ. വി.പി സുഹൈബ് മൗലവി സദസ്യരുമായി സംവദിച്ചു. ഖുർ ആൻ വ്യാഖ്യാനങ്ങളെക്കുറിച്ച് ഗവേഷണം നടത്തി ഡോക്ടറേറ്റ് ലഭിച്ച മൗലവി വിജ്ഞാനപ്രദമായ പ്രഭാഷണമാണ് കാഴ്ചവെച്ചത്.

Edited, Printed and Published by B.S. Balachandran on behalf of Satbhavana Publishing Chamber, Sri Nikethan, Thycaud P.O, Thiruvananthapuram 695014. Printed at Rainbow Printers, Kumarapuram, for BRN Printers.
Managing Editor: Manju Sreekandan, Chief Editor: Jaya Sreekumar